
OFFICE OF THE OZHUR GRAMA PANCHAYATH

# ജനകീയാസൂത്രണ പദ്ധതി



## ഒഴൂർ ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

OFFICE OF THE OZHUR GRAMA PANCHAYATH

# ജനകീയാസൂത്രണ പദ്ധതി

## ഒഴൂർ ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

## ചീഫ് എഡിറ്റർ

നാസർ മണ്ണിൽ

## എഡിറ്റോറിയൽ സ്റ്റാഫ്

സി.പി പോക്കർ, പഞ്ചായത്ത് പ്രസിഡണ്ട്
പി.കെ പോക്കർ ഹാജി, ബ്ലോക്ക് മെമ്പർ
കെ.പി മുഹമ്മദ് കുട്ടി, പഞ്ചായത്ത് സെക്രട്ടറി
കെ മുഹമ്മദ് നൂഹ് കരിങ്കപ്പാറ
നാരായണൻ മാസ്റ്റർ കെ, പഞ്ചായത്ത് മെമ്പർ
ഇ നാരായണൻ എഴുത്തച്ഛൻ മാസ്റ്റർ
കെ വേലായുധൻ മാസ്റ്റർ
കെ. മുഹമ്മത് കുഞ്ഞിപ്പ
സി.പി. ജമാൽ
ടി.കെ. മുഹമ്മത് ഇക്ബാൽ


## പഞ്ചായത്ത് ഡി.ആർ.പി.മാർ

നാസർ മണ്ണിൽ, കൺവീനർ
മുഹമ്മദ് നൂഹ് കരിങ്കപ്പാറ
പി.എൻ കുഞ്ഞഹമ്മദ് കുട്ടി
കെ.കെ കബീർ
എൻ.വി.എ ലത്തീഫ്
കെ മുഹമ്മദ് കുഞ്ഞിപ്പ
ഇ നാരായണൻ എഴുത്തച്ഛൻ മാസ്റ്റർ
കെ വേലായുധൻ മാസ്റ്റർ
കെ നാരായണൻ മാസ്റ്റർ, പഞ്ചായത്ത് മെമ്പർ
പി മൊയ്തീൻ കുട്ടി


# കോർഗ്രൂപ്പ്

| | | |
|---|---|---|
| ചെയർമാൻ | - | മുഹമ്മദ് നൂഹ് കരിങ്കപ്പാറ |
| കൺവീനർ | - | നാസർ മണ്ണിൽ |
| കൃഷി | - | വി.എ. കരീം ഹാജി<br>എൻ.വി. ലത്തീഫ് |
| വിദ്യാഭ്യാസം | - | ബി. സുരേഷ് മാസ്റ്റർ<br>ബിജു മാസ്റ്റർ<br>എൻ. സൈതാലി |
| വ്യവസായം | - | ശശികുമാർ<br>ഗിരിവാസൻ |
| സഹകരണം | - | സുകുമാരൻ മാസ്റ്റർ<br>ഗതാഗതം, ഊർജ്ജം<br>കെ. മുഹമ്മദ്<br>പി. മൊയ്തീൻ കുട്ടി |
| മൃഗ സംരക്ഷണം | - | കൃഷ്ണൻ എം<br>രവീന്ദ്രൻ ടി |
| കുടിവെള്ളം പൊതുജനാരോഗ്യം | - | കെ.പി. മുഹമ്മദ്,<br>(പഞ്ചായത്ത് സെക്രട്ടറി) |
| വനിത | - | ശാന്ത ഇ,<br>(പഞ്ചായത്ത് മെമ്പർ)<br>പത്മാവതി ടീച്ചർ<br>പള്ളിക്കുട്ടിടി.കെ |
| സാമൂഹ്യക്ഷേമം | - | ടി.കെ നഫീസ,<br>(പഞ്ചായത്ത് മെമ്പർ)<br>കമലാക്ഷി<br>നന്ദിനി |
| പട്ടികജാതി പട്ടിക വർഗ്ഗം | - | ഭാസ്കരൻ കെ.പി<br>അലി വി.ഉ.ഒ |
| സംസ്കാരം | - | കെ.പി ഭാസ്കരൻ<br>ടി ചന്ദ്രൻ |
| വിഭവ സമാഹരണം | - | കെ.കെ കബീർ |


# ഒഴൂർ പഞ്ചായത്തിൻെറ ഭരണസാരഥികൾ



ജന- സി.പി. പോക്കർ A/S കുഞ്ഞിമോൻ
(പ്രസിഡണ്ട്)



ജന. യു. ഹൈദ്രോസ് കുട്ടി ഹാജി
(വൈസ് പ്രസിഡണ്ട്)



ജന. കണേരി കാദർ
(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

## മെമ്പർമാർ

1. ശ്രീ. കെ. നാരായണൻ മാസ്റ്റർ
2. ശ്രീമതി. ഇ. ശാന്ത
3. ശ്രീ. കെ. അബ്ദുറസാഖ്
4. ശ്രീമതി. യു. സുബൈദ
5. ശ്രീമതി. ടി.കെ. നഫീസ
6. ശ്രീ. ടി.പി. ചന്തു
7. ശ്രീ. ബീരാൻ മൊയ്തീൻ മാസ്റ്റർ
8. ശ്രീമതി. ആലുങ്ങൽ കദീജ

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം... | 1 |
| 2 | കൃഷിയും ജലസേചനവും... | 6 |
| 3 | മൃഗസംരക്ഷണം... | 15.1 |
| 4 | വ്യവസായം... | 16 |
| 5 | വിദ്യാഭ്യാസം... | 19 |
| 6 | കുടിവെള്ളം-പൊതുജനാരോഗ്യവും... | 27 |
| 7 | ഗതാഗതം, ഊർജ്ജം... | 33, 44 |
| 8 | സാമൂഹ്യക്ഷേമം... | 48 |
| 9 | സംസ്ക്കാരം... | 54 |
| 10 | വനിതാഗ്രൂപ്പ് ക്രോഡീകരണ റിപ്പോർട്ട്... | 57 |
| 11 | സഹകരണ മേഖല... | 60 |
| 12 | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം.... | 63 |
| 13 | വിഭവസമാഹരണവും സാമ്പത്തികവും... | 68 |
| 14 | ഉപസംഹാരം... | 71 |

# ആമുഖം

ദീർഘകാലത്തെ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ, ഇന്ത്യയുടെ സാമ്പത്തിക സാമൂഹിക അവസ്ഥകൾ വളരെ ശോചനീയമായിരുന്നു.. എട്ട് പഞ്ചവത്സര പദ്ധതികളിലൂടെ നമ്മുടെ രാജ്യം ലോകത്ത് അവഗണിക്കാനാവാത്തയൊരു ശക്തിയായി മാറിയപ്പോഴും രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്വപ്നങ്ങളിലെ ഇന്ത്യയെ വാർത്തെടുക്കുവാൻ നമുക്ക് കഴിഞ്ഞില്ല. *ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ്.* എന്ന് പറഞ്ഞ ഗാന്ധിജി ഗ്രാമ സ്വരാജിലൂടെ സ്വയം സമ്പൂർണ്ണമായ ഗ്രാമങ്ങളെയാണ് സ്വപ്നം കണ്ടിരുന്നത്. എട്ട് പഞ്ചവത്സര പദ്ധതികളിലും ജന പങ്കാളിത്തമില്ലാതെ കേന്ദ്രീകൃത ആസൂത്രണത്തിലൂടെ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ ഗ്രാമീണ ജനതയുടെ യഥാർത്ഥ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയം സംഭവിച്ചിട്ടുണ്ട്. ആസൂത്രണത്തിലും, പദ്ധതി നടത്തിപ്പിലും ജനപങ്കാളിത്തത്തിന്റെ അഭാവം മൂലം പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം നേരിടുകയും അതുവഴി രാജ്യത്തിന് വമ്പിച്ച സാമ്പത്തിക നഷ്ടം നേരിടുകയും ചെയ്തു. ഈ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടിട്ടാണ് കേരളത്തിന്റെ 9-ാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയായി രൂപവൽക്കരിക്കുവാൻ സംസ്ഥാന ഗവൺമെൻറ് തീരുമാനിച്ചത്. *പഞ്ചായത്ത് രാജ്* നിയമപ്രകാരം നിലവിൽ വന്ന ത്രിതല പഞ്ചായത്ത് ഭരണസമിതികളുടെ നേതൃത്വത്തിൽ, ജാതി, മത, രാഷ്ട്രീയ പരിഗണനകൾക്ക അതീതമായി, ജനങ്ങൾ പദ്ധതി ആസൂത്രണത്തിൽ പങ്കാളികളായിക്കൊണ്ടിരിക്കുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശ പ്രകാരം, ഒഴൂർ പഞ്ചായത്തിൽ നിന്നും 8 പേർ

ഡി.ആർ.പി. മാരായി ഒന്നാംഘട്ട പരിശീലനത്തിൽ പങ്കെടുത്തു. ശേഷം പഞ്ചായത്തിലെ 11 വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 65 പേർക്ക് പഞ്ചായത്ത്തല ഏകദിന ശിൽപ്പശാലയിൽ എൽ.ആർ.പി. പരിശീലനം നൽകി. ഈ പരിശീലനത്തിൽ വെച്ച്തന്നെ, വാർഡുകൾ തോറും നടത്തേണ്ട വിശേഷാൽ ഗ്രാമസഭകളിൽ വമ്പിച്ച ജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു. തുടർന്ന് ഓരോവാർഡുകളിലും ഡി.ആർ.പി.മാർ, എൽ.ആർ.പി. മാർ, സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ, ഉദ്യോഗസ്ഥ പ്രതിനിധികൾ ഉൾപ്പെട്ട അതി വിപുലമായ സ്വാഗതസംഘം രൂപീകരിക്കുകയും ഗ്രാമസഭകളിൽ ജനകീയ പങ്കാളിത്തവും, വിശേഷിച്ച് വനിതാ സാന്നിദ്ധ്യവും ഉറപ്പുവരുത്തുന്നതിന് വീടുകൾ കയറിയിറങ്ങി സ്ക്വാർഡ് പ്രവർത്തനം നടത്തുകയും പ്രധാന കേന്ദ്രങ്ങളിൽ ബാനറുകളും പോസ്റ്ററുകളും സ്ഥാപിക്കുകയും ചെയ്തു. കൂടാതെ ഓരോ വാർഡിലും വിളമ്പര ജാഥകളും, മൈക്ക അനൗൺസ്മെൻറുകളും മറ്റും നടത്തി. കഴിഞ്ഞ ഒക്ടോബർ നാലാം തീയതിയോട് കൂടി എല്ലാവാർഡുകളിലും ഗ്രാമസഭാ യോഗങ്ങൾ നടത്തി. ഓരോ ഗ്രാമ സഭയിലും, 150 മുതൽ 400 വരെ വോട്ടർമാർ സന്നിഹിതരായി. ഗ്രാമസഭകളിലെ വനിതാ പ്രാതിനിധ്യം ശ്രദ്ധേയമായിരുന്നു, ഓരോ ഗ്രാമ സഭകളിലും 4 ഗ്രൂപ്പുകളായി തിരിഞ്ഞ് 12 വിഷയങ്ങളെ സമ്പന്ധിച്ച് ഡി.ആർ.പി. മാരുടേയും എൽ.ആർ.പി. മാരുടേയും നേതൃത്വത്തിൽ വിശദമായ ചർച്ചകൾ നടത്തി. ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും, ആവശ്യങ്ങളും ക്രോഡീകരിക്കുന്നതിന്നും റിപ്പോർട്ട് തയ്യാറാക്കുന്നതിനും സഭകളിൽ നിന്നും തെരഞ്ഞെടുത്ത ഗ്രൂപ്പ് ലീഡർമാരെ അധികാര പ്പെടുത്തി. ഗ്രാമസഭായോഗങ്ങളുടെ സമാപനത്തിൽ വിവിധ നാടൻ കലാപരിപാടികൾ അവതരിപ്പിച്ചു.

## പഞ്ചായത്ത് പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | - ഒഴൂർ |
| റവന്യൂ വില്ലേജിൻെറ പേര് | ഒഴൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | ഒഴൂർ |
| ബ്ലോക്ക് പഞ്ചായത്ത് | താനൂർ |
| താലൂക്ക് | തിരൂർ |
| ജില്ല | മലപ്പുറം |
| അസംബ്ലി മണ്ഡലം | താനൂർ |
| വിസ്തുർണ്ണം | 16.2. ച.കി.മി |
| ജനസംഖ്യ | 26384 |
| വാർഡുകളുടെ എണ്ണം | - 11 |
| പ്രസിഡ്ണ്ട് | - ജ. സി.പി. പോക്കർ |
| വൈസ്. പ്രസിഡണ്ട് | - ജ. യു ഹൈദ്രോസ് കുട്ടി ഹാജി |
| സ്റ്റൻഡിങ്ങ് കമ്മറ്റി ചെയർമാൻ | -ജ.കണിയേരി ഖാദർ |

## ഭൂപ്രകൃതിയും സാമൂഹിക, സാംസ്ക്കാരിക ചരിത്രവും

ബ്രിട്ടീഷ് ആധിപത്യത്തിന്നെതിരെ രാജ്യത്താകമാനം നടന്ന സ്വാതന്ത്ര സമരത്തോടൊപ്പം, മലബാർ പ്രദേശത്ത് നടന്ന മലബാർ കലാപമെന്ന സ്വാതന്ത്രസമരത്തെ അടിച്ചമർത്തുന്നതിന് വേണ്ടി, ബ്രിട്ടീഷ് ഭരണാധികാരികൾ അന്നത്തെ ജൻമി നാടുവാഴികളെ കൂട്ടുപിടിക്കുകയും സമരത്തിൽ പങ്കെടുത്തിരുന്നവർക്കെതിരെ കൊടിയ മർദ്ധനമുറകൾ സ്വീകരിക്കുകയും ചെയ്തു. അതിൻെറ ഭാഗമായി നടന്ന വെടിവെപ്പിൽ ജ. കക്കോടി മൊല്ല മൊയ്തിൻകുട്ടി, കുഞ്ഞാവുക്കർ എന്നിവർ വെടിയേറ്റ് മരിച്ചു. സമര വിരോധികൾ ചതിച്ചതിൻെറ ഫലമായി ചിറ്റമ്പലം ചേക്കുട്ടി, അത്താമുട്ടി എന്നിവർ പിടിക്കപ്പെടുകയും, പട്ടാളക്കാരൻെറ തോക്കിന് മുമ്പിൽ സ്വന്തം രാജ്യത്തിന് വേണ്ടി വിരിമാറ് കാണിച്ച് വെടിയേറ്റ് മരിക്കുകയും ചെയ്തിട്ടുണ്ട്. സമരത്തിൽ

പങ്കെടുത്തു എന്ന ഒറ്റ കാരണത്തിൻെറ പേരിൽ, കമ്മുമൊല്ല, പിലാതോട്ടത്തിൽ മുഹമ്മദാജി, തലൂക്കാട്ടിൽ മുസ്സക്കുട്ടി, പുത്തൻ പീടിയേക്കൽ കുഞ്ഞീതു, ടി.കെ. മരക്കാർ, കക്കോടി വലിയ ജമാലുട്ടി, ചെറിയ ജമാലുട്ടി, തടത്തിൽ മമ്മതു, അയ്യമുള്ളിതറമ്മൽ അയമ്മുട്ടി, ഞാറക്കടവത്ത് കുഞ്ഞീതുട്ടി, ചോലക്കടത്തിൽ മൂസ്സ, നെച്ചിക്കാട്ട് മുത്തു, സെയ്താലി തുടങ്ങിയവരും മറ്റു നിരവധി ആളുകളും, 10 മുതൽ 20 വർഷം വരെ ജയിൽ ശിക്ഷ അനുഭവിച്ചവരിൽപ്പെടുന്നു. ജൻമനാടിനെ കീഴടക്കിയ ബ്രിട്ടീഷ് ഭരത്തോടുള്ള കഠിനമായ എതിർപ്പ്, ബ്രിട്ടീഷ്കാർ നടപ്പിലാക്കിയ ഇംഗ്ലിഷ് വിദ്യാഭ്യാസം ബഹിഷ്ക്കരിക്കുന്നതിന് അന്നത്തെ ഭൂരിപക്ഷം ജനവിഭാഗത്തെ പ്രേരിപ്പിച്ചതിൻെറ ഫലമായാണ് ആ വിഭാഗം വിദ്യാഭ്യാസ രംഗത്തും, അതുവഴി ജീവിതത്തിൻെറ നാനാതുറകളിലും പിന്നോക്കം പോകാൻ കാരണം.

പഴയകാലം മുതൽക്ക് തന്നെ പഞ്ചായത്തിൽ ഹിന്ദുക്കളും, മുസ്ളിങ്ങളും സൗഹാർദ്ദത്തിലായിരുന്നു. അറിയപ്പെട്ടിരുന്ന പണ്ഡിതനും സൂഫീവര്യനുമായിരുന്ന ഓമച്ചപ്പുഴ മർഹൂം പരിക്കോട്ടിൽ അബൂബക്കർ കുട്ടി മുസ്ലിയാർ മന്ത്രിച്ച് നൽകിയ വെള്ളമാണ് രാവുണ്ണിയാശാരിയുടെ പേവിഷബാധ മാറാൻ ഹേതുവായത്. മലബാർ കലാപത്തിൽ പങ്കെടുത്ത സൂപ്പിക്കുട്ടിയെ പട്ടാളം പിടിക്കാൻ ശ്രമം നടത്തിയപ്പോൾ പട്ടികജാതിയിൽപെട്ട ഒരു സ്ത്രീ പായനെയ്യാൻ വെച്ച കൈതോലക്കുള്ളിൽ ഒളിപ്പിച്ചാണ് അദ്ദേഹത്തെ രക്ഷിച്ചത്.

സ്വാതന്ത്ര്യത്തിന് ശേഷവും ഈ പ്രദേശങ്ങളിൽ കടുത്ത ജാതി-വിവേചനവും തൊട്ടുകൂടായ്മയും നിലനിന്നിരുന്നു. ഇതിനെതിരായി കേളപ്പജിയുടെ ശിഷ്യനായിരുന്ന കറുത്താട്ടിൽ ബാലചന്ദ്രമേനോൻെറ നേതൃത്വത്തിൽ താഴ്ന്ന ജാതിക്കാരായ ആളുകളെ അമ്പലത്തിൽ കയറ്റുക, അമ്പലക്കുളത്തിൽ കുളിപ്പിക്കുക തുടങ്ങിയ സമരമുറകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രദേശത്തെ ഹിന്ദുക്കളും, മുസ്ലികളും പഴയകാലം മുതൽ തന്നെ നടത്തിവരുന്ന ഉത്സവങ്ങളും നേർച്ചകളും എടുത്തുപറയത്തക്കതാണ്. അയ്യയയിലെ ഭഗവതിത്തറ ആട്ട്, കക്കാട്ട്കുന്ന് വേല, ചേന്നംകുളം ഭഗവതിയാട്ട്, വിവിധ കുടുംബ ക്ഷേത്രങ്ങളിൽ നടത്താറുള്ള കലങ്കരി, ക്ഷേത്രങ്ങളിൽ നടത്തപ്പെടുന്ന ഉത്സവങ്ങൾ, അയ്യായ നേർച്ച, പുത്തൻപള്ളി നേർച്ച തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ വിവിധ വിഭാഗം ജനങ്ങൾക്കിടയിലെ സാഹോദര്യവും കൂട്ടായ്മയും ദൃഢപ്പെടുന്നു.

പഞ്ചായത്തിൻെറ തെക്കേ അറ്റത്ത് അയ്യായ എന്ന സ്ഥലത്ത് ടിപ്പുവിൻെറ ഭരണകാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് പറയുന്ന *നരിമട* എന്ന പേരിൽ ഒരു ഗുഹ സ്ഥിതി ചെയ്യുന്നു. ഈ ഗുഹ ഒഴൂർ പഞ്ചായത്തിനേയും പൊൻമുണ്ടം പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഭൂഗർഭ പാതയാണെന്നാണ് ജനങ്ങളുടെ അഭിപ്രായം. ഗുഹയുടെ മുൻഭാഗം ആർച്ച് രൂപത്തിലും അടിഭാഗം നിരപ്പായതുമാണ്. ഈ ഗുഹയുടെ ചരിത്രപരമായ പ്രാധാന്യത്തെക്കുറിച്ച് വിശദമായ അന്വേഷണം ഇനിയും നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തലെ സാമൂഹ്യ രാഷ്ട്രീയ രംഗത്ത് നിരവധിയാളുകൾ പ്രവർത്തിച്ചിട്ടുണ്ട്. ഊരോത്തിൽ കുഞ്ഞിൻകുട്ടി, വടുതല സെയ്തലവി മൊല്ല, കെ.പി. അഹമ്മദ് കുട്ടി, എന്നിവർ മുസ്ലീംലീഗ് പ്രചാര രംഗത്തും, കരുണാകര മേനോൻ, ഗോവിന്ദൻ കുട്ടി മേനോൻ, സി.പി. ബാപ്പുഹാജി എന്നിവർ കോൺഗ്രസ് രംഗത്തും, വി.പി. വിശ്വനാഥമേനോൻ, തട്ടാൻ ചാത്തുക്കുട്ടി എന്നിവർ കമ്മ്യൂണിസ്റ്റ് പാർട്ടി, രംഗത്തും ടി.ദേവദാസ് തിരുവങ്ങാട്ട് കറപ്പൻ തുടങ്ങിയവർ ഈ പാർട്ടിരംഗത്തും ജനസംഘം പ്രവർത്തിച്ചിരുന്നവരാണ്. ഇതുമായി ബന്ധപ്പെട്ട് പല ദേശീയ നേതാക്കളും ഈ പഞ്ചായത്ത് സന്ദർശിച്ചിട്ടുണ്ട്.

അടിയന്തിരാവസ്ഥ കാലത്ത് നിരവധിയാളുകൾ ജയിൽവാസം അനുഷ്ടിച്ചിട്ടുണ്ട് 1957ലെ വിമോചന

സമരത്തെ എതിർത്തവരും അനുകൂലിച്ചവരും ഈ പഞ്ചായത്തിലുണ്ട്.

അറബിക്കടലിൽ നിന്ന് ഏകദേശം 7 കി.മി. കിഴക്കുമാറി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിൻെറ ഭൂപ്രകൃതിയെ കുറിച്ച് വിശകലനം ചെയ്യുക എന്നത് വളരെ ക്ലേശകരമാണ്. ഈ പഞ്ചായത്തിനെ പൊതുവെ രണ്ട് മേഖലകളാക്കി തിരിക്കാം. കിഴക്കൻ മേഖലയും, പടിഞ്ഞാറൻ മേഖലയും പടിഞ്ഞാറൻ മേഖലയിൽ 95% മണൽ പ്രദേശമാണ്. ഈ പ്രദേശങ്ങളിൽ നെല്ല്, തെങ്ങ്, വെറ്റില, കമുക് എന്നീകൃഷികൾ നടത്തുന്നുണ്ട്. കുരുമുളക്, വാഴ, ചേമ്പ് എന്നിവ ഇടവിളയായും കൃഷിചെയ്യുന്നു. ഈ പഞ്ചായത്തിലെ കിഴക്കൻ മേഖല ഉയർന്ന കുന്നിൻ പ്രദേശങ്ങളും, കുന്നിൻ ചെരിവുകളും, സമതലപ്രദേശങ്ങളും അടങ്ങിയതാണ്. വയലുകളും കാണപ്പെടുന്നു. തെങ്ങ്, കമുക്, വെറ്റില എന്നിവ ഇവിടുത്തെ പ്രധാന കൃഷിയും, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ ഇടവിളകളാണ്. ഇവിടെ ചെമ്മണ്ണ് പ്രദേശം, കരിമ്പാറ പ്രദേശം എന്നിങ്ങനെ തിരിക്കാം. വെട്ടത്തുനാട് അഥവാ താനൂർ സ്വരൂപത്തിൻെറ ഭാഗമായിരുന്ന ഈ പഞ്ചായത്തിന് ബ്രിട്ടീഷ്കാർ *ഒഴൂർ* എന്ന പേർ നൽകുകയും പഞ്ചായത്തിൽ പോസ്റ്റോഫീസ് വന്നതിന് ശേഷം *ഒഴൂർ* എന്ന് നാമകരണം ചെയ്തതായും പറയപ്പെടുന്നു. ഒഴൂരിൻെറ അതിർത്തിയിലൂടെ ഒഴുകുന്ന തോട്, എല്ലാ മഴക്കാലത്തും ഇപ്പോഴുള്ള ഒഴൂർ പുത്തൻ തെരുപാലത്തിൻെറ ഭാഗം പൊട്ടിയൊഴുകി ഇപ്പോഴുള്ള റോഡിൻെറ സ്ഥാനത്തുണ്ടായിരുന്ന തോട്ടിലൂടെ മാറഞ്ചേരി പാടവും, കുളവും, ഒഴൂർ വിഷ്ണു ക്ഷേത്രക്കുളവും കവിഞ്ഞ് സ്ഥിരം വെള്ളം ഒഴുകികൊണ്ടിരിക്കുന്ന ഒഴുകുളത്തിലെ വെള്ളവും ചേർന്ന് ചേന്നം കുളത്തിൽ നിന്ന് തുടങ്ങുന്ന തോട്ടിൻെറ പകുതിഭാഗത്ത് ചെന്ന് ചേർന്നിരുന്ന തോട് ഇപ്പോൾ അയ്യായ പാടത്തേക്ക് ഒഴുകുകയും ചെയ്യുന്നു. ഇവയെല്ലാം പാലക്കൽ തോട്വഴി തലക്കടത്തൂർ പുഴയിൽ ചെന്ന് ചേരുന്നു. ഇത്രയേറെ തോടുകളും കുളങ്ങളും ഒഴുകുന്ന ഊരായതിനാലാണ് *ഒഴൂർ* എന്ന് വന്നതെന്നും പഴമക്കാർ പറയുന്നു.

ഒഴൂരിലും അയ്യായയിലും പഞ്ചായത്തിന് സ്വന്തമായി കെട്ടിടങ്ങളും സ്ഥലവും ഇല്ലാത്തതിനാൽ ഓമച്ചപ്പുഴ സ്വദേശിയായ ഊരോത്തിൽ മരക്കാർഹാജിയുടെ മകനും മുൻ പഞ്ചായത്ത് മെമ്പറും ആയിരുന്ന മർഹും. കുഞ്ഞീൻഹാജി പുൽപ്പറമ്പ് എന്നസ്ഥലത്ത് സൗജന്യമായി നൽകിയ സ്ഥലത്താണ് ഇപ്പോൾ പഞ്ചായത്താസ്ഥാനം സ്ഥിതിചെയ്യുന്നത്. 1975ൽ അന്നത്തെ പഞ്ചായത്ത് വകുപ്പ്മന്ത്രിയും പിന്നീട് കേരള സംസ്ഥാനത്തിൻെറ ഉപ മുഖ്യമന്ത്രിയും ഇന്നത്തെ സ്ഥലം എം.എൽ.എ. പി.കെ. അബ്ദുറബ്ബിൻെറ പിതാവുമായ മർഹും ജ. അവുക്കാദിർ കുട്ടിനഹ സാഹിബാണ് പഞ്ചായത്ത് ആസ്ഥാനമന്ദിരത്തിൻെറ ഉൽഘാടന കർമ്മം നിർവ്വഹിച്ചത്. അന്നത്തെ ഈ പഞ്ചായത്തിൻെറ പ്രസിഡണ്ട് ജനാബ് പാലരക്കാട്ട് കല്ലിങ്ങൽ കുഞ്ഞിമൊയ്തിൻ സാഹിബായിരുന്നു. ഈ പഞ്ചായത്തിൻെറ മുൻകാല പ്രസിഡണ്ടുമാരായി ഊരോത്തിൽ കുഞ്ഞാലി, സി.പി. അലവിക്കുട്ടി ഹാജി എന്നിവർ സേവനമനുഷ്ടിച്ചിട്ടുണ്ട്.

1951ലാണ് ഒഴൂർ പഞ്ചായത്തും അതിനിശേഷമാണ് ഓമച്ചപ്പുഴ പഞ്ചായത്തും നിലവിൽ വന്നത്. ഒഴൂർ. എരണല്ലൂർ, അയ്യായ, തലക്കട്ടൂർ, കോറാട്, കുറിവട്ടിശ്ശേരി ദേശങ്ങൾ ഉൾപ്പെട്ട പ്രദേശം ഒഴൂർ പഞ്ചായത്തും ഓമച്ചപ്പുഴ, മണലിപ്പുഴ, കരിങ്കപ്പാറ, പെരിഞ്ചേരി, മേൽമുറി എന്നീദേശങ്ങൾ ഉൾപ്പെട്ട പ്രദേശം ഓമച്ചപ്പഴ പഞ്ചായത്തായും അറിയപ്പെട്ടിരുന്നു. 1962ൽ ഈ രണ്ട് പഞ്ചായത്തുകൾ സംയോജിപ്പിച്ച് ഒഴൂർ പഞ്ചായത്ത് എന്ന ഏക പഞ്ചായത്തായി മാറി. ആദ്യത്തെ ഒഴൂർ പഞ്ചായത്തിൻെറ പ്രഥമ പ്രസിഡണ്ട് ശ്രീ. എൻ.പി. കരുണാകര മേനോനും പിന്നീട് രാഘവമേനോൻ, ഒ. രാമൻനായർ എന്നിവരും പ്രസിഡണ്ട് സ്ഥാനം വഹിച്ചിട്ടുണ്ട്., സി.പി. കുട്ടിരായു എന്ന ബാപ്പഹാജി ആദ്യ ഒഴൂർ പഞ്ചായത്തിൻെറ വൈസ് പ്രസിഡണ്ട് സ്ഥാനവും വഹിച്ചിട്ടുണ്ട്. ഓമച്ചപ്പുഴ പഞ്ചായത്തിൻെറ പ്രഥമ

പ്രസിഡണ്ട് മർഹൂം ഊരോത്തീൽ കുഞ്ഞിൻകുട്ടിയായിരുന്നു. ആദ്യത്തെ ഒഴൂർ പഞ്ചായത്തിൻെറ ആസ്ഥാനം ഒഴൂരിലും, ഓമച്ചപ്പുഴ പഞ്ചായത്തിൻെറ ആസ്ഥാനം ഓമച്ചപ്പുഴ നാലിടവഴിയിലും ആയിരുന്നു. സംയോജനത്തെതുടർന്ന് പഞ്ചായത്തിൻെറ ആസ്ഥാനം ഒഴൂരിലും അയ്യായയിലും പ്രവർത്തിച്ചിട്ടുണ്ട്. സംയുക്ത ഒഴൂർ പഞ്ചായത്തിൻെറ പ്രഥമ പ്രസിഡണ്ട് ജനാബ് പി.പി. ഉണ്ണീൻ എന്ന ബാപ്പുഹാജിയായിരുന്നു. വൈസ് പ്രസിഡണ്ട് ഗോവിന്ദൻകുട്ടി മേനോനും, തിത്താച്ചുമ്മ, സി.പി അലവിക്കുട്ടി, എം. കുഞ്ഞിമരക്കാർ, വി. കുഞ്ഞീൻകുട്ടി, പികെ കുഞ്ഞിമൊയ്തു, കെ.പി. നാരായണൻ എന്നിവർ മെമ്പർമാരായിരുന്നു.

ഈ പ്രദേശത്തെ ഭൂസ്വത്തുക്കൾ 95 ശതമാനവും ജൻമി കുടുംബങ്ങളുടെ കൈവശത്തിലായിരുന്നു. കറുത്താട്ടിൽ തറവാടും പന്നിക്കാട്ട് ഇല്ലം, നെല്ലൂർ ഭണ്ഡാരം കോടിയേരി തറവാട്, മുതലായവ ജൻമികളിൽ ഉൾപ്പെടുന്നു. ഒഴൂർ പഞ്ചായത്ത് നിലവിൽ വരുന്നതിൻെറ ഏകദേശം 10 വർഷങ്ങൾക്ക് മുമ്പ് രണ്ട് ഘട്ടങ്ങളിലായി ഭീകരമായ കൊടും കാറ്റും വെള്ളപ്പൊക്കവും ഉണ്ടായിട്ടുണ്ട്. ഇതിൻെറ ഫലമായി 1943ൽ കോളറ എന്ന രോഗവും പടർന്നുപിടിച്ചിരുന്നു. കൊടുംകാറ്റിലും വെള്ളപൊക്കത്തെലും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ധാരാളം മരങ്ങളും വീടുകളും നശിച്ചുപോയതായി പറയപ്പെടുന്നു. ഇതിൻെറ തെളിവെന്നൊണം പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ അതിൽ നശിച്ച മരങ്ങളുടേയും വീടുകളുടെ അരികിലുള്ള പഴയ കിണറുകളും കണ്ടുകിട്ടിയിട്ടുണ്ട്.

1910 കാലഘട്ടത്തിലും അതിനുശേഷവും വിദ്യ അഭ്യസിക്കുന്നതിന് എഴുത്തുപള്ളികളും ഓത്ത്പള്ളികളുമാണ് അന്നത്തെപൂർവ്വികർ ആശ്രയിച്ചിരുന്നത്. ഈ ഓത്തുപ്പള്ളിയിൽ നിന്നുള്ള അറബി മലയാള പഠനം ഒരു വിധത്തിൽ ജനങ്ങളെ സാക്ഷരരാക്കിയിരുന്നു. നെച്ചിക്കാട്ട് മമ്മൂട്ടി മുസ്ല്യാർ, കെ.പി. അഹമ്മദ് കുട്ടി മുസ്ലായാർ തുടങ്ങിയവർ ഓത്ത് പഠിപ്പിച്ചിരുന്നു. കണ്ണത്ത് ദാമോധര മേനോനുംമറ്റു ചിലരും എഴുത്തുപള്ളിക്ക് ഇതിന് നേതൃത്വം നൽകിയവരിൽപ്പെടുന്നു.

ഒഴൂർ പഞ്ചായത്തിൽ ആദ്യമായി സ്ക്കൂൾ വിദ്യാഭ്യാസം ആരംഭിച്ചത് മണലിപ്പുഴയിലും, ഓമച്ചപ്പുഴയിലും, ഓഴൂരിലുമാണെന്ന് പറയപ്പെടുന്നു. എന്നിരുന്നാലും കരിങ്കപ്പറയിലും ഒഴൂരിലുമുള്ള എൽ.പി.സ്ക്കൂളുകൾ 1915ൽ സ്ഥാപിച്ചതാണെന്ന് രേഖകളിൽ കാണുന്നു. പഞ്ചായത്തിലെ റോഡുകളിൽ ആദ്യം നിർമ്മിച്ചത് അയ്യായ-വെള്ളച്ചാൽ, വെള്ളച്ചാൽ-തെയ്യാല എന്നീറോഡുകളാമാണ്. വാഹനഗതാഗതം അക്കാലം മുതലേ പഞ്ചായത്തിൽ കുറവാണ്. യാത്രാസൗകര്യത്തിന് മഞ്ചലുകളെയായിരുന്നു അക്കാലങ്ങളിൽ ജനങ്ങൾ ഉപയോഗിച്ചിരുന്നത്. 1951ന് ശേഷമാണ് ഒഴൂർ പഞ്ചായത്തിൽ പോസ്റ്റ് ഓഫീസ് നിലവിൽ വന്നത്. ഓനച്ചപ്പുഴ മണലിപ്പുഴ ഭാഗങ്ങളിൽ വെള്ളം തങ്ങിനിന്ന് പുഴപോലെയാവുകയും കടത്തുതോണികൾ ഇവിടെയാത്രക്ക് ഉപയോഗിച്ചതായും പറയുന്നു. കോൽക്കളി, പരിജമുട്ടുകളി, പടക്കളി, ദഫ്മുട്ട്, കാറത്തട്ട്, കൈകൊട്ടിപ്പാട്ട്, കന്ന് ഊർച്ചകൾ എന്നിവയാണ് പഞ്ചായത്തിലെ ആദ്യകാല വിനോദങ്ങൾ

പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ കണക്കനുസരിച്ച് 25364 ആകുന്നു. ഇതിൽ 12728 സ്ത്രീകളും 12636 പുരുഷൻമാരുമായിരുന്നു. 1996ലെ വിവരശേഖരകണക്കുപ്രകാരം 26384 ആണ് പഞ്ചായത്തിലെ ജനസംഖ്യ.

ധാരാളം പ്രശ്നങ്ങളും, പരാതികളും പഞ്ചായത്തിനുണ്ട്. ജനപങ്കാളിത്തത്തോടെ അവ പരിഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

# കൃഷിയും ജലസേചനവും

ഒഴൂർ പഞ്ചായത്ത് പൊതുവെ ഒരു കാർഷിക ഗ്രാമമാണ്. അഞ്ച് കുന്നിൻ പ്രദേശങ്ങളും, താഴ്‌വരകളിലൂളള നെൽവയലുകളും, നിരപ്പായ പ്രദേശങ്ങളും അടങ്ങിയതാണു് ഇവിടുത്തെ ഭൂപ്രദേശം. മുഖ്യ കൃഷി തെങ്ങ്, നെല്ല് എന്നിവയും ഇടവിളകളായി കവുങ്ങ്, വെറ്റില, വാഴ മുതലായവയും കൃഷി ചെയ്യുന്നു. പഴയ കാലങ്ങളിൽ ജനങ്ങളുടെ മുഖ്യ ജീവനോ പാധി കൃഷിയും, അതുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളുമായിരുന്നു.

ഭൂപ്രദേശത്തിൻെറ നിമ്നോന്നതയെ അടിസ്ഥാനപ്പെടുത്തി ഈ പ്രദേശത്തെ പലതായി തരം തിരിക്കാമെങ്കിലും. ഈ ഗ്രാമത്തിൽ സമുദ്രനിരപ്പിൽ നിന്നും ഏറ്റവും ഉയർന്ന് നിൽക്കുന്നത് മണലിപ്പുഴ നിരപ്പിൻമുകൾ കുന്നാണു്. കൂടാതെ അയ്യായകുന്ന്, പുതികുന്ന് (പെരിഞ്ചേരി), ചുരങ്ങരകുന്ന്, ഒഴൂർ തെക്കെക്കരെക്കുന്ന്, കരിങ്കപ്പാറ കുന്നക്കാടു് എന്നീ പ്രദേശങ്ങളും ഉൾപ്പെടുന്നു. ഈ പ്രദേശങ്ങളെല്ലാം കൂടി കൂട്ടി പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 1585-5244 ഹെക്ടർ. മിക്കവാറും എല്ലാതോടുകളും മറ്റു് പഞ്ചായത്തുകളിലെ തോടുകളിൽ ചെന്ന് ചേരുകയാണു്. ഭൂരിഭാഗം ഭൂ ഉടമസ്ഥരും 50 സെൻറിൽ താഴെ ഭൂമി കൈവശമുളളവരാണു്. ഇതു് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| പട്ടിക - 1 | | | |
|---|---|---|---|
| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ |
| 1 | ഒരു ഹെക്ടറിൽ താഴെ | 3480 | 1574.0059 |
| 2 | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 70 | 120.0081 |
| 3 | 2 ഹെക്ടറിനു് കളിൽ | – | – |

| പട്ടിക-2 ഭൂപ്രകൃതി | | | |
|---|---|---|---|
| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ശതമാനം |
| 1 | താഴ്വരകൾ | – | – |
| 2 | ഉയർന്നപ്രദേശം | 316ഹെക്ടർ | 20% |
| 3 | കുത്തനെയുള്ള ചെരിവ് | – | – |
| 4 | മിതമായ ചെരിവുള്ള കുന്ന് | 120 ഹെ. | 15% |

| പട്ടിക-3 ഭൂവിനിയോഗം | | | |
|---|---|---|---|
| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
| 1 | മിശ്രിതവിളകൾ | 160 ഹെ. | 10% |
| 2 | തെങ്ങ് | 1009 ഹെ | 65% |
| 3 | മിശ്രമരങ്ങൾ | – | – |
| 4 | റബർ | – | – |
| 5 | കശുമാവ് | 5 ഹെ. | – |
| 6 | ചാരിക്കുളം | — | – |
| 7 | ചതുപ്പ് നിലം | – | – |
| 8 | കൃഷിക്കനുയോജ്യമായ തരിശുഭൂമി | – | - |
| 9 | നെല്ല് | 400 ഹെ. | 25% |

ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിൻേറത് 0.07 ഹെക്ടറാണെങ്കിൽ ഒഴൂർ പഞ്ചായത്തിലേത് ഇത് 0.06 ആണ്. ആദ്യ കാലം മുതൽ കൃഷിക്കാർ നെൽകൃഷിയെക്കാളുപരി തെങ്ങ് കൃഷിക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നു. നെൽകൃഷി ഇപ്പോൾ താരതമ്യേന കുറവാണ്. ഈ പഞ്ചായത്തിൽ മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. കൂടാതെ തോടുകൾ, കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ പരസ്പര ധാരണയോടെ ചിറകെട്ടി സംരക്ഷിച്ച് കൃഷിക്ക് വേണ്ടി ഉപയോഗിച്ചിരുന്നു. (നെൽകൃഷിക്ക് വേണ്ടി) ആദ്യകാലങ്ങളിൽ പഞ്ചായത്തിലെ കൃഷി ഭൂമിയുടെ ഉടമസ്ഥർ ഭൂരിഭാഗവും വൻകിട ജൻമിമാരായിരുന്നു.

ഈ പഞ്ചായത്തിലെ മൊത്തം കൃഷിയിടത്തിൻെറ 70% ശതമാനം തെങ്ങ് കൃഷിയാണ്. ആദ്യകാലങ്ങളിൽ നെൽ കൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ പോലും ഇന്ന് മണ്ണിട്ടു തൂർത്ത് കൃഷിക്കാർ തെങ്ങ് കൃഷിക്കും, കവുങ്ങ് കൃഷിക്ക് ഉപയോഗപ്പെടുത്തുന്നു. തെങ്ങ് കൃഷിയിലേക്ക് കൃഷിക്കാർ തിരിയാൻ കാരണം നെൽകൃഷിയിലെ നഷ്ടവും, ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള അജ്ഞതയുമാണ്. കൂടാതെ വിപണന

സാധ്യതയിൽ മുൻതൂക്കവും തെങ്ങ് കൃഷിക്കാണ്. പഞ്ചായത്തിലെ ചിലയിടങ്ങളായ ഓമച്ചപ്പുഴ, പെരിഞ്ചേരി, മണലിപ്പുഴ എന്നീ ഭാഗങ്ങളിൽ വെള്ളത്തിൻെറ നീർക്കെട്ട് മൂലം നെൽകൃഷി നശിച്ചുപോകാനും കാരണമാകുന്നു. ആകെ ഭൂമിയുടെ 35% നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. എന്നാൽ ഇപ്പോൾ അത് 20%മായി ചുരുങ്ങിയിരിക്കുന്നു. മിക്കവാറും എല്ലാ കർഷകരും നാടൻ വിത്തിനങ്ങളായ തെക്കൻ ചിറ്റേനി, വടക്കൻ ചിറ്റേനി, ചുവന്ന ചീര തുടങ്ങിയ ഉല്പാദനക്ഷമത കുറഞ്ഞ വിത്തുകളാണ് ഉപയോഗിക്കുന്നത്. പറമ്പുകളിൽ മോഡേൺ നെല്ല്, രായി, പയർ, എള്ള് തുടങ്ങിയവ കൃഷി ചെയ്യുന്ന രീതി പൂർണ്ണമായും നിലച്ചിരിക്കുന്നു. രാസവളങ്ങളുടേയും, ജൈവവളങ്ങളുടേയും ഉപയോഗം ശാസ്ത്രീയമല്ല.

പാടങ്ങളിൽ ഇടവിളയായി എള്ള്, പയർ, മത്തൻ, വെള്ളരി എന്നിവ കൃഷി ചെയ്ത് വരുന്നു. ജലസേചനത്തിനായി കുളങ്ങൾ, തോടുകൾ എന്നിവ ചിറകെട്ടി അതിരുകൾ കൈത വെച്ച് പിടെപ്പിച്ച് സംരക്ഷിച്ച് പോന്നിരുന്നു. തോടുകളിൽ നിന്ന് കൃഷിയിടങ്ങളിലേക്ക് വെള്ളം തിരിച്ച് വിടുന്നതിനായി ഓടകൾ, ചാലുകൾ എന്നിവ ഉപയോഗിച്ചിരുന്നു. നാടൻ ജലസേചന ഉപകരണങ്ങളായ ഏത്തം, കയറ്റുകൊട്ട, പോള എന്നിവയും ഉപയോഗിച്ചിരുന്നു. എലിയെ നശിപ്പിക്കുന്നതിനായി മുളംകുറ്റി കെണി, ചാഴിയെ നശിപ്പിക്കാൻ ചായ് വലവീശൽ, മുറം വീശൽ, വെണ്ണീർ പറപ്പിക്കൽ, തെങ്ങിൻ കുലച്ചിൽ കൊണ്ട് ഇളക്കൽ, എന്നീ നാടൻ രീതികളാണ് ആദ്യകാലത്ത് പ്രയോഗത്തിൽ ഇരുന്നിരുന്നത്. തെങ്ങ് കൃഷിയോടു് വേണ്ടത്ര ആഭിമുഖ്യം ഇക്കാലത്ത് ഉണ്ടായിരുന്നില്ല. കൃഷിയിടം പാട്ടം കൊടുക്കന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. കാർഷിക ഉൽപ്പന്നങ്ങളായ തേങ്ങയുടെ വിപണനം കോഴിക്കോട്, വെറ്റിലയുടെ വിപണനം തിരൂർ, അടക്ക തലക്കടത്തൂർ, ചാലശ്ശേരി തുടങ്ങിയ വിപണന കേന്ദ്രങ്ങളിൽ വിറ്റഴിച്ചു പോന്നിരുന്നു.

ഭൂപരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ ആ വയലുകളിൽ വീടു് വെക്കുന്നതിനും, അതികം പരിചരണം ആവശ്യമില്ലാത്ത തെങ്ങ് പോലുള്ള വിളകൾ കൃഷി ചെയ്യാനും തുടങ്ങി. ഇത് നെല്ല് ഉല്പാദനം കുറയുന്നതിന് കാരണമായി. വയലുകൾ നികത്തലും, ഓവുചാലുകൾ ഇല്ലാത്ത റോഡുകളുടെ നിർമ്മാണവും നീർക്കെട്ടിന് ആക്കം കൂട്ടി. കർഷകർക്ക് സമൂഹത്തിൽ മാന്യത നഷ്ടപ്പെട്ടതോടുകൂടി അവർ തൊഴിലിനും, വരുമാനത്തിനും മറ്റു മേഖലകളിലേക്ക് തിരിയുവാൻ തുടങ്ങി. കൂലി നിലവാരം ഉയർന്നതിനനുസരിച്ച് കൃഷി ഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിൻെറ അളവ് കുറഞ്ഞുവന്നു. ഇവയെല്ലാം നെൽ വയലുകൾ നികത്തുതിന് ആക്കം വർദ്ധിപ്പിക്കുകയാണ് ഉണ്ടായത്.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം കാർഷിക മേഖലക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്തതും കർഷക തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിലുകളിലേക്ക് ആകർഷിച്ചു. ഇത് കർഷക തൊഴിലാളികളുടെ എണ്ണക്കുറവിനും, നെൽകൃഷിയുടെ മുരടിപ്പിനും കാരണമായി. പറമ്പുകളിലെ പച്ചക്കറി പരിപൂർണ്ണമായി ക്ഷയിച്ചുവരുന്നു. കാർഷിക മേഖലയോടുള്ള വിപരീത സമീപനത്തിൻെറ ഭാഗമായി പറമ്പിൽകൃഷി ചെയ്തിരുന്ന ഇടവിളകളുടെ ഉൽപ്പാദനത്തിൽ ഗണ്യമായ കുറവു് വരാൻ തുടങ്ങി. പുരയിടങ്ങളിൽ പോലും തെങ്ങ് ഒഴികെയുള്ള മറ്റു് കൃഷി വിളകളെല്ലാം നാമാവശേഷമായി കൊണ്ടിരിക്കുകയാണു്. ജനസംഖ്യയിലുണ്ടായ വർദ്ധനവും കാർഷിക മേഖലയെ ഡതകർക്കുന്നതിൽ ചൂണ്ടിക്കാണിക്കാവുന്ന കാരണമാണ്. കർഷകരുടെ വിനോദോപാദികളിൽ ഒന്നായ കാളപൂട്ടു് ഇന്നും നടന്നു വരുന്നു.

## ഭൂവിനിയോഗം

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 1585-5244 ഹെക്ടറാണ്. ഇത് താഴ്വര, ഉയർന്നപ്രദേശം, സമതലം, തോടുകൾ, കുളങ്ങൾ എന്നിങ്ങനെയാണ്. പഞ്ചായത്തിൻെറ താഴ്ന്ന പ്രദേശങ്ങളിൽ ചളിമണ്ണും, മണൽ മണ്ണും കൂടികലർന്ന് കാണപ്പെടുന്നു. ഉയർന്ന പ്രദേശങ്ങളിൽ പാറ കലർന്ന ചെമ്മണ്ണ് കാണപ്പെടുന്നു. പഞ്ചായത്തിൻെറ കിഴക്ക് ഭാഗത്ത് പുറപ്പാറപ്പുറം. അയ്യായ്, കരിങ്കപ്പാറ, മണലിപ്പുഴ പ്രദേശങ്ങളിൽ കൃഷി യോഗ്യമല്ലാതെ പാറകൾ നിറഞ്ഞ് കിടക്കുന്നു.

| നെൽകൃഷി -പട്ടിക 4- കൃഷിഭവൻ രേഖ | | |
|---|---|---|
| നമ്പർ | വിള | വിസ്തീർണ്ണം |
| ഒന്നാംവിള | നെല്ല് | 244 ഹെ. |
| രണ്ടാം വിള | നെല്ല് | 280 ഹെ. |

നെൽകൃഷിയുടെ ഉൽപ്പാദനം നാടൻ വിത്തുകൾ ഉപയോഗിക്കുന്നതുകൊണ്ട് ഏകദേശം ഉൽപ്പാദനക്ഷമത 1800 Kg/ഹെക്ടർ ആണ്.

| പട്ടിക-5 കൃഷിഭവൻ രേഖ | | | |
|---|---|---|---|
| നമ്പർ | വിള | വിസ്തീർണ്ണം | ഉല്പാദനക്ഷമത Kg/ഹെ. |
| 1 | പയർ | 50 ഹെക്ടർ | 175 |
| 2 | എള്ള് | 20 ഹെ. | 125 |
| 3 | പച്ചക്കറികൾ | 7 ഹെ. | 4 |
| 4 | തെങ്ങ് | 915 ഹെ. | 30 |
| 5 | വാഴ | 45 ഹെ. | 6900 |
| 6 | മരച്ചീനി | 10ഹെ. | 4000 |
| 7 | കുരുമുളക് | 23 ഹെ. | 200 |
| 8 | കശുമാവ് | 10 ഹെ. | 600 |
| 9 | മാവ് | 10 ഹെ. | 2000 |
| 10 | കവുങ്ങ് | 192 ഹെ. | 210 |
| 11 | വെറ്റില | 16 ഹെ. | |

മുഖ്യവിളയായ തെങ്ങിൻെറ ഉൽപ്പാദനക്ഷമത 30.00 എണ്ണമാണ്. ഇതിൽ സംസ്ഥാനത്തിൻെറ ശരാശരിയായ 38-നോടു് അടുത്തു് നിൽക്കുന്നു. താഴ്ന്ന പ്രദേശങ്ങളിലും, വയലോരങ്ങളിലുമാണ് കൂടുതലായും ഉൽപ്പാദനക്ഷമത കൂടിയ തെങ്ങ് ഉള്ളത്. തൈ തിരഞ്ഞെടുക്കുന്നതിൻെറ അപാകത, അശാസ്ത്രീയമായ ജലസേചനം, വളപ്രയോഗം, അത്യാഹിത രോഗങ്ങളായ കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ്. ഇവയൊക്കെ തെങ്ങ് കൃഷിയുടെ പ്രശ്നങ്ങളിൽ പെടുന്നു. ശരാശരി ഒരു ഏക്രയിൽ 95 തെങ്ങുകളാണ് നിലവിലുള്ളത്. നെൽ കൃഷിയേക്കാൾ ലാഭകരമെന്ന കാഴ്ചപ്പാടോടുകൂടി തെങ്ങ് വെച്ച പല ഇടങ്ങളിലും നീർക്കെട്ടും മറ്റു കാരണങ്ങളാലും ഉൽപ്പാദനം കുറഞ്ഞുവരുന്നതായി കാണുന്നു.

## വളം

സഹകരണ മേഖലയിൽ ഇവിടെ ഒരു വളം വിപണന കേന്ദ്രം മാത്രമെ ഉള്ളു. സ്വകാര്യ

മേഖലയിൽ ഇവിടെ വളം വിപണന കേന്ദ്രം തീരെ ഇല്ല. സഹകരണ മേഖലയിലും, സ്വകാര്യ മേഖലയിലും വിപണന കേന്ദ്രങ്ങൾ ഇവിടെ അധികം ഇല്ലാത്തതുകൊണ്ടു് ജനങ്ങൾ വളരെയേറെ കഷ്ടത അനുഭവിക്കുന്നു. ഇവ തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുക. കൃഷിക്ക് ഉപയോഗിക്കുന്നുത് 45% രാസവളങ്ങളാണ്. ഇത് ശാസ്ത്രീയ രീതിയിലല്ല നടന്നുവരുന്നത്. അതുകൊണ്ട് കൃഷി ചിലവിൻെറ അനാവശ്യമായ വർദ്ധനക്ക് കാരണമാവുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്നിട്ടില്ല. ജൈവവളങ്ങൾ 55% ഉപയോഗിക്കുന്നു.

## കീടനാശിനികൾ

നെല്ല്, വാഴ, പച്ചക്കറികൾ എന്നിവക്കാണ് കീടനാശിനികൾ മിക്കമായും ഉപയോഗിച്ചുവരുന്നത്. കീടനാശിനി ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലോ, ശാസ്ത്രീയ രീതിയോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു മുഖ്യ കാരണമാണ്.

## പാടശേഖര സമിതികൾ

കൃഷി ഭവൻെറ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയിണക്കിക്കൊണ്ട് രൂപീകരിക്കപ്പെട്ട 2 പാടശേഖര കമ്മിറ്റികളാണ് ഇപ്പോൾ നിലവിലുള്ളത്. പലതും വേണ്ടത്ര ഫലപ്രദമായ പങ്ക് വഹിക്കുന്നില്ല എന്നത് ഇതിൻെറ ശോചനീയാവസ്ഥയാണ്.

### പട്ടിക 5 കൃഷി ഭവൻ രേഖ കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവു ഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതിയന്ത്രം | തെങ്ങുകയറ്റയന്ത്രം | ഷോട്ടബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്റ്റർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്സാക്ക് സ്പ്രേയർ | മറ്റുള്ളവ | | | |
| 1 | 1 | - | - | - | 1 | - | - | - | - |
| 5 | - | - | 1 | 1 | 2 | - | - | - | 1 |
| 6 | - | - | 1 | 2 | 2 | - | - | - | 2 |
| 7 | - | 2 | 1 | 2 | 3 | - | - | - | 5 |
| 8 | - | 1 | - | 3 | 5 | - | - | - | 6 |
| 9 | 1 | - | - | 1 | 4 | - | - | - | 7 |
| 10 | 1 | - | - | 2 | 3 | - | - | - | 5 |
| 11 | - | - | - | 2 | 5 | - | - | - | 8 |

മുകളിൽ പറഞ്ഞ കൃഷിഭവൻ രേഖ മുഖേന വിതരണം ചെയ്ത കാർഷികോപകരണങ്ങൾക്ക് പുറമെ സ്വകാര്യവ്യക്തികളുടെ പക്കലുള്ള ഉഴവും, കാളകളും, സമീപ പഞ്ചായത്തുകളിൽ നിന്നുള്ള ട്രാക്ടറും ഉപയോഗിക്കാറുണ്ട്.

## കൂലി നിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റവും, വിദേശ ജോലി സ്വപ്നം കാണലും ഇതിൻെറ കാരണങ്ങളിൽ പെടുന്നു.

കാർഷിക ജോലി മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നവർ വളരെ കുറവാണ്. ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷൻമാർക്ക് 125 രൂപയും, സ്ത്രീകൾക്ക് 65 രൂപയും ആകുന്നു. നിലവിൽ ഒരു ഏകീകൃത നിരക്കില്ല.

## കാർഷിക വായ്പ

ഒരു സഹകരണ ബാങ്കും സേറ്റ്റ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ ഒരു ബ്രാഞ്ചും പഞ്ചായത്തിൻെറ പരിധിയിൽപ്പെടുന്നു. ഇത് കൂടാതെ തിരൂർ കാർഷിക വികസന ബാങ്കും വർഷംതോറും കാർഷിക വായ്പ നൽകാറുണ്ട്. ഇതിൻെറ പ്രവർത്തനം കർഷകർക്ക് വേണ്ടത്ര ഉപയോഗപ്രദമല്ല.

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്താണിത്. രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന തെക്ക് കിഴക്കൻ മൺസൂൺ, സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന വടക്ക് പടിഞ്ഞാറൻ മൺസൂൺ , വർഷത്തിൽ ശരാശരി 312.6 സെ.മീ. മഴ ലഭിക്കുന്നു. കഴിഞ്ഞ 5 വർഷത്തിൽ ലഭിച്ച മഴയുടെ വിവരം

| മഴയുടെ അളവ് മി.മീ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | ജനു | ഫിബ്രു | മാർച്ച് | ഏപ്രി | മെയ് | ജൂൺ | ജൂലൈ | ഓഗ | സെപ് | ഒക് | നവം | ഡി |
| 1991 | - | - | - | 4 | 49 | 951.1 | 945.5 | 430.1 | 58.8 | 296 | 80.8 | - |
| 1992 | - | - | - | 77.3 | 124 | 1034.6 | 779.7 | 498.3 | 173.2 | 212.3 | 309.9 | - |
| 1993 | - | 18.1 | 20.1 | 73 | 118 | 451.21 | 770.7 | 336.4 | 126.1 | 419.3 | 195.5 | 28 |
| 1994 | - | - | 2.3 | 245.9 | 36.6 | 875.4 | 1238 | 533.5 | 221.1 | 589.1 | 44.3 | - |
| 1995 | 3.1 | - | - | 73.5 | 555.3 | 725.2 | 602.1 | 336.8 | 280.6 | 198.4 | 110.6 | - |

താഴെ.

## ജലസേചനം

പഞ്ചായത്തിലെ നീരൊഴുക്ക് മുഴുവനായും 6 തോടുകളെ ആശ്രയിച്ചിരിക്കുന്നു. ഇതിൽ മൂന്നോളം തോടുകൾ തെയ്യാല-മുട്ടിക്കൽ മൂലക്കത്തോട്ടിൽ ചെന്നു ചേരുന്നു. മറ്റുള്ളവ കാട്ടിലങ്ങാടി തോട്ടിൽ ചേരുന്നു.

**തോടുകൾ**- പഞ്ചായത്തിലെ ആകെയുള്ള തോടുകളിൽ ജലസംഭരണശേഷിയുള്ള തോട് കരിങ്കപ്പാറ തോട് മാത്രമേ ഉള്ളൂ. തെയ്യാല-മുട്ടിക്കൽ തോട് ചീർപ്പിൻെറ അറ്റകുറ്റ പണികൾ ധൃതഗതിയിൽ നടത്തിയാൽ മുണ്ടകൻ കൃഷി ചെയ്യുന്നതിന് കർഷകർക്ക് വളരെയധികം ഫലപ്രദമായിരിക്കും. നീർക്കെട്ടുള്ള സ്ഥലങ്ങളിൽ ജലം ഒഴിവാക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തേണ്ടതാണ്.

**കുളങ്ങൾ**- വലുതും, ചെറുതുമായി പഞ്ചായത്തിൽ ആകെ പൊതുവും, സ്വകാര്യവും കൂടി127-ഓളം കുളങ്ങളുണ്ട്. കുളങ്ങൾ ഒന്നും തന്നെ വേണ്ട രീതിയിൽ അറ്റകുറ്റപണികൾ നടത്തുകയൊ, സംരക്ഷിക്കുകയൊ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ നെൽകൃഷിക്കും, വേനൽക്കാലപച്ചക്കറികൾക്കും ഉപയോഗിച്ചിരുന്ന കുളങ്ങൾ അറ്റകകുറ്റപണികൾ നടത്തിയിട്ടില്ല. ഇവ അറ്റകുറ്റപണികൾ നടത്തിയാൽ വിള വർദ്ധനവിന് ഉപയോഗപ്പെടുത്താൻ കഴിയും.

## മണ്ണ് ജല സംരക്ഷണം

ആദ്യകാലങ്ങളിൽ വരമ്പുകൾ ഇട്ടും, മരങ്ങൾ

അതിർത്തികളിൽ വെച്ചു് പിടിപ്പിച്ചും, മണ്ണ് ജലം കൊത്തി ഇളക്കിയുമാണ് മണ്ണ് സംരക്ഷണം നടത്തിയിരുന്നത്. ഭൂമിയുടെ വിതരണത്തിലുണ്ടായ ആധിക്യം ഭൂമിയുടെ തുണ്ട വൽക്കരണത്തിലും, അതുവഴി മണ്ണ് ജലസംരക്ഷണത്തെ ബാധിക്കുകയും ചെയ്തു.

**കൃഷിഭവൻ-** പരിപൂർണ്ണമായും കാർഷിക മേഖലയായ പഞ്ചായത്തിൽ കൃഷിഭവൻെറ പ്രവർത്തനം ഇനിയും ത്വരിതപ്പെടുത്തേണ്ടതുണ്ടു്. ഒഴിഞ്ഞു് കിടക്കുന്ന അസിസ്റ്റൻറ് പോസ്റ്റിൻെറ ഒഴിവു് നികത്തി ഉളളവരെ കൂടുതൽ ഊർജ്ജസ്വലരാക്കി കൃഷിഭവൻെറ പ്രവർത്തനം പൂർണ്ണമായതോതിൽ എല്ലാ കർഷകർക്കും ലഭ്യമാക്കേണ്ടതാണ്. കാർഷിക സെമിനാറുകൾ നടത്തുമ്പോൾ മുഴുവൻ കർഷകർക്കും പ്രയോജനപ്പെടുന്നതിനു് വേണ്ടി സെമിനാർ തീയതികൾ വാർഡ് പ്രതിനിധികൾ വഴി എല്ലാവരേയും അറിയിക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ തോടുകളെ ജലസേചനത്തിനായി വേണ്ട വിധത്തിൽ ഉപയോഗിക്കാൻ കഴിയാത്തതും, ഉയർന്ന പ്രദേശങ്ങളിൽ മണ്ണൊലിപ്പും കൃഷിയെ ബാധിക്കുന്നു. ഓമച്ചപ്പുഴ, പെരിഞ്ചേരി എന്നീ പ്രദേശങ്ങളിലെ തോട് നികത്തി റോഡാക്കിയതുകൊണ്ട് നീർക്കെട്ട് അനുഭവപ്പെടുന്നതും നെൽക്കൃഷിയെ ബാധിക്കുന്നു. ഉൽപ്പാദന ചിലവിൽ വന്ന വർദ്ധനവ് ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും, കാലവർഷവ്യതിയാനങ്ങൾ കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് ഉൽപ്പാദനക്ഷമതയുള്ള വിത്തിൻെറ അപര്യാപ്തത തുടങ്ങിയവയെല്ലാം നെൽകൃഷി ഉൽപ്പാദനം കുറയുന്നതിന് കാരണമായി.

മുഖ്യവിളയായ തെങ്ങ്, രോഗംമൂലം മരണത്താട് മല്ലടിക്കുകയാണ്. ഇപ്പോൾ തെങ്ങിൽനിന്നും ഫലപ്രദമായ ഉൽപ്പാദനം ലഭിക്കുന്നില്ല. ഉൽപ്പന്നത്തിന് വേണ്ടത്ര വില ലഭിക്കാത്തത് കർഷകർക്ക് ഈ കാര്യത്തിൽ താൽപ്പര്യം കുറഞ്ഞുവരുന്നു. ജലസേജനത്തിൻെറ അപര്യാപ്തത, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നങ്ങൾ, നല്ലയിനം തൈകൾ ലഭിക്കായ്ക. തുടങ്ങിയവയെല്ലാം തെങ്ങുൽപ്പാദനത്തെ ബാധിക്കുന്നു.

രാസവങ്ങൾ മൊത്തം വളപ്രയോഗത്തിൻെറ 65% ത്തോളം ഉപയോഗിക്കുന്നു, ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തത് ഉൽപ്പാദനക്ഷമതയെ ബാധിക്കുമ്പോൾ ജൈവവളത്തിൻെറ ലഭ്യതക്കുറവ് മണ്ണിൻെറ ഘടനയെത്തന്നെ ബാധിക്കുന്നു.

യഥാസമയം കിളക്കുകയും, വരമ്പുവെക്കുകയും ചെയ്യാത്തത് മണ്ണൊലിപ്പിന്ന് കാരണമാകുന്നു. പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ ഇത് ധാരാളമായി കാണപ്പെടുന്നു, കശുമാവ് കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ ധാരാളം കാണാമെങ്കിലും ഈ സാധ്യത ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ വേണ്ടത്ര മണ്ണ് പരിശോധി നടന്നിട്ടില്ല. മുൻ വർഷങ്ങളിൽ പരിശോധനക്കായി എടുത്ത സാമ്പിളുകളുടെ റിപ്പോർട്ടും കിട്ടിയിട്ടില്ല. ഒരു കാലത്ത് നെൽപ്പാടത്ത് ഇടവിളയായി കൃഷിചെയ്തിരുന്ന വേനൽക്കാല പച്ചക്കറികളും, വത്തക്ക, കപ്പ, എന്നിവയും കുറഞ്ഞുവരികയാണ്, ജലസേജന സൗകര്യം ലഭിക്കാത്തതും ജൈവ വളങ്ങളുടെ ദൗർലഭ്യവും, ഉൽപ്പന്നങ്ങൾക്ക് നിയമാനുസൃതമായ വില ലഭിക്കാത്തതും ഉൽപ്പാദനക്കുറവിൻെറ കാരണങ്ങളിൽപ്പെടുന്നു.

കൃഷിക്ക് പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ പോളരോഗം, പോളിച്ചരോഗം, മുഞ്ഞരോഗം, വെള്ളക്കുല, എന്നിവ നെല്ലിനും കൂമ്പ് ചീയൽ, തെങ്ങോലപ്പുഴു എന്നിവ തെങ്ങിനും, മഹാളിരോഗം കമുങ്ങിനും, വാഴക്ക് ഇച്ചടപ്പും, കുരുമുളകിന്

ദ്രുതവാട്ടം എന്നിവയും കാണപ്പെടുന്നുണ്ട്. വെറ്റിലക്ക് ദ്രുതവാട്ടം, വെങ്കണ്ണി, വള്ളിചീയൽ എന്നിവ കാണപ്പെടുന്നു. ചിലയിടങ്ങളിൽ ആഫ്രിക്കൻ പായലിൻെറ വ്യാപനം കൃഷിക്ക് ഭീഷണിയാകുന്നുണ്ട്. വെറ്റിലക്ക്, ദ്രുതവാട്ടം, വള്ളിചീയൽ എന്ന രോഗങ്ങളും കാണപ്പെടുന്നുണ്ട്.

## കൃഷിഉപകരണങ്ങൾ

ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായി ഈ പഞ്ചായത്തിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഭൂമി, തുണ്ടുകളായി ഇതിന് ഒരു തടസ്സമാണെങ്കിലും കർഷകരുടെ യോജിച്ച പ്രവർത്തനത്തിലൂടെ ഇതിനുള്ള സാധ്യതകൾ കാണുന്നു. പഞ്ചായത്തിലെ കൃഷിഭവൻെറ പോരായ്മയും നിലവിലുണ്ട്. ഏതാനും വാർഡുകളിലെ ചില പ്രദേശങ്ങളിൽ മാത്രമാണ് കൃഷിഭവൻെറ പ്രവർത്തനം കേന്ദ്രീകരിക്കുന്നത്. പഞ്ചായത്തിൽ മുഴുവൻ ഇതിൻെറ പ്രവർത്തനം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിദഗ്ദ ഉപദേശം, നൽകൽ, സങ്കരയിനം വിച്ചുകൾ സംരംഭത്തിന് ലഭിക്കായ്ക, സർക്കാരിൽ നിന്നുള്ള ആനികൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞത, നിലവിലുള്ള വ്യവസായങ്ങളുടെ സാങ്കേതികത്വം എന്നിവ കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. ശുദ്ധജല മത്സ്യങ്ങൾ ചത്തുപൊന്തുന്നതും, മത്സ്യത്തിൻെറ രോഗവും കാർഷിക രംഗത്ത് ഒരു ഭീഷണിയാണ്.

പഞ്ചായത്തിൻെറ മുഖ്യ പ്രശ്നമായ ഗതാഗത അസൗകര്യം കൃഷിയെ സാരമായി ബാധിക്കുന്നു. കൃഷിക്കാവശ്യമായ വളങ്ങളും മറ്റും കൊണ്ടുവരുവാനും ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാനും ഇത് ഒരു തടസ്സമാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ 8,9,10,11 വാർഡു കളിൽക്കൂടി ഒഴുകുന്ന കരിങ്കപ്പാറ തോട് വീതി കൂടിയതും നാല് കിമി. നീളമുള്ളതുമാണ്. ഈ തോട് വീതി കുറഞ്ഞ ഭാഗങ്ങളിൽ, വീതിയും ആഴവും കൂട്ടി മതിലുകെട്ടി വെള്ളം തടഞ്ഞു നിർത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയാൽ വേനൽക്കാലത്തും കൃഷിചെയ്യാൻ ഇതുമൂലം സാധിക്കും.
2. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിൻെറ സാമ്പിളുകളെടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.
3. പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും നീർക്കെട്ട് ഒഴിവാക്കുന്നതിന്നും വലിയ പങ്ക് വഹിക്കാൻ കഴിയുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കുക.
4. നിലവിലുണ്ടായിരുന്ന പല നീർച്ചാലുകളും റോഡുകളായി മാറിക്കഴിഞ്ഞു. പ്രത്യേകിച്ച് ഓമച്ചപ്പുഴ, പെരിഞ്ചേരി, കൂടാതെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലും ഈ അവസ്ഥ കാണുന്നു. ഇവയുടെ അരികിൽ ഡ്രൈനേജ് സൗകര്യം ഉറപ്പുവരുത്തിയാൽ ഇത് പരിഹരിക്കാനാകും. കൂടാതെ നിലവിലുള്ള പല തോടുകൾക്കും നേരത്തെയുണ്ടായിരുന്ന ചേർപ്പുകൾ ഭാഗികമായി കേട് വന്നിട്ടുണ്ട്. ഇവ നന്നാക്കിയെടുത്ത് സഹകരണ ജലസേജന രീതിയും ഉപയോകപ്പെടുത്താം.

## ഗ്രൂപ്പ് ഫാമിംഗ്

നിലവിലുള്ള കർഷക സമിതികൾ പുനരുജ്ജീവിപ്പിക്കുകയും കൂടുതൽ ഗ്രൂപ്പ് ഫാമിംഗുകൾ രൂപീകരിച്ച് കാർഷിക മേഖല മെച്ചപ്പെടുത്തുകയും ചെയ്യുക. മുഖ്യവിളകളായ നെല്ല്, തെങ്ങ്, വെറ്റില എന്നിവക്ക് ഇത് വ്യാപകമാക്കുകയും ചെയ്യുക.

വേനൽക്കാലപച്ചക്കറികൾ കൂട്ടായി ഉണ്ടാക്കുവാൻ കൃഷിഭവൻെറ സഹായത്തോടുകൂടി പദ്ധതികൾ രൂപീകരിക്കണം. പാടശേഖരകമ്മറ്റികളെ

സംഘടിപ്പിക്കണം.

## വിത്തിനങ്ങൾ

ഉൽപ്പാദനക്ഷമതയുള്ള വിത്തുകൾ യഥാസമയം കർഷകർക്ക് ലഭിക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ ദ്രുതഗതിയിൽ ഉണ്ടാക്കണം. പ്രാദേശികമായി വിത്തുൽപ്പദനത്തിന് പാടശേഖരകമ്മറ്റികളെ പ്രയോജനപ്പെടുത്തണം.

## ഔഷധസസ്യങ്ങൾ

ഈ പഞ്ചായത്തിൽ കണ്ടുവരുന്ന ഇഞ്ചി, മഞ്ഞൾ, കൂവ്വ ആടലോടകം എന്നീ ഔഷധസ,സ്യങ്ങളെ സംരക്ഷിക്കുന്നതിനും, വ്യാപകമായി കൃഷിചെയ്യുന്നതിനും ക്രമീകരണങ്ങൾ കൃഷിഭവൻ മുഖേന നടപ്പിൽ വരുത്തുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്തണം. മറ്റു പല ഔഷധസസ്യങ്ങളും കൃഷിചെയ്യാൻ പറ്റുന്ന കാലാവസ്ഥയാണ് ഇവിടെയുള്ളത്, ഇവ കൃഷിചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

## പച്ചക്കറി ഉൽപ്പാദനം

ഉൽപ്പാദനക്ഷമതയുള്ള പച്ചക്കറി വിത്തുകൾ ശേഖരിച്ച് കർഷകർക്ക് വിതരണം ചെയ്താൽ പച്ചക്കറികൃഷി കുറേകൂടി പഞ്ചായത്തിൽ മെച്ചപ്പെടുത്താൻ കഴിയും. അടുക്കള തോട്ടത്തിന് വേണ്ട പ്രോത്സാഹനം നൽകണം. സ്ക്കൂളുകൾ കേന്ദ്രമാക്കി കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തണം.

## കീടനാശിനി

വളരെ അശാസ്ത്രീയമായ രീതിയിലാണ് ഇന്ന് ഇവിടെ കീടനാശിനികൾ ഉപയോഗിക്കുന്നത്. ശരിയായ അളവിലും യഥാർത്ഥവുമായ കീടനാശിനികൾ ഉപയോഗിക്കുന്നതിന് വേണ്ട ബോധവൽക്കരണം നടത്തിയേ പറ്റൂ. ജൈവകീട നിയന്ത്രണത്തെപറ്റി പഠിപ്പിക്കുകയും, ജൈവ കീടങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഷിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനു വേണ്ട ബോധവൽക്കരണം നടത്തി കർഷകരെ ഈ രംഗത്ത് കൊണ്ടുവരണം. പഞ്ചായത്തിലെ മൊത്തം കാർഷിക വിളകളെ ബാധിക്കുന്ന രോഗങ്ങൾ നിർണ്ണയിക്കുന്നതിന് സ്ക്വാഡ് രൂപീകരിക്കുകയും കൃഷിയിടങ്ങൾ സന്ദർശിച്ച് രോഗനിർണ്ണയം നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കർഷകർക്ക് നൽകാനുള്ള സംവിധാനവും ഏർപ്പെടുത്തണം. എല്ലാ കാർഷിക രോഗങ്ങൾക്കുമുള്ള കീടനാശിനികൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നത് വളരെ ഉത്തമമായിരിക്കും.

## വളങ്ങൾ

പഞ്ചായത്തിൽ സഹകരണ ബാങ്കിൻെറ കീഴിൽ ഒരേ ഒരു വളം വിതരണ കേന്ദ്രം മാത്രമെയുള്ളു, കൂടുതൽ വളംഡിപ്പോകൾ തുടങ്ങാനുള്ള ശ്രമം ഏറെ പ്രയോജനപ്രദമായിരിക്കും. പച്ചിലവളത്തിൻെറ കുറവ് നികത്തുന്നതിന് ചീമക്കൊന്ന, ഡെയ്ഞ്ച എന്നിവ കൂടിയതോതിൽ വളർത്താവുന്നതാണ്. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സഹായങ്ങൾ നൽകുകയും കമ്പോസ്റ്റ് കുഴി വ്യാപിപ്പിക്കുന്നതിന് വേണ്ട ശ്രമങ്ങൾ നടത്തുകയും വേണം. കാലികൾക്കാവശ്യമായ തീറ്റപ്പുൽ, പുൽവിത്ത് വിതരണത്തിലൂടെ എല്ലാകർഷകരിലേക്കും വ്യാപിപ്പിക്കണം. മണ്ണിര കമ്പോസ്റ്റ് രീതി വ്യാപകമായി പ്രചരിപ്പിക്കുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കണം.

## ജലസേജനം

മുമ്പേ സൂചിപ്പിച്ച തയ്യാലമുട്ടിക്കൽ തോടിൻെറ ചീർപ്പ് പുനർ നിർമ്മാണം മറ്റു തോടുകളുടെ പുനർ രൂപീകരണവും ദ്രുതഗതിയിൽ നടത്തണം. പൊതുകുളങ്ങൾ അറ്റകുറ്റപണികൾ നടത്തി ജലസേജന യോഗ്യമാക്കണം. തെങ്ങുകൃഷിക്ക്

ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഡ്രിപ്പ് ഇറിഗേഷൻ പ്രചാരത്തിൽ വരുത്തണം. ഈ ആവശ്യത്തിന് മുതൽമുടക്ക് ആവശ്യമായതിനാൽ വേണ്ടത്ര ലോണുകളും സബ്സിഡികളും നൽകണം. അണകെട്ടാൻ സൗകര്യമുള്ള സാധ്യതയുള്ള തോടുകളെക്കുറിച്ച് പഠനം നടത്തി വേണ്ട നടപടികൾ എടുക്കണം.

## ഇൻഷൂറൻസ് പദ്ധതി

കാർഷികവിളകളെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ഇതിൽ ആത്മ വിശ്വാസം നൽകുന്നതിനും പഞ്ചായത്തിലെ മൊത്തം കാർഷിക വിളകൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം നടപ്പിൽ വരുത്തണം. അതോടൊപ്പം കർഷകധനസഹായത്തിനുള്ള വരുമാനപരിധി കുറക്കൽ, വായ്പ്പകൾ പെട്ടന്ന് ലഭ്യമാക്കുന്നതിന് സമീപ ബാങ്കുകളെ സജ്ജമാക്കൽ, വൈദ്യുതി കുറഞ്ഞനിരക്കിൽ ലഭ്യമാക്കൽ, ജലസേചന ത്തിനുള്ള മണ്ണെണ്ണയുടെ അളവ് ഏക്കറിൽ 5ലിറ്റർ എന്നത് 30 ലിറ്റർ ആക്കി യഥാസമയത്ത് കൃഷിഭവനിൽനിന്ന് 30 സെൻറിൽ താഴെയുള്ളവർക്കും ഈ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

## വിപണി

മുഖ്യ ഉൽപ്പന്നങ്ങളായ തേങ്ങ, നെല്ല്, പച്ചക്കറി, അടക്ക, വെറ്റില എന്നിവക്ക് പഞ്ചായത്ത് തലത്തിൽ പൊതു വിപണനകേന്ദ്രം വേണം. സഹകരണാടിസ്ഥാനത്തിൽ ഇത് തുടങ്ങുന്നതിന് വേണ്ട ശ്രമങ്ങൾ നടത്തണം. കേര സംസ്ക്കരണ യൂണിറ്റ്, അടക്കസംസ്കരണ യൂണിറ്റ് എന്നിവ തുടങ്ങാനുള്ള ഭൗതിക സാഹചര്യങ്ങൾ ഇവിടെ നിലവിലുണ്ട്. വെറ്റില മുതലായവ വിറ്റഴിക്കുന്നതിന് വളരെയധികം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇതൊഴിവാക്കുന്നതിന് വേണ്ടി ദ്രുതഗതിയിൽ ഒരു പൊതു വിപണന കേന്ദ്രം തുടങ്ങേണ്ടതുണ്ട്.

## നഴ്സറികൾ

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ വിപണന സാധ്യതയുള്ള ഓർക്കിഡ് ആന്തൂറിയം ചെടി തുടങ്ങിയ സസ്യങ്ങൾ പ്രചാരത്തിൽ വരുത്തുന്നതിനും ഉൽപ്പാദനക്ഷമതയുള്ളതൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും കൃഷിഭവനിൻെറ കീഴിൽ നഴ്സറികൾ തുടങ്ങി തൈകൾ വിതരണം ചെയ്യേണ്ടതാണ്.

കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. പ്രധാന കാർഷിക വിളകളായ തെങ്ങ്, കമുക്, വെറ്റില എന്നിവയെ ബാധിക്കുന്ന കൂമ്പുചീയൽ, ചൊന്നീരൊലിപ്പ് (തെങ്ങിന്*)*, മഞ്ഞളിപ്പ്, മഹാളി *(കമുകിന്)*, ഇലവാട്ടം, ചീയംരോഗം *(വെറ്റിലക്ക്)* എന്നീ രോഗങ്ങളെക്കുറിച്ച് വിദഗ്ദൻമാരെ ഉപയോഗിച്ച് പഠനം നടത്തി രോഗവിമുക്തിക്ക് വേണ്ട സംവിധാനം ഏർപ്പെടുത്തണം. ഇതിനെല്ലാം പുറമെ കൃഷിഭവൻെറ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, ക്ലിനിക്കുകൾ, പരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കുകയും വേണം. ഒഴൂർ പഞ്ചായത്തിനെ സ്വയം പര്യാപ്തത നേടിയ കാർഷിക ഗ്രാമമാക്കി മാറ്റുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ഹരിത വിപ്ലവത്തിലൂടെ നമ്മുടെ പഞ്ചായത്തിൽ കാർഷിക രംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടസംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.

# മൃഗസംരക്ഷണം

ഒഴൂർ പഞ്ചായത്തിലെ വാർഡികളിലെ മിക്ക വീടുകളിലും വളർത്തുമൃഗങ്ങളുണ്ട്. താരതമ്യേന മിക്ക വീടുകളിലും മൃഗങ്ങളുടെ എണ്ണം കുറവാണ്. ആട്, പശു, എരുമ, പോത്ത്, കാള, മുയൽ കൂടാതെ താറാവ്, കോഴി എന്നിവയെ കൂടി വളർത്തുന്നു. എല്ലാ വാർഡിലും പാലിൻെറ വിൽപന, ചില്ലറയായി വീടുകളിലും കടകളിലുമാണ് നടക്കുന്നത്. എന്നാലും മൊത്തമായി പാലിൻെറ വിൽപന കുറവാണ്. കാലി വളർത്തുന്നവർ എല്ലാവരും കാലിത്തീറ്റ വില കൊടുത്ത് വാങ്ങുകയാണ് ചെയ്യുന്നത്. ആരും പുല്ല് കൃഷി ചെയ്യുന്നില്ല. ആരും ഗോബർ ഗ്യാസ് ഉപയോഗിക്കുന്നവരല്ല. ഒരു വാർഡിലും മിൽക്ക് സൊസൈറ്റികളില്ല. അത്യുൽപാദന ശേഷിയുള്ള പശുക്കൾ കുറവാണ്. വളർത്തുമൃഗങ്ങൾക്ക് കണ്ടുവരുന്ന രോഗങ്ങളാണ് കുളമ്പുരോഗം, അയമൂട്ടൽ, താടിവീക്കം, മുടന്തൻപനി, കോഴിവസന്ത, വയറിളക്കം, അകിടുവീക്കം എന്നിവ. കാലികൾക്കും മറ്റും രോഗം വന്നാൽ വട്ടത്താണി, താനൂർ ബ്ലോക്ക് എന്നിവിടങ്ങളിൽ പോയിവേണം മൃഗങ്ങളെ ചികിൽസിപ്പിക്കാൻ. എന്നാൽ വേണ്ട സമയത്ത് സേവനം ലഭിക്കാൻ വിഷമമാണ്. കറവമാടുകളുണ്ടെങ്കിൽ തന്നെ പാൽ വിൽപ്പന കാലിത്തീറ്റയുടെ അഭാവം, അമിത വില, ഭക്ഷണ ദൗർലഭ്യം, തൊഴുത്ത് നിർമ്മാണത്തിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്, മൃഗാസ്പത്രി പോലുള്ള സ്ഥാപനങ്ങളില്ലാത്തതിനാൽ പ്രതിരോധ മാർഗ്ഗത്തിന് ബുദ്ധിമുട്ട് എന്നിവ കാരണം വിജയിക്കാൻ വേണ്ടത്ര കഴിയുന്നില്ല.

ഇറച്ചിക്കോഴി വളർത്തുന്ന ഫാമുകളും ഇവിടെ ഇല്ല. കോഴികൾക്കും രോഗങ്ങൾ കണ്ടുവരുന്നുണ്ട്. കോഴിവളർത്തലിനും, ചെമ്മീൻ കൃഷിക്കും, മത്സ്യബന്ധനത്തിലേർപ്പെടുന്നതിനും താല്പര്യമുള്ളവർ ചില വാർഡുകളിൽ ഉണ്ട്. ഒരു വാർഡിലും മത്സ്യബന്ധനത്തൊഴിലിൽ ഏർപ്പെട്ടവരില്ല. ചെമ്മീൻ കൃഷിയും നടത്തപ്പെടുന്നില്ല. ചില വാർഡുകളിൽ കുളങ്ങൾ തീരേ കുറവായതിനാൽ ഇതിന് സൗകര്യം തീരേ കുറവാണ്. ഉപ്പുരസമുള്ള കുളങ്ങൾ ഇല്ല. ചുരുക്കം ചില വാർഡുകളിൽ ഒന്നോ രണ്ടോ മത്സ്യവില്പന കേന്ദ്രങ്ങൾ മാത്രമേ നിലവിലുള്ളൂ. ഇടവപ്പാതി കാലങ്ങളിലാണ് മത്സ്യങ്ങൾ മുട്ടയിട്ട് പെരുകുന്നത്. മത്സ്യങ്ങൾക്കും രോഗങ്ങൾ കണ്ടുവരുന്നുണ്ട്. ഒട്ടുമിക്ക മത്സ്യത്തൊഴിലാളികളുടെ കുട്ടികളും സ്കൂളിൽ പോകുന്നവരാണ്. മത്സ്യമാർക്കറ്റിന് കെട്ടിടങ്ങൾ കുറവാണ്. എല്ലാ വാർഡുകളും കടലോരത്ത് നിന്നും അകന്നാണ് സ്ഥിതി ചെയ്യുന്നത്. ഈ മേഖലകളിൽ വികസനത്തിന് പ്രതിരോധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വിപണന സൗകര്യവും ബോധവൽക്കരണവും നൽകുകയും ചെയ്താൽ വിജയിക്കുവാൻ സാധ്യതയുണ്ട്.

## കറവമാട് വളർത്തുന്നതിന് ചെയ്യേണ്ടതായ കാര്യങ്ങൾ

നല്ലയിനം അത്യുല്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നതിനുള്ള സംരംഭം തുടങ്ങണം. പാൽ വില്പനക്ക് മിൽക്ക് സൊസൈറ്റി ഉണ്ടാക്കുക, കാലിത്തൊഴുത്ത് നിർമ്മിക്കുക, രോഗപ്രതിരോധ മാർഗ്ഗങ്ങൾക്കുള്ള സൗകര്യം വർദ്ധിപ്പിക്കുക, തൊഴുത്ത് നിർമ്മാണത്തിന് ഉദാരമായ വ്യവസ്ഥയിൽ സാമ്പത്തിക സഹായം ലഭിക്കുക, കാലിത്തീറ്റയും മറ്റും മാതമായ വിലക്ക് ലഭ്യമാക്കുക, ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും മറ്റും നടത്തി കൂടുതൽ പേരെ ഇതിലേക്ക് ആകൃഷ്ടരാക്കുക, ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുക തുടങ്ങിയ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ ആളുകൾക്ക് തൊഴിൽ ചെയ്ത് ജീവിക്കാവുന്നതാണ്.

കോഴി വളർത്തലിനും ഇതേപോലുള്ള ആസൂത്രണം ചെയ്യാവുന്നതാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുക, കോഴിത്തീറ്റ ലഭിക്കുക, കൂടു നിർമ്മാണത്തിന് നിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുക, പ്രതിരോധ കുത്തിവെപ്പും മറ്റും ചെയ്യാൻ സൗകര്യമുണ്ടാക്കുക, മുട്ടവിപണനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുക എന്നീ സംവിധാനം ചെയ്താൽ വളരെയധികം സ്ത്രീകൾക്ക് ഇതു മൂലം പ്രയോജനം ലഭിക്കും. നിലവിലുള്ള വെള്ളച്ചാലിലെ മൃഗ ഉപകേന്ദ്രം മുഴുവൻ ദിവസവും പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയാക്കി മാറ്റും, പുൽവിത്തുകൾ വിതരണം ചെയ്യുക, കന്നുകാലി വളർത്തുന്നവർക്ക് പ്രോത്സാഹനം നൽകുന്ന, സഹായ പദ്ധതി ആവിഷ്ക്കരിക്കുക മുതലായ നടപടി സ്വീകരിക്കണം.

പഞ്ചായത്തിൽ പേപ്പട്ടിശല്യം കൂടുതലാണ്. പേപ്പട്ടിയുടെ ശല്യത്തിനെതിരെ ജനപങ്കാളിത്തത്തോടെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. പേപ്പട്ടിവിഷത്തിനെതിരെ കുത്തിവെപ്പ് നടത്തു ന്നതിനുള്ള മരുന്ന് ആരോഗ്യകേന്ദ്രത്തിൽ ലഭ്യമാക്കണം. വളർത്തുനായകൾക്ക് ലൈസൻസ് സമ്പ്രദായം നടപ്പിലാക്കണം.

# വ്യവസായം

വ്യവസായ മേഖലയിൽ ഒഴൂർ പഞ്ചായത്തിന് കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പരമ്പരാഗതമായ കുടിൽ വ്യവസായങ്ങൾ കൂട്ടനെയ്ത്ത്, മാൺപാത്ര നിർമ്മാണം, പായനെയ്ത്ത്, തുണി നെയ്ത്ത്, കയർ പിരി എന്നിവയായിരുന്നു, മുൻകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും തൊഴിൽ ഏർപ്പെടുന്നവർക്ക് ശരാശെരി കിട്ടുന്ന വേതനത്തിലുള്ള കുറവും കൂട്ടനെയ്ത്ത്, മാൺപാത്ര നിർമ്മാണം, പായ നെയ്ത്ത് എന്നീ കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് മറ്റു തൊഴിലുകൾ തേടി പോവാൻ നിർബന്ധിതരായി. ഒഴൂർ പഞ്ചായത്തിലെ ഏക കൈത്തറി സഹകരണ സംഘത്തിൻെറ കീഴിലാണ് നമ്മുടെ കൈത്തറി തൊഴിലാളികൾ ജോലി നോക്കുന്നത്. പരമ്പരാഗതമായി കൈത്തറി തൊഴിലിൽ മാത്രം എർപ്പട്ടിരിക്കുന്ന ഇവർക്ക് മറ്റൊരു തൊഴിലുകളെ അപേക്ഷിച്ച് വളരെ കുറഞ്ഞ വേതനമേ കിട്ടുന്നുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യ മേഖലയിലോ പ്രധാനപ്പെട്ട ഒരു വ്യവസായവും ഇല്ല. ആകെയുള്ള 25 ചെറുകിട വ്യവസായങ്ങളിൽ ധാന്യങ്ങൾ പൊടിക്കുന്നതും, നെല്ല് കുത്തുന്നതും, എണ്ണ ആട്ടിയെടുക്കുന്നതുമായ 18 സ്ഥാപനങ്ങളാണ് ഉള്ളത്. ഫർണ്ണിച്ചർ നിർമ്മിക്കുന്ന 3 സ്ഥാപനവും, ഗ്രില്ലുകളും മറ്റു ഇരുമ്പ് വർക്കുകളും ചെയ്യുന്ന 3 സ്ഥാപനവും, റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിലേക്ക് അവശ്യമായ കോട്ടൺ ടേപ്പ് നിർമ്മിക്കുന്ന ഒരു സ്ഥാപനവുമാണുള്ളത്.

## പ്രശ്നങ്ങൾ

ചെറുകിട വ്യവസായങ്ങൾക്ക് പ്രധാനമായും നാം ആശ്രയിക്കുന്ന ഊർജ്ജം വൈദ്യുതി യാണെന്നിരിക്കെ പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാനുള്ള പരിപാടിയുമായി മുന്നോട്ട് പോവണം. ഇപ്പോൾ വൈദ്യുതിയുള്ള പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം ഇല്ലാതാക്കാൻ ശ്രമിക്കണം. അസംസ്കൃത വസ്തുക്കൾ വ്യവസായ ശാലയിൽ എത്തിക്കാനും, വ്യവസായ ശാലയിൽ നിന്നും ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാനും ഗതാഗത സൗകര്യം അനിവാര്യമായിരിക്കെ പ്രധാനപ്പെട്ട പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കണം. ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട രീതിയുള്ള വിപണി കണ്ടെത്താൻ സഹായിക്കണം. വ്യവസായ

ശാലയിൽ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കണം.

1 മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം വ്യവസായിക രംഗത്ത് ഇവിടെ പ്രയോജനപ്പെടുന്നില്ല.

2 സാങ്കേതിക പരിജ്ഞാനക്കുറവ്.

3 ധനസഹായം കിട്ടാനുള്ള സാങ്കേതികമായ ബുദ്ധിമുട്ട്.

4 വിപണനസാധ്യത കുറവ്.

5 പരമ്പരാഗത വ്യവസായ മേഖലയിലെ തൊളിലാളികൾക്ക് പരിശീലനം ലഭിക്കാനുള്ള സാധ്യതയില്ല.

6 വനിതകൾക്ക് തൊഴിലവസരം പൊതുവേ കുറവ്.

7 ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന ശക്തമായ പ്രേരണക്കുറവ്.

8 വ്യവസായ മേഖലയുമായുള്ള സമ്പർക്ക ക്കുറവ്.

**പരമ്പരാഗത കുടിൽവ്യവസായം**

| നമ്പർ | ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | അസംസ്കൃത വസ്തുക്കൾ |
|---|---|---|---|---|---|
| | | | പു | സ്ത്രീ | |
| 1 | കുട്ടനെയ്ത്ത് | 6 | 6 | 6 | മുള |
| 2 | പായനെയ്ത്ത് | 8 | — | 8 | കൈതഓല |
| 3 | മൺപാത്രം | 7 | 7 | 7 | കളിമൺ |
| 4 | നെയ്ത്ത് | 15 | 15 | 15 | നൂൽ - യാൺ |

**ചെറുകിട കുടിൽവ്യവസായം**

| നമ്പർ | ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | |
| 1 | റൈസ്,ഓയിൽ മിൽ | 18 | 18 | — | |
| 2 | ഫർണിച്ചർ | 3 | 3 | — | |
| 3 | ഗ്രിൽസ് | 3 | 3 | — | |
| 4 | കോട്ടൺടേപ്പ് ബൈൻറിംഗ് | 1 | 1 | 1 | |

## സഹകരണ സംഘങ്ങൾ

| ക്രമനമ്പർ | പേര് | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒഴൂർ ഹാൻറ്ലൂം സർവ്വീസ് സൊസൈറ്റി | 107 |


## വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

മൊത്തം തൊഴിൽ മേഖലയിലെന്നപോലെ വ്യവസായ മേഖലയിലും പുരുഷൻമാർക്കാണ് ആധിപത്യം. പരമ്പരാഗത ചെറുകിട വ്യവസായത്തിൽ പുരുഷൻമാരോടൊപ്പം സ്ത്രീകളും എത്തുന്നുണ്ട്. എരനെല്ലൂരിലെ കൈരളി ഗാർമെൻറ് എന്ന വനിതകളുടെ ഒരു യൂണിറ്റ് 1988-89 വർഷത്തിൽ ഡി.ഡബ്ലിയു.സി.ആർ.എ. പ്രകാരം രെജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇന്ന് ആ സ്ഥാപനം പ്രവർത്തനരഹിതമാണ്. ഈ യൂണിറ്റിൽ 11 സ്ത്രീകളാണ് അംഗങ്ങളായിട്ടുള്ളത്. തിരൂർ എസ്.ബി.ഐ.യിൽ നിന്നും 44,000 രൂപ വായ്പ്പയും സഹായധമായി 22,000 രൂപയും ലഭിച്ചിട്ടുണ്ട്. ഒഴൂരിൽ ഗ്രാമീണ വനിതാ ശിശു വികസന പദ്ധതിയിൻകീഴിൽ 1989-90 കാലഘട്ടത്തിൽ പത്തു വനിതകൾ ചേർന്ന് ഒരു കയർ യൂണിറ്റ് പ്രവർത്തനം തുടങ്ങിയെങ്കിലും ഇപ്പോൾ പ്രവർത്തന രഹിതമാണ്. ബാങ്ക് വായ്പ തിരിച്ചടവ് കുടിശ്ശിക വന്നട്ടുണ്ട്.

## സാധ്യതകൾ

16.20 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 26384 വരുന്ന ജനസംഖ്യയും 5199 വീടുകളുമുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയുണ്ടായിട്ടും പ്രസ്തുത ഉൽപന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂണിറ്റു പോലും വളർന്നു വരാത്തത് ഗൗരവമുള്ള കാര്യമാണ്.

ധാരാളം തൊഴിൽ രഹിതരായ യുവതീ യുവാക്കളുള്ള നമ്മുടെ പഞ്ചായത്തിൽ പ്രധാന കാർഷികോൽപന്നമായ നാളികേരം അസംസ്കൃത വസ്തുവാക്കി തുടങ്ങാൻ കഴിയുന്ന മിക്ക വ്യവസായങ്ങൾക്കും സാധ്യതയുണ്ട്. —കയർ വ്യവസായം, ആധുനിക രീതിയിലുള്ള കൊപ്രസംസ്ക്കരണ ശാല, നാളികേരത്തിൻെറ വെള്ളം ശീതളപാനീയമാക്കൽ, ചിരട്ട, തൊണ്ട് എന്നിവ ഉപയെഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കൽ— പഞ്ചായത്തിലെ തയ്യൽ തൊഴിൽ അറിയാവുന്നതും സ്വന്തമായി ഒരു വസ്തു നിർമ്മാണശാല നടത്താൻ പ്രാപ്ത്തരുമല്ലാത്തവരുമായ സ്ത്രീപുരുഷ തൊഴിലാളികൾക്ക് ജോലി സാധ്യതയുള്ള, സ്വകാര്യ വ്യക്തി നടത്തുന്നതോ, വനിതാ വ്യവസായ സംഘങ്ങളുടെ മേൽനോട്ടത്തിൽ ഉള്ളതോ ആയ വസ്തു നിർമ്മാണ യൂണിറ്റിന്, സാധ്യതയുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ കളിമണ്ണ് മറ്റു പ്രദേശങ്ങളിൽ നിന്നും ലഭിക്കുകയാണെങ്കിൽ മൺപാത്ര നിർമ്മാണശാലക്കും, കൈത നട്ടു പിടിപ്പിച്ചോ മറ്റു പ്രദേശങ്ങളിൽ നിന്നും യഥേഷ്ടം കൈതയോ സുലഭമാക്കുകയോ ചെയ്താൽ പായ് നെയ്ത്ത് അറിയാവുന്ന ധാരാളം കുടുംബങ്ങൾ ഉള്ള നമ്മുടെ പഞ്ചായത്തിൽ പായനിർമ്മാണ ശാലക്കും, കൂട്ടനെയ്ത്തിനുള്ള മുള നൽകുകയും നെയ്തെടുത്ത ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുകയും ചെയ്താൽ പരമ്പരാഗത കുടിൽ വ്യവസായം ഉപജീവനമാക്കിയിരിക്കുന്നതും ഇപ്പോൾ തൊഴിലവസരം നഷ്ടപ്പെട്ടവരുമായ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ സാധിക്കും.



# വിദ്യാഭാസം



മലപ്പുറം ജില്ലയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിൽ നിന്നും വളരെ ദൂരത്തല്ലാതെ സ്ഥിതിചെയ്യുന്ന പഞ്ചായത്താണിത്. തീരപ്രദേശത്തോടടുത്താണെങ്കിലും കുന്നും മലയും നിറഞ്ഞതാണ് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശവും. ജനസംഖ്യയിൽ വളരെ മുമ്പിൽ നിൽക്കുന്ന പഞ്ചായത്താണെങ്കിലും വിദ്യാഭ്യാസ കാര്യത്തിൽ ജില്ലയിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ പഞ്ചായത്തിൽ അവശ്യം ലഭ്യമാണെങ്കിലും സെക്കൻററി തലം മുതൽക്കുള്ള വിദ്യാഭ്യാസ കാര്യത്തിൽ പഞ്ചായത്ത് വളരെ പിന്നിലാണ്. സർവ്വകലാശാലാ വിദ്യാഭ്യാസമുൾപ്പെടെയുള്ള ഉന്നതാ വിദ്യാഭ്യാസത്തിനായി 17 കിമീ. അകലെയുള്ള തിരൂർ ഗവ. കോളേജിനേയോ അതിലുമധികം ദൂരമുള്ള തിരൂരങ്ങാടി കോളേജിനേയോ ആണ് പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം ഗതാഗത സൗകര്യം വളരെ കുറഞ്ഞ ഒരു ഗ്രാമപ്രദേശമാണിത്. ഇത് വിദ്യാഭ്യാസപരമായ ഒരു പിന്നോക്കാവസ്ഥക്ക് കാരണമാണ്. വിദ്യാഭ്യാസത്തിൻെറ അഭാവത്താൽ വിദ്യാസമ്പന്നരുടെ ലഭ്യത നമ്മുടെ ജില്ലയുടെ പിന്നോക്കാവസ്ഥ പോലെതന്നെ വിദ്യാഭ്യാസ രംഗത്തും സാക്ഷരതയിലും നമ്മുടെ പഞ്ചായത്തും വളരെ പിന്നിലാണ്.

ഇവിടുത്തെ വിദ്യാഭ്യാസ സംവിധാനം മുഖ്യമായും സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളെ ആശ്രയിച്ചാണ് നടക്കുന്നത്. ഇതിൽ തന്നെ സർക്കാർ സ്ഥാപനങ്ങൾ വളരെ കുറവാണ്. സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളും അൺ എയ്ഡഡ് വിദ്യാലയങ്ങളും താരതമ്യേന കുറവാണ്. വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിലെ അംഗനവാടികൾ നടത്തുന്ന പ്രവർത്തനങ്ങൾ സ്മരണീയമാണ്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്ന തരത്തിൽ ആവശ്യമായ വിദ്യാലയങ്ങൾ ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു. 7 എൽ. പി.

സ്ക്കൂളുകളും രണ്ട് യു. പി. സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും മാത്രമുള്ള പഞ്ചായത്തിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസത്തിന് പോലും വിദ്യാർത്ഥികൾ സമീപ പഞ്ചായത്തുകളെ ആശ്രയിക്കുന്ന കാഴ്ച കാണാവുന്നതാണ്. യു. പി, ഹൈസ്ക്കൂൾ വിദ്യാലയങ്ങൾ സമീപ പ്രദേശങ്ങളിൽ ഇല്ലാത്തത് കാരണം പലപ്പോഴും വിദ്യാർത്ഥികൾ എൽ. പി. ക്ലാസുകളിൽ വെച്ച് തന്നെ ഔപചാരിക വിദ്യാഭ്യാസം അവസാനിപ്പിക്കുന്നു. പെൺകുട്ടികളാണ് ഇത്തരം ദുര്യോഗത്തിന് പ്രധാനമായും വിധേയരാകുന്നത്.

1915 ൽ സ്ഥാപിതമായ ഒഴൂർ, കരിങ്കപ്പാറ, എലിമൻററി സ്ക്കൂളുകളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയങ്ങൾ. ഇത് പിന്നീട് ഒഴൂർ. ജിഎൽ.പി.സ്ക്കൂൾ ആയും. കരിങ്കപ്പാറ ജിയുയപി. സ്ക്കൂൾ ആയും മാറി. ഇപ്പോഴത്തെ ഒന്നാം വാർഡിൽ ഉൾപ്പെട്ട പീടികത്തറയിലെ ഒരു നെടുംപുരയിലാണ് സ്ക്കൂൾ ആദ്യമായി ആരംഭിച്ചത്. നെടുംപുരയുടെ പതനത്തെ തുടർന്ന് കളത്തിൽ മാധവൻ കുട്ടി മേനോൻെ ഉടമസ്ഥതയിലുള്ള ഒരു പീടികയിലേക്ക് വിദ്യാലയം മാറ്റി സ്ഥാപിച്ചു. ഇപ്പോഴും ഈ വിദ്യാലയത്തിന് സ്വന്തമായി സ്ഥലമില്ല.

തുടർന്ന് ഓമച്ചപ്പുഴ എ. എം. എൽ. പി. സ്ക്കൂളും സ്ഥാപിതമായി. അയ്യായ എ. എം. എൽ. പി, കോറാട് ജി. എം. എൽ. പി, മണലിപ്പുഴ ജി. എം. എൽ. പി., എരനല്ലൂർ എ.എം.എൽ.പി, തലക്കട്ടൂർ എ.എം.എൽ.പി. എന്നിവയാണ് പഞ്ചായത്തിലെ മറ്റ് എൽ. പി. സ്ക്കൂളുകൾ. കരിങ്കപ്പാറ ജി. എം. യു. പി. , അയ്യായ എ. എം. യു. പി. എന്നിവയാണ് യു. പി. സ്ക്കൂളുകൾ. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ഒഴൂർ സി. പി. പി. എച്ച്. എം. എച്ച് എസ്. ആണ്. പഞ്ചായത്തിൽ ആകെ 10 വിദ്യാലയങ്ങൾ ഉള്ളതിൽ 4 വിദ്യാലയങ്ങളാണ് സർക്കാർ ഉടമസ്ഥ തയിലുള്ളത്. 3 എൽ. പി. പ്ലസ് 1 യു. പി. പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാത്തതിനാൽ പല വിദ്യാലയങ്ങളുടെയും സ്ഥിതി വളരെ പരിതാപകരമാണ്. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ ഒഴൂർ ജി. എൽ. പി. എസ് പതിറ്റാണ്ടുകൾ പലതു കടന്നിട്ടും ഇന്നും സ്വന്തമായ കെട്ടിടമോ, മറ്റ് സൗകര്യമോ ഇല്ലാതെ നട്ടം തിരിയുകയാണ്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന മണലിപ്പുഴ ജി. എം. എൽ. പി. സ്ക്കൂളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് യു. പി. തലത്തിലുള്ള വിദ്യാഭ്യാസത്തിനായി 5 കി. മീ. അകലെയുള്ള വിദ്യാഭ്യാസ സ്ഥാപനത്തെയാണ് ആശ്യയിക്കേണ്ടി വരുന്നത്. അത് കൊണ്ട് തന്നെ ഈ വിദ്യാലയം ഒരു യു. പി. സ്ക്കാളായി ഉയർത്തേണ്ടത് വളരെ അത്യാവശ്യമാണ്. സ്ക്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കുള്ള ഗതാഗത സൗകര്യത്തിൻെറ അഭാവം കുട്ടികളുടെ പഠന നിലവാരത്തെ സാരമായി സ്വാധീനിക്കുന്നുണ്ട്. പഞ്ചായത്തിലെ പല സ്ക്കൂളുകളിലേയും ഭൗതിക സാഹചര്യത്തിൻെറ അഭാവം മൂലം കുട്ടികളെ ക്ലാസിൽ കുത്തി തിരുകിയിരുത്തേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. 100 മുതൽ 120 വരെ കുട്ടികൾ ഒരു ക്ലാസിൽ ഇരുന്ന് പഠിക്കുന്ന കാഴ്ച പഞ്ചായത്തിലെ പല സ്ക്കൂളുകളിലും കാണാവുന്നതാണ്. ഇത്തരത്തിലുള്ള വിദ്യാർത്ഥി അദ്ധ്യപക അനുപാതത്തിൻെറ വർദ്ധന പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ വളരെ താഴ്ത്തുന്നുണ്ട്. കൂടാതെ ഗവൺമെൻറ് സ്ക്കൂളുകളിൽ വേണ്ട സമയത്ത് അദ്ധ്യാപകരെ നിയമിക്കാത്ത സ്ഥിതിയുണ്ട്. ഇത് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ഒരു ശാപമാണ്.

വിദ്യാർഥികളുടെ കൊഴിഞ്ഞ് പോക്ക് വളരെ കൂടുതലുള്ള ഒരു പ്രദേശമാണിത്. വിദ്യാഭ്യാസത്തിൻെറ ഓരോ ഘട്ടം കഴിയുമ്പോഴും അതിനിടക്ക് വെച്ചും ധാരാളം കുട്ടികൾ സ്ക്കൂളിൽ നിന്ന് വിട്ട് പോകുന്നു. ഇതിൻെറ കാരണങ്ങളിൽ ഒന്ന് രക്ഷിതാക്കളുടെ അവബോധക്കുറവാണെങ്കിൽ മറ്റൊന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാനുള്ള ഗതാഗത ബുദ്ധിമുട്ടാണ്. ഓമച്ചപ്പുഴ, തലക്കെട്ടൂർ, മണലിപ്പുഴ, പറപ്പാറപ്പുറം, ഒഴൂർ തുടങ്ങിയ പ്രദേശങ്ങളിതെ കൊഴിഞ്ഞ് പോക്കിൻെറ പ്രധാന കാരണം യാത്രാ സൗകര്യത്തിൻെറ അഭാവമാണ്. കുന്നുകളും, കുഴികളും കുണ്ടും നിറഞ്ഞ ഈ പ്രദേശത്ത് വർഷക്കാലമായാൽ കുട്ടികൾക്ക് വിദ്യാകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ പ്രയാസമാണ്. 1982 ൽ സ്ഥാപിതമായ ഒഴൂർ സി. പി. പി. എം. എച്ച്. എസ്. ആണ് പഞ്ചായത്തിലേ ഏക

ഹൈസ്ക്കൂൾ. പഠിപ്പ് മുടക്ക് ഒട്ടും തന്നെയില്ലാത്ത ഈ വിദ്യാലയത്തിലെ എസ്. എസ്. എൽ. സി. വിജയ ശതമാനം ആശങ്കാജനകമാണ്. ആരംഭഘട്ടത്തിൽ ഉയർന്ന വിജയശതമാനം ഉണ്ടായിരുന്ന വിദ്യാലയത്തിലുപ്പോൾ എസ്. എസ്. എൽ. സി. വിജയ ശതമാനം വളരെക്കുറവാണ്. പല കാരണങ്ങളും ഇതിന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. രണ്ടായിരത്തോളം കുട്ടികൾ അദ്ധ്യയനം നടത്തുന്ന ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത് തന്നെ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ എന്ന തീരുമാനപ്രകാരമായിരുന്നു. 1982 നു മുമ്പ് ഇവിടെ വിദ്യാർത്ഥികൾ കിലോമീറ്ററുകൾ അപ്പുറമുള്ള അടുത്ത പഞ്ചായത്തിലെ ദേവതാർ, ചെട്ടിയാം കിണർ, കൽപ്പഞ്ചേരി തുടങ്ങിയ വിദ്യാലയങ്ങളെ ആയിരുന്നു ആശ്രയിച്ചിരുന്നത്. ഇപ്പോഴും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 5 കി. മീ. നടന്നെത്തി വേണം ഈ വിദ്യാലയത്തിൽ പഠനം നടത്താൻ. സൗകര്യപ്രദമായ കളി സ്ഥലമോ, ലബോറട്ടറി സൗകര്യമോ ഈ വിദ്യാലയത്തിൽ ഇല്ല. അദ്ധ്യാപക രക്ഷാകർതൃ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കാത്തതും ഈ വിദ്യാലയത്തിന്റെ പഠന നിലവാരത്തെ ബാധിക്കുന്നുണ്ട്. ഈ ഹൈസ്ക്കൂളിലെ വിജയിക്കുന്നവരുടെ മാർക്ക് കുറവായതിനാൽ വളരെ ചെറിയൊരു വിഭാഗത്തിന് മാത്രമേ ഉപരി പഠനത്തിന് പ്രവേശനം ലഭിക്കാറുള്ളൂ. വിജയിക്കുന്ന ഭൂരിഭാഗം കുട്ടികളും തിരൂരിലെ പാരലൽ കോളെജുകളെ ശരണം പ്രാപിക്കുന്നു. ഈ പഞ്ചായത്തിൽ ടൈപ്പറൈറ്റിങ്ങ് സ്ഥാപനങ്ങളോ, കമ്പ്യൂട്ടർ ട്രൈനിംഗ് അടക്കമുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങളോ ഒന്നും തന്നെയില്ല. ഒരു അംഗീകൃതമല്ലാത്ത നേഴ്സറി സ്ഥാപനം മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. മൂന്ന് വയസ്സിനും അഞ്ച് വയസ്സിനും ഇടയിലുള്ള കുട്ടികളിൽ അധികവും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ പോകുന്നതിനാൽ മറ്റിടങ്ങളിൽ നിന്നും വ്യത്യസ്തമായി ഇംഗ്ലീഷ് മീഡിയം പ്രീ. പ്രൈമറി വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിൽ വെറും 12 അംഗൻ വാടികൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അംഗൻവാടികൾ ഇനിയും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. മുസ്ലീങ്ങളുടെ മതപഠന സ്ഥാപനമായി മദ്രസകൾ ഈ പഞ്ചായത്തിലും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരിൽ വിരലിലെണ്ണാവുന്നപേർ മാത്രമേ തദ്ദേശിയരുള്ളൂ. ബാക്കിയുള്ളവർ മറ്റു ജില്ലകളിൽ നിന്നും വന്നവരാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ലാസ് മുറിക്ക് വെളിയിലേക്ക് നയിക്കുന്നു. പ്രായപൂർത്തിയായാൽ ഗൾഫ് നാടുകളിലെത്താൻ വ്യാഗ്രത കാട്ടുന്ന വിദ്യാർത്ഥികൾ പഠന പ്രവർത്തനങ്ങളിൽ നിന്നും അകന്ന് പോകുന്നു.

പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നാമമാത്രമാണ്. രണ്ട് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയെ കേന്ദ്രീകരിച്ചു കൊണ്ടുള്ള അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം ഒന്നും തന്നെ നടക്കുന്നില്ല. ആകെ പറയാവുന്നത് പൊതുജന പങ്കാളിത്തത്തോടെ നടത്തിയ സാക്ഷരതാ പ്രവർത്തനമാണ്. ഈ പ്രവർത്തനം പഞ്ചായത്തിൽ ഊർജ്ജിതമായി നടന്നുവങ്കിലും തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവം മൂലം സാക്ഷരരായവർ തന്നെ നിരക്ഷരരായി മാറി. നിരക്ഷരരായ ജനങ്ങൾ ഈ പ്രദേശത്തിന്റെ ഒരു ശാപമാണ്. മറ്റെല്ലാത്തിനും ഉപരിയായി ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥക്കുള്ള മുഖ്യ കാരണവും ഈ നിരക്ഷരത തന്നെ. ഇത് മൂലം തങ്ങളുടെ കുട്ടികളെ കൃത്യസമയത്ത് വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനും അവരുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനും അവർക്ക് സാധിക്കുന്നില്ല. എന്നാൽ പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തെ ജനങ്ങൾ താരതമ്യേന വിദ്യാഭ്യാസമുള്ളവരും ഉദ്യോഗസ്ഥരുമാണ്. അവർ തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തൽ ശ്രദ്ധിക്കുന്നവരുമാണ്.

ഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യ മേഖലയിൽ ആയതിനാലും നിയമനം പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിലല്ല എന്നതിലും സ്വകാര്യ വിദ്യാലയങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ജനങ്ങൾ മടിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത സ്ക്കൂളിന്റെ ചുറ്റുപാടിൽ അദ്ധ്യയനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ

അർത്ഥത്തിലും പിന്തള്ളപ്പെട്ടുപോകും. ഇത്തരത്തിൽ അദ്ധ്യാപകനും രക്ഷിതാവും മാനേജരും ബഹുജനങ്ങളും എല്ലാം അടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കാൻ നാം പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. മിടുക്കരായ വിദ്ധ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകാൻ നാം തയ്യാറാകണം.

സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ വളരെ ചെറിയ ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്നുണ്ട്. 1995 - 96 വർഷത്തിൽ കൊഴിഞ്ഞ് പോയവരുടെ വിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വിഭാഗം | എസ്.സി. എസ്.ടി | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എൽ.പി. | 1 | - | 1 | 13 | 12 | 25 |
| യു.പി. | - | - | - | 38 | 12 | 50 |
| എച്ച്.എസ് | - | 2 | 2 | 23 | 21 | 44 |

ഈ പഞ്ചായത്തിലെ സ്ക്കൂളുകളിലെ ആകെ അദ്ധ്യാപകർ ആകെ 223 ആണ്. പട്ടിക ചുവടെ കൊടുത്തിരിക്കുന്നു. ആകെ വിദ്യാർത്ഥികൾ 7784.

| നമ്പർ | സ്ക്കൂളിൻെറ പേര് | ഗവ. പ്രൈ. | ആകെ വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | ഒഴൂർ ജി. എൽ.പി.സ്ക്കൂൾ | ഗവ. | 243 | 249 | 492 | 9 |
| 2 | അയ്യായ എ. എം. എൽ. പി. | എയ്ഡഡ് | 221 | 215 | 436 | 12 |
| 3 | കോറാട്. ജി. എം. എൽ. പി. | ഗവ. | 126 | 122 | 248 | 6 |
| 4 | ഓമച്ചപ്പുഴ എ. എം. എൽ.പി. | എയ്ഡഡ് | 208 | 202 | 410 | 10 |
| 5 | എരനെല്ലൂർ എ.എം.എൽ.പി. | എയ്ഡഡ് | 93 | 88 | 181 | 5 |
| 6 | മണലിപ്പുഴ ജി.എം.എൽ.പി. | ഗവ. | 192 | 202 | 394 | 7 |
| 7 | കരിങ്കപ്പാറ ജിയു.പി.സ്ക്കൂൾ | ഗവ. | 688 | 625 | 1313 | 33 |
| 8 | തലക്കെട്ടൂർ എ.എം..എൽ.പി. | എയ്ഡഡ് | 121 | 114 | 235 | 10 |
| 9 | അയ്യായ എ. എം. യു. പി. | എയ്ഡഡ് | 1086 | 1019 | 2107 | 56 |
| 10 | ഒഴൂർ സി.പി.പി.എച്ച്.എം.എച്ച്.എസ്. | എയ്ഡഡ് | 935 | 1033 | 1968 | 75 |

ഗവ. സ്ക്കൂളിലെ അദ്ധ്യാപകരുടെയും വിദ്ധ്യാർത്ഥികളുടെയും കണക്ക്.

| | | |
|---|---|---|
| ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ | - | 223 |
| നാല് ഗവ. സ്ക്കൂളിലെ അദ്ധ്യാപകരുടെ എണ്ണം | - | 55 |
| ഗവ. അദ്ധ്യാപകരുടെ ശദമാനം | - | 24.66 |
| പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം. | - | 7784 |
| ഗവ. സ്ക്കൂളിലെ വിദ്ധ്യാർത്ഥികൾ | - | 2447 |
| ശതമാനം | - | 31.44 |

| നമ്പർ | വിഭാഗം | ആകെ.കുട്ടി. | ആൺ | പെൺ | ശതമാനം |
|---|---|---|---|---|---|
| 1 | എൽ. പി. | 2396 | 1204 | 1192 | 30.00 |
| 2 | യു. പി. | 3420 | 1176 | 1644 | 44 |
| 3 | എച്ച് എസ്. | 1968 | 935 | 1033 | 25 |
| ആകെ | | 7784 | 3915 | 38.69 | |

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും മക്കളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറാണ്. ഇവിടെ നിന്നും ദൂരങ്ങളിലുള്ള ഇംഗ്ലിഷ് മീഡിയം സ്ക്കൂളിലേക്ക് വളരെ കുറച്ച് കുട്ടികൾ മാത്രമേ പോകുന്നുള്ളു.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരണങ്ങളുടേയും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരുക്കുന്നത്. 11 ഗ്രാമ സഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചക്ക് വിധേയമായി. പൊതുവായി അക്കാഡമിക്ക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തിയിട്ടുണ്ട്. അക്കാദമിക് നിലവാരത്തകർച്ച, പാടപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാല താമസം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഉച്ചക്കഞ്ഞി, പി.ടി.എ. കൾ, പുതിയ സ്ക്കൂളുകളുടെ ആവശ്യകത, ചില സ്ക്കൂളുകളുടെ അപ്ഗ്രഡേഷൻ, മാസാന്ത പരീക്ഷകൾ, പാഠ്യേതരപ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചെല്ലാം. ഓരോ ഗ്രാമസഭയിലും ചർച്ച നടന്നതായി കാണാം.

ഇത്തരം ഒരു റിപ്പോർട്ടിൽ പ്രഥമ പരിപാടികളിൽ മുൻഗണന അറിയിക്കുന്ന ഒന്നാണ് അക്കാദമിക് കാര്യങ്ങൾ. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിൻെറ യോഗ്യതാ ചിഹ്നങ്ങളായി പരിഗണിക്കപ്പെടുന്നു. ഇവിടുത്തെ വിദ്യാലയങ്ങളിലെ സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതകൾ താഴെ കാണിച്ച പട്ടികയിൽ കൊടുത്തിരിക്കുന്നു.

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 6 | 4 |
| പ്രവർത്തിക്കാതത് | - | 4 |
| ലാബ് | 3 | 7 |
| പ്രവർത്തിക്കാത്തത് | - | 7 |
| പഠനോപകരണങ്ങൾ | 5 | 5 |
| റേഡിയൊ | 8 | 2 |
| | ഉള്ളത് | ഇല്ലാത്തത് |
| ടേപ്പ്റിക്കോർഡർ | 6 | 4 |
| ടെലിവിഷൻ | - | 10 |
| സിനിമാപ്രൊജക്റ്റർ | - | 10 |
| സ്ലൈഡ് പ്രൊജക്റ്റർ | - | 10 |
| ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | 15 | - |
| മാതൃസംഘം സജീവം | 9 | 1 |
| ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ | 7 | 3 |

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഘലയുടെ ഏറ്റവും വലിയ പോരായ്മയാണ്. ഈ പഞ്ചായത്തിലെ ഗവ. സ്ക്കൂളുകളിലെ ക്ലാസുകൾ താൽക്കാലിക ഷെഡിൽ നടത്തുന്നുണ്ട്. കരിങ്കപ്പാറ സ്ക്കൂൾ ഇപ്പോഴും സെഷണൽ സമ്പ്രദായത്തിലാണ് പ്രവൃത്തിക്കുന്നത്, മൂത്രപ്പുര കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത ചുവടെ കൊടുത്തിരിക്കുന്നു.

| നമ്പർ | സ്ക്കൂൾ | വിദ്യാ. | അധ്യാ | മൂത്രപ്പുര | കക്കൂസ് | കുടി.വെ | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ഒഴൂർ ജി.എൽ.പി. സ്ക്കൂൾ | 492 | 9 | 1 | 1 | ഇല്ല | ഇല്ല |
| 2 | അയ്യായ എ.എം.എൽ.പി. | 436 | 12 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 3 | കോറാട് ജി.എൽ.പി | 248 | 6 | 2 | 1 | ഇല്ല | ഇല്ല |
| 4 | ഓമച്ചപ്പുഴ എ.എം.എൽ.പി | 410 | 10 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 5 | എരനെല്ലൂർ എ.എം.എൽ.പി. | 181 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 6 | മണലിപ്പുഴ ജി.എം.എൽ.പി. | 394 | 7 | 1 | 1 | ഉണ്ട് | ഇല്ല |
| 7 | കരിങ്കപ്പാറ ജി.യു.പി. | 1313 | 33 | 1 | 1 | ഉണ്ട് | ഇല്ല |
| 8 | അയ്യായ എ.എം.യു.പി | 2107 | 56 | 4 | 2 | ഉണ്ട് | ഉണ്ട് |
| 9 | ഒഴൂർ സി.പി.പി.എച്ച്.എം.എച്ച്.എസ് | 1968 | 75 | 3 | 3 | ഉണ്ട് | ഉണ്ട് |
| 10 | കലക്കട്ടൂർ എ.എം.എൽ.പി | 235 | 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

മൂത്രപ്പുരയില്ലാത്ത 3 സ്ക്കൂളുകളും കക്കൂസ് ഇല്ലാത്ത 4 സ്ക്കൂളുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഉള്ളതുതന്നെ ആവാശ്യാനുസരണം തികയുന്നില്ല.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. എസ്.എസ്.എൽ.സി വിജയശതമാനവും 95-96ലെ കാൽപാദ വാർഷിക പരീക്ഷക്ക് 3മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ മാർക്കും പട്ടികയായി ചേർത്തിരിക്കുന്നു.

| സ്ക്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| സി.പി.പി.എച്ച്.എം.എച്ച്.എസ്. | 20% | 25% | 15% | 12% | 33% |

**പട്ടിക കാൽപാദപരീക്ഷ 95–96**

| സ്റ്റാൻഡേർഡ് | 30%ത്തിന് താഴെ | 30നും 40നും ഇടയിൽ | 40% ടു 50% | 50% ടു 60 | 60%ന് മുകളിൽ |
|---|---|---|---|---|---|
| 3 | 215 | 120 | 145 | 99 | 95 |
| 4 | 221 | 130 | 139 | 104 | 90 |
| 5 | 334 | 290 | 137 | 151 | 99 |
| 6 | 309 | 254 | 127 | 144 | 108 |
| 7 | 314 | 247 | 144 | 147 | 110 |
| 8 | 320 | 200 | 160 | 80 | 40 |
| 9 | 272 | 139 | 104 | 83 | 100 |
| 10 | 200 | 100 | 50 | 25 | 95 |

ഈ പഞ്ചായത്തിലെ നിരവധി സ്ക്കൂളുകൾ പഠനനിലവാരത്തിൽ വളരെ പിന്നോക്കമാണ്. വിദ്യാർത്ഥി സമരം മൂലം ഒറ്റ അധ്യയന ദിനങ്ങൾ പോലും നഷ്ടമാകാതിരുന്നിട്ടും ഹൈസ്ക്കൂളിലെ വിജയ ശതമാനം വളരെ കുറയുന്നത് പരിശോധിക്കണം.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരും കാലത്തേക്ക് വേണ്ടി വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദ വിവരം താഴെ കൊടുത്തിരിക്കുന്നു.

o രണ്ടാംവാർഡിലെ ഒഴൂർ ജി.എൽ.പി. സ്ക്കൂളിന് സ്വന്തംമായി സ്ഥലം അക്വയർ ചെയ്യുകയും സ്ക്കൂൾ യു.പിയായി ഉയർത്തുകയും ചെയ്യുക. നാലാം വാർഡിൽ ഒരു യു.പി. സ്ക്കൂൾ ആരംഭിക്കുക. പാറപ്പുറപ്പുറത്ത് ഒര് എൽ.പി. സ്ക്കൂൾ അടിയന്തിരമായി സ്ഥാപിക്കുക.

o പഞ്ചായതിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു ഹൈസ്ക്കൂൾ കൂടി സ്ഥാപിക്കുക.

o മണലിപ്പുഴ ജി.എം.എൽ.പി.എസ്., കോറാട് ജി.എം.എൽ.പി.എസ്. എരനല്ലൂർ എ.എം.എൽ.പി.എസ്. എന്നീസ്ക്കൂളുകൾ യു.പിസ്ക്കൂളുകളായി ഉയർത്തുക.

o സർക്കാർ വിദ്യാലയങ്ങളിൽ ആവശ്യാനുസരണം ഫർണ്ണിച്ചറുകളും കെട്ടിടങ്ങളും നിർമ്മിക്കുക. യഥാസമയം അധ്യാപകരെ നിയമിക്കുക.

o എൽ.പി. സ്ക്കൂളുകളോട് അനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ. പ്രൈമറികൾ ആരംഭിക്കുക.

o എല്ലാ വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി വിതരണം നടത്തുക.

o സ്ക്കൂളുകളുടെ അറ്റകുറ്റപണികൾ നടത്തുക.

o അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.

o പി.ടി.എ,കളും, എം.പി.ടി.എ.കളും സജീവമാക്കുവാൻ യത്നിക്കുക.

o വിദ്യാലയങ്ങളിലെത്താനുള്ള പൊതുവഴികൾ ഗതാഗതയോഗ്യമാക്കുക.


o പ്രീഡിഗ്രിക്ക് തുല്യമായ ഹയർ സെക്കൻഡറി സ്ക്കൂളുകൾ സ്ഥാപിക്കുക.

o അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻ നിർത്തി ഒരു ദൃശ്യ ശ്രാവ്യ സങ്കേതത്തിന് രൂപം നൽകണം.


o ഐ.ടി.സി., ഐ.ടി.ഐ പോലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.

മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മൊത്സുകതയെ ത്വരിപ്പിക്കുകയും അതുവഴി പഠന പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുകയുമാണ് വേണ്ടത്.

മാസാന്തര പരീക്ഷകളും മാതൃസംഗമങ്ങളും പി.ടി.എ.കളും ഒത്തുചേർന്നാൽ വിദ്യാഭ്യാസമേഖലക്ക് ഒരു പുതിയ ഉണർവ്വ് നൽകാൻ കഴിയും.



# കുടിവെള്ളം - പൊതുജനാരോഗ്യം



"തരുമോ കുടിക്കാനൊരിറ്റു കണ്ണുനീരെങ്കിലും" എന്ന കവി വാക്യം ദാഹവിവശനായവൻെറ വേദനയറിയിക്കുന്നു. കുടിവെള്ളം ജനതയുടെ ജീവനാണ്. ഒഴൂർ പഞ്ചായത്തിലെ 99% ജനങ്ങളും ഈ ആവശ്യത്തിന് കിണറുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ 2856 കിണറുകളിൽ പകുതിയോളം കിണറുകൾ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയുടെ 65%വും രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്.

കേരളവാട്ടർ അതോറിറ്റിയുടെ ഒരു ചെറിയ ജല വിതരണ പദ്ധതിമാത്രമാണ് പഞ്ചായത്തിലുള്ളത്. തലക്കട്ടൂർ ഹരിജൻ കോളനിയിലുള്ള ഈ പദ്ധതി അവിടെയുള്ള ജനങ്ങൾക്ക് തന്നെ വേണ്ടത്ര പ്രയോജനകരമല്ല. വിവിധ വാർഡുകളിലായി കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഒന്നും ഉപകാരയോഗ്യമല്ല.

ജലജന്യ രോഗഹങ്ങൾ 1994-95 ലേതിനേക്കാൾ 1995-96 ൽ വർദ്ധിച്ചിതായിക്കാണാം. 1994-95ൽ 255 പേർക്ക് ജലജന്യ രോഗങ്ങൾ ബാധിച്ചപ്പോൾ 1995-96ൽ ഇത് 285 ആയി വർദ്ധിച്ചു. കുടിവെള്ള ശേഖരണത്തിന് 2 മുതൽ 5 കി.മി. യോളം യാത്ര ചെയ്യേണ്ട അവസ്ഥയാണ് മിക്ക വാർഡുകളിലുള്ളത്. പഞ്ചായത്തിൻെറ ശാപമായി തുടരുന്ന കുടിവെള്ളത്തെ സംബന്ധിച്ചു വിശേഷാൽ ഗ്രാമ സഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും സൂക്ഷ്മ വിശകലനത്തിന് താഴെ ചേർക്കുന്നു.

| കിണറുകൾ | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|
| പൊതുകിണറുകൾ | സ്വകാര്യകിണറുകൾ | | |
| വെള്ളമുള്ളത് 6<br>വെള്ളമില്ലാത്തത് 8 | വെള്ളമില്ലാത്തത്<br>വെള്ളമില്ലാത്തത് | 13 | 2856 |

## കുടിവെള്ളക്ഷാമ പ്രദേശങ്ങൾ പരിഹാര മാർഗ്ഗങ്ങൾ

**1-ാം വാർഡ്-** വാർഡിൻെറ കിഴക്ക് ഭാഗത്തുള്ള 50-60 വീടുകളിൽ കുടി വെള്ള ദൗർലഭ്യമുണ്ട്. കിണർ കുഴിച്ച് വെള്ളം ലഭിക്കാതെ പലരും അതുപേക്ഷിച്ചു. ഒരു സർവ്വേ നടത്തി സ്ഥാന നിർണ്ണയം ചെയ്ത് കിണർ കുഴിക്കാനുള്ള സൗകര്യം ചെയ്യുക. 600ഓളം കുട്ടുൾ പഠിക്കുന്ന ജി.എൽ.പി. സ്കൂളിലെ കിണർ ഉപയോഗശൂന്യമാണ്. ഇതിനു പരിഹാരം കാണുക.

**2-ാം വാർഡ്-** സ്കൂളിലും അംഗൻവാടിയിലും വെള്ള സൗകര്യമില്ല. ഇതിനു പരിഹാരമായി കിണർ

കുഴിക്കുക. നിലവിലുള്ള കിണറുകൾ, കുളങ്ങൾ, ടാപ്പുകൾ തുടങ്ങിയവ ഉപയോഗ യോഗ്യമാക്കുക. ലക്ഷംവീട് കോളനി നിവാസികൾക്ക് ഉപയോഗപ്പെടുമാറ് കോളനിയുടെ തെക്കേ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടണം.

**3-ാം വാർഡ്**– വാർഡിൻെറ കിഴക്കു ഭാഗത്ത് ശുദ്ധജല ക്ഷാമമനുഭവപ്പെടുന്നു. പരിഹാരമായു പൊതുകിണറുകൾ കുഴിക്കുകയോ സ്വകാര്യ കിണറുകൾ കുഴിക്കുന്നതിന് ധന സഹായമോ നൽകുക.

വാർഡിൽ നിലവിലുള്ള പൊതു കിണർ ഉപയോഗശൂന്യമാണ്. ഇതു ഉപയോഗ യോഗ്യമാക്കുക. നിലവിലുള്ള കുളങ്ങൾ കേന്ദ്രീകരിച്ച് ശുദ്ധജല വിതരണ പദ്ധതി ആവിഷ്ക്കരിക്കുക.

**4-ാം വാർഡ്**– വാർഡിലെ പുൽപ്പറമ്പ്, ചുരങ്ങര താഴെ, തലക്കട്ടൂരിൻെറ വടക്ക് ഭാഗം, കുറുവട്ടിശ്ശേരി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഒരൊറ്റ കുഴൽ കിണറുകളും നിലവിലില്ല. ചുരങ്ങര താഴെ, കുറുപട്ടിശ്ശേരി, തലക്കട്ടൂരിൻെറ വടക്ക്, നിലവിലുള്ള പൊതുകിണറിൻെറ സമീപം കുഴൽ കിണർ സ്ഥാപിക്കുക. ഇതിന് ആവശ്യമായ സ്ഥലം നൽകാൻ ജനങ്ങൾ തയ്യാറാണ്. നിലവിലുള്ള വാട്ടർ സപ്ലൈലൈൻ തച്ചാട്ട്പടിവരെ നീട്ടുകയും ടാങ്കിൻെറ കപ്പാസിറ്റി ഉയർത്തുകയും ചെയ്താൽ കുറേ പേർക്ക് കുടിവെള്ളം ലഭിക്കും.

വാർഡിലെ പൊതുകിണർ റിപ്പയർ ചെയ്യുകയും മറ്റൊരു പൊതുകിണർ സ്ഥാപിക്കുകയും ചെയ്യുക. ചിറ്റും ചിലാർ തറക്ക് സമീപം പൊതു കുളം സ്ഥാപിക്കാൻ വേണ്ട സ്ഥലം വിട്ടുതരാൻ ജനങ്ങൾ തയ്യാറാണ്. ഇതു സ്ഥാപിക്കുക യാണെങ്കിൽ മറ്റൊരു മിനി വാട്ടർ സ്കീമുകൂടി ആരംഭിക്കാൻ കഴിയും. എങ്കിൽ വാർഡിലെ കുറേ പേരുടെ ശുദ്ധജല പ്രശ്നം തീർക്കാൻ കഴിയുമെന്ന് കരുതുന്നു. ചുരങ്ങര കിഴക്കുഭാഗത്തുള്ള ചോല ആഴവും വീതിയും കൂട്ടുയും കറുത്താട്ടാറ് *പുത്തൻകുളം* ഏറ്റെടുത്ത് ഉപയോഗ്യമാക്കുകയും ചെയ്താൽ മറ്റു വാർഡിലെ കൂടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

ചുർങ്ങര പടിഞ്ഞാറുഭാഗത്ത് ഒരു സ്വകാര്യ വ്യക്തി പഞ്ചായത്തിന് നൽകിയ 1.5 സെൻറ് സ്ഥലത്ത് കുഴൽകിണർ കുഴിക്കുകയാണെങ്കിൽ പത്തോളം വീടുകൾക്ക് ഉപകാരപ്രദമാകും.

**വാർഡ് 5** - വാർഡിലെ പുന്നക്കപ്പാറ, ഞാറ്റൊട്ടിപ്പാറ, അയ്യപ്പനിടവഴി ചുരങ്ങര എന്നീ സ്ഥലങ്ങളിൽ രൂക്ഷമായ ശുദ്ധജലക്ഷാമമുണ്ട്. വാർഡിൽ രണ്ട് കുഴൽകിണറുകൾ കുഴിച്ചെങ്കിലും വിജയിച്ചില്ല. വാർഡിലെ പൊതു കിണർ റിപ്പയർ ചെയ്യുകയും പുത്തൻകുളം കേന്ദ്രീകരിച്ച് ഒരു മിനി വാട്ടർ സപ്ലയ് സ്കീം ആരംഭിക്കുകയും ചെയ്താൽ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

**വാർഡ് 6**- വാർഡിലെ ജനങ്ങൾ കുടിവെള്ളത്തിന് കിലോമീറ്ററോളം യാത്രചെയ്യുന്നു. മിക്ക സ്ഥലത്തും കുടിവെള്ള ക്ഷാമമുണ്ട്. കോരംവായിലെ കുഴൽകിണർ പ്രവർത്തന ക്ഷമമാക്കുകയും ഉയർന്ന പ്രദേശത്ത് ജലസംഭരണി സ്ഥാപിച്ച് പൊതു ടാപ്പുകൾ വഴി വെള്ളം വിതരണം ചെയ്യുകയുമാണെങ്കിൽ പ്രശ്നം ഭാഗികമായി പരിഹരിക്കാം.

**വാർഡ് 7** - മിക്ക സ്ഥലങ്ങളിലും കുടിവെള്ളക്ഷാമം ഉണ്ട്. കുഴൽക്കിണറുകൾ പരിഹാരമാണെന്ന് കരുതുന്നില്ല. പുൽപ്പറമ്പിൽ പള്ളിക്ക് സമീപമുള്ള കുഴൽകിണറിൽ ധാരാള് വെള്ളം ഉണ്ട്. ഇതാകട്ടെ പ്രവർത്തനരഹിതമാണ്. ഇത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. നാലിടവഴിയിൽ ജലം ലഭിക്കുന്ന ധാരാളം കിണറുകളുണ്ട് അവിടെനിന്നും ലഭിക്കുന്ന ജലം പുൽപ്പറമ്പിൽ ഒരു സംഭരണി സ്ഥാപിച്ച് പൊതു ടാപ്പുവഴി വിതരണം ചെയ്യുകയാണെങ്കിൽ 3 വാർഡിന് ഇതിൻെറ പ്രയോജനം ലഭിക്കും. ആവശ്യമായ സ്ഥലം സൗജന്യമായി നൽകാൻ ജനങ്ങൾ തയ്യാറുമാണ്.

**വാർഡ് 8**- വാർഡിലെ മണലിപ്പുഴ ഓലച്ചപ്പുഴ ഭാഗങ്ങളിലും കുന്നക്കാടിൻെറ ഭാഗത്തും ധാരാളം ജലക്ഷാമമുണ്ട്. 2 കുഴൽകിണറുകളും പൊതു കിണറുകളും ഉണ്ടെങ്കിലും പൂർണ്ണമായും വിജയകരമല്ല. വാർഡിലെ പൊതുകുളമായ. പുതിയകുളം വെള്ളം ധാരാളം ലഭിക്കുമെങ്കിലും പൊളിഞ്ഞുവീണ് കിടക്കുകയാണ്. ഇതിൻെറ കേട് തീർത്ത് ഇവിടെ നിന്നും വെള്ളം നിരപ്പിൻ മുകളിലേക്ക് പമ്പ് ചെയ്യുകയും അവിടെ ഒര് ടാങ്ക് സ്ഥാപിച്ച് ടാപ്പ് വഴി വിതരണം ചെയ്യുക

യുമാണെങ്കിൽ 8,9,10,11 വാർഡുകൾക്ക് ഇത് ഉപകരിക്കും.

വാർഡ് 9– വാർഡിൽ വളരെയേറെ ശുദ്ധജലക്ഷാമമുണ്ട്. കക്കിടിപ്പാറ എസ്റ്റേറ്റ് പടി, ബീവിപ്പടി എന്നിവിടങ്ങളിലാണ് കൂടിതൽ ക്ഷാമമുള്ളത്. രണ്ട് കുഴൽ കിണറുകൾ ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനകരമല്ല. വാർഡിലെ ഉയർന്ന പ്രദേശമായ കുന്നക്കാടിന് മുകളിൽ ഒരു ടാങ്ക് സ്ഥാപിച്ച് വാർഡിലെ പൊതു കുളമായ പൂവത്താൽ കുളത്തിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് പൈപ്പ്ലൈൻ വഴി വിതരണം ആരംഭിക്കുകയാണെങ്കിൽ 4 വാർഡുകളുടെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടും.

വാർഡ് 10– വാർഡിൽ കുടിവെള്ളക്ഷാമം പലഭാഗത്തും അനുഭവപ്പെടുന്നുണ്ട്. കുഴൽ കിണറുകളൊ പൊതു കിണറുകളൊ ഒന്നും തന്നെ ഈ വാർഡിലില്ല. ധാരാളം വെള്ളം ലഭാക്കുന്നതും പി.ഡബ്ലു.ഡിയുടെ കൈവശം ഉള്ളതുമായ, സ്ക്കൂളിന് അടുത്തസ്ഥലം കെ.ഡബ്ലു.എക്ക് വിട്ടുകൊടുക്കുകയും ഇവിടെ ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയുമാണെങ്കിൽ പഞ്ചായത്തിൻെറ തന്നെ ശുദ്ധജലക്ഷാമം പകുതി കുറക്കാൻ കഴിയും.

വാർഡ് 11– വാർഡിൻെറ ഭൂരിഭാഗം പ്രദേശത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ളത്തിന് വേണ്ടി കിലോമീറ്ററോളം യാത്രചെയ്യേണ്ട അവസ്ഥയാണ്. പല കുടുംബങ്ങൾക്കും കിണറിലിത്താതും ഉള്ള കിണറകൾ തന്നെ കരിമ്പാറയായതിനാൽ വെള്ളം ലഭാക്കാത്തതും പൊതു കിണറുകളൊ വാട്ടർ സപ്പെസ്ത്തീമുകളൊ ഇല്ലാത്തതും ശുദ്ധജല ക്ഷാമത്തിന് കാരണമാണ്. ഒരു കുഴൽ കിണർ മാത്രമാണ് വാർഡിലുള്ളത്. അതുതന്നെ ഉപയോഗശൂന്യമാണ്. കിണറുകൾ കുഴിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും നിലവിലുള്ള സഹായത്തിൻെറ സാങ്കേതികത്വം കുറക്കുകയും ഒരു മിനി വാട്ടർ സപ്ലൈസ്ക്കീം ആരംഭിക്കുകയും ചെയ്താൽ വാർഡിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും.

# ആരോഗ്യം

ആരോഗ്യമുള്ള ജനതയാണു പുരോഗതിയുടെ ഘടകം. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും ഈ രംഗത്ത് അജ്ഞരാണ്. വ്യാജ ഡോക്ടർ വിലസിയതും പിടിക്കപ്പെട്ടതും ഈ പഞ്ചായത്തിൻെറ ചരിത്രമാണ്. 1964 വരെ പഞ്ചായത്തിൻെറ ആരോഗ്യ രംഗം പാരമ്പര്യ വൈദ്യങ്ങളിലൊതുങ്ങി. ഈ വർഷത്തിലാണ് പഞ്ചായത്തിൽ ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിതമാകുന്നത്. 11-ാം വാർഡിൽ സ്ഥാപിച്ച ഐ.പി.പി സെൻററും 5 സബ് സെൻററുകളും ഒരു ആയുർവേദ ആശുപത്രിയുമാണ് ഇന്ന് ഈ പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ. ഇതിൽ തന്നെ 5 എണ്ണത്തിന് മാത്രമാണ് കെട്ടിടങ്ങളുള്ളത്. 10-ാം വാർഡിലെ ഒരു സ്വകാര്യ ആശുപത്രിയല്ലാതെ എടുത്തുപറയത്തക്ക സ്വകാര്യ ആശുപത്രികളൊന്നും തന്നെയില്ല.

1995-96ൽ 285 ജലജന്യ രോഗങ്ങളും 24 പ്രാണിജന്യ രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ വായുജന്യ രോഗങ്ങൾ കുറഞ്ഞുവരുന്നതായാണ് കണക്ക്. 1993-94ൽ ഇത് 35 ആയിരുന്നപ്പോൾ 1995-96 ൽ ഇത് 10 ആണ്. വ്യവസായശാലകളുടെ അഭാവമാണിതിന് കാരണമെന്ന് തോന്നുന്നു.

കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇന്ന് പഞ്ചായത്തിലില്ല. നിലവിലുള്ള ഐ.പി.പി. സെൻററിൽ ഇതിനുള്ള സൗകര്യം ഉണ്ടെങ്കിലും ഗതാഗത അസൗകര്യം കാരണം പ്രയോജന പ്പെടുത്താൻ സാധിച്ചിട്ടില്ല. ഈ ആവശ്യാർത്ഥം 5-30 കി.മി യാത്രചെയ്യേണ്ട അവസ്ഥയാണ് പഞ്ചായത്ത് നിവാസികൾക്കുള്ളത്.

പഞ്ചായത്തിലെ ജനന നിരക്ക് 1995-96ലെത് 370ഉം ചാപിള്ള ജനനം 8മാണ്. മരണനിരക്കാവട്ടെ 96ഉം.

ഗ്രാമസഭകളിൽ നിന്നുയർന്ന് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കിയാൽ പ്രശ്നങ്ങൾ ഏറെക്കുറേ പരിഹരിക്കാമെന്നാണ് പ്രതീക്ഷ.

## സ്ഥാപനങ്ങളും സേവനങ്ങളും

ഒഴൂർ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രാഥമിക കേന്ദ്രങ്ങൾ | - | 1 |
| ആയുർവ്വേദ ആശുപത്രി | - | 1 |
| ഐ.പി.പി സെൻറർ | - | 1 |
| ഐ.പി.പി ഉപകേന്ദ്രങ്ങൾ | - | 5 |
| മൊത്തം ജീവനക്കാർ | - | 22 |

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | സ്ഥലം |
|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ, ഒഴൂർ | 11 | 1990 | 13 | പെരിഞ്ചേരി |
| 2 | എഫ്.ഡബ്ല്യൂ.സെൻർ, അയ്യായ | 6 | 1968 | 1 | വെള്ളച്ചാൽ |
| 3 | ഐ.പി.പി സബ്സെൻറർ, കതിർക്കുളങ്ങര | 2 | - | 1 | ,, |
| 4 | ഐ.പി.പി സബ്സെൻറർ, കോറാട് | 7 | - | 1 | കോറാട് |
| 5 | ഐ.പി.പി സബ്സെൻറർ, അപ്പട | 3 | - | 1 | എരനല്ലൂർ, അപ്പാട |
| 6 | ഐ.പി.പി സബ്സെൻറർ, മണലിപ്പുഴ | 8 | - | 1 | ,, |
| 7 | ഐ.പി.പി സബ്സെൻറർ, കരിങ്കപ്പാറ | 9 | - | 1 | ,, |
| 8 | ആയുർവ്വേദ ഡിസ്പെൻസറി, ഒഴൂർ | 1 | - | 3 | ഒഴൂർ |

## കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പറയുമ്പോൾ ശുചിത്വം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇതിൽ പ്രഥമമാണ് കക്കൂസ്. പഞ്ചായത്തിലെ 3059 വീടുകളിൽ നിലവിൽ കക്കൂസില്ല. ഇതിനാൽ വിരശല്യം പോലുള്ള രോഗങ്ങൾ കൂടുതൽ കണ്ടുവരുന്നു.

ഗ്രാമസഭകളുടെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും പരിഹാരങ്ങളും ചുവടെ

1 **സാമ്പത്തിക പരാധീനത**

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവരുടെ സഹായത്താൽ സമ്പത്തിക സമാഹരണം നടത്തുക.

2 **കോളനികളിൽ സ്ഥലപരിമിതി**

പൊതുവായ ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് പരിഹരിക്കാം.

3 **വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ**

ആരോഗ്യ ബോധവൽക്കരണയൂണിറ്റ് പ്രവർത്തനം വിപുലമാക്കുക. ആരോഗ്യപ്രവർത്തകരെ ഉപയോഗിച്ച് ചർച്ചാക്ലാസുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിൻെറ പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക.

## പരിസര ശുചിത്വം

വ്യവസായ വൽക്കരണം കുറവായതിനാൽ പരിസര മലിനീകരണം കുറവാണ്. എങ്കിലും പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ഇതിനുള്ള സാധ്യത കാണുന്നു. ജനസംഖ്യ വർദ്ധനവും ഇതിന് കാരണമായേക്കാം. പൊതുശുചീകരണത്തിൽ പഞ്ചായത്തിൽ സ്ഥിരമായി ജീവനക്കാരെ നിയമിക്കുന്നത് ഉപകാരമായേക്കും. ഗ്രാമസഭകളിൽനിന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ.

1. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം ചപ്പ് നവറുകൾ നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

2 മത്സ്യകച്ചവടവും ഇറച്ചികച്ചവടവും മൂലമുള്ള മലിനീകരണം തടയുന്നതിന് മാർക്കറ്റുകൾ സ്ഥാപിക്കുക.

3 പഞ്ചായത്തിന് മൊത്തമായ ഒരു അറവുശാല സ്ഥാപിവച്ച് പരിശോധനവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറുക്കുന്നതിനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്.

4 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ കൂൾബാറുകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും നിയമം കർശനമാക്കേണ്ടതുമാണ്.

5 അങ്ങാടികൾ ശുചിയാക്കുകയും അവിടങ്ങളിലെ കച്ചവടക്കാരെ ബോധവൽക്കരിക്കുകയും, ഇത് പാലിക്കാത്തവർക്കെതിരിൽ കർശന നടപടി എടുക്കേണ്ടതുമാണ്.

6 അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പ്ചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കളതോട്ടത്തിൽ വളമായി ഉപയോഗിക്കുകയും ചെയ്താൽ ഗൃഹപരിസരം ശുചിയായി സൂക്ഷിക്കാൻ കഴിയും.

7 വീടിനടുത്ത് മലിനജലം കെട്ടിനിൽക്കുന്നത് തടയുക. കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് അവ നശിപ്പിക്കിന്നതോടൊപ്പം കൊതുക് നശീകരണം ഫലപ്രദമാക്കാമാകും. ഇതിനെല്ലാം ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻമാർക്കൊപ്പം ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

### പഞ്ചായത്ത്തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1 **പൊതുസ്മശാനം**

8-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പൊതുസ്മശാനം പഞ്ചായത്തിലെ എല്ലാജനങ്ങൾക്കും ഉപകാരപ്രദമാകാത്തതിനാൽ ആവശ്യാനുസരണം ഒരു പൊതു സ്മശാനം പഞ്ചായത്തിൻെറ മധ്യഭാഗത്ത് സ്ഥാപിക്കുക.

2 പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പ്രാവർത്തിക മാകുന്ന രീതിയിൽ ഒരു കളിസ്ഥലം സ്ഥാപിക്കുക.

3 പ്രൈമറി ഹെൽത്ത് സെൻററിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനവും ആവശ്യമായ മരുന്നുകളും ലഭ്യമാക്കുക. ഒരു വികസന സമിതിയും രൂപീകരിക്കുക.

4 നിലവിലുള്ള ഐ.പി.പി. സെൻററിൻെറ ഉത്ഘാടനത്തിന് വിഘാതം നിൽക്കുന്ന ഗതാഗത അസൗകര്യം പരിഹരിക്കിക.

5 ഹെൽത്ത് സെൻററുകൾക്ക് ആവശ്യമായ മരുന്നുകൾ നൽകുക.

6 സബ് സെൻററുകളില്ലാത്ത എല്ലാ വാർഡുകളിലും സബ് സെൻററുകളും സ്ഥാപിക്കുക. കെട്ടിടമില്ലാത്ത സബ് സെൻററുകൾക്ക് കെട്ടിടം അനുവദിക്കിക.

7 പഞ്ചായത്തിൽ ഒരു ആയുർവേദ സ്ഥാപനം മാത്രമാണ് ഉള്ളത്. ഇത് കൂടാതെ ഇനിയും ആയുർവ്വേദ ആശുപത്രികളും സ്ഥാപിക്കുകയും ചെയ്യുക.

8 ഹോമിയോ ആശുപത്രികൾ ഒന്നും പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഇത് സ്ഥാപിക്കുക.

9 കുടുംബക്ഷേമ കേന്ദ്രങ്ങൾ എല്ലാവാർഡുകളിലും സ്ഥാപിക്കുക.

10 മദ്യം പഞ്ചായത്തിൽ പൂർണ്ണമായും നിരോധിക്കുക.

11 പുകവലിക്കെതിരെയും മറ്റ് ആരോഗ്യത്തിന് ഹാനികരം നിൽക്കുന്ന വിപത്തുകൾക്കെതിരെയും ബോധവൽക്കണം വ്യാപകമാക്കുക.

12 വ്യാജ ചാരായവാറ്റ്, ചാരായവിൽപ്പനയും പൂർണ്ണമായും തടയാൻ നടപടി സ്വീകരിക്കുക.

13 ആരോഗ്യ സ്ഥാപങ്ങൾ വളരെ വിധൂരത്തായതിനാൽ ഒരു മൊബൈൽ ആശുപത്രി സ്ഥാപിക്കുക.

14 വിഷചികിത്സാ സൗകര്യങ്ങൾ ഉണ്ടാക്കുക.

15 കിടത്തിചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികൾ സ്ഥാപിക്കുക.

16 പോഷകാഹാരക്കുറവ് പരിഹരിക്കാൻ അംഗൻവാടികൾക്ക് കൂടുതൽ സാമ്പത്തികസഹായം നൽകുക.

17 കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ജെ.പി.എച്ച്.എൻ. പബ്ലിക് ഹെൽത്ത് നേഴ്സിൻെറ സേവനം ലഭ്യമാക്കുക.

18 ഫീൽഡ് വർക്കർമാരുടെ ഗൃഹസംരക്ഷണം കൂടുതൽ വ്യാപകമാക്കുക.

19 നിലവിൽ കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസുകൾ സ്ഥാപിക്കുക.

# ഗതാഗതം

ഗതാഗത മേഖലയിൽ ഒഴൂർ പഞ്ചായത്ത് പ്രധാനമായും ആശ്രയിക്കുന്നത് റോഡ് ഗതാഗതത്തെയാണ്. റോഡ് ഗതാഗത മേഖലയിൽ ഒഴൂർ പഞ്ചായത്ത് വളരെ പിന്നോക്കമൊണ്. ഗതാഗതത്തിന് ഏകാശ്രയം റോഡ് ആണെങ്കിലും 8 മീറ്റർ വീതിയുള്ള റോഡ് കേവലം 14.726 കിലോമീററാണ്. ഈ പഞ്ചായത്തിലെ മൊത്തം റോഡിൻെറ നീളം 74.394 കീ.മീ. ആണ്. ഇതിൽ 19 കി.മീ. മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. പഞ്ചായത്തിന് കീഴിലുള്ള റോഡിൻെറ ദൈർഘ്യം 60 കി.മീ. ആണ്. ഇതിൽ 7.045 കിലോമീറ്റർ മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ഈ പഞ്ചായത്തിൽ P W D റോഡുകളുമുണ്ട്. ഇവയുടെ ദൂരം 14.726 കി.മീ. ആണ്. റോഡ് ശരാശരിയിൽ സംസ്ഥാന ശരാശരിയുടെ എത്രയോ പിന്നിലാണ് ഒഴൂർ പഞ്ചായത്ത്. കഴിഞ്ഞ 5 വർഷം കൊണ്ടു് ഈ പഞ്ചായത്തിൽ പഞ്ചായത്ത് റോഡുകൾ 3 കി.മീ. വർദ്ധിച്ചിട്ടുണ്ടു്. റോഡ് ഗതാഗതം വർദ്ധിപ്പിക്കുന്നതിന് വേണ്ടി അഞ്ചു് വർഷ കാലയളവിൽ 22,94,308.00 രൂപ ചെലവഴിച്ചിട്ടുണ്ടു്. ഇവിടുത്തെ റോഡ് പരിമിതമാണെങ്കിലും അവയുടെ സ്ഥിതി വളരെ മോശമാണ്. ഈ പഞ്ചായത്തിലെ ഒരൊറ്റ റോഡിനും നടപ്പാതയില്ല. ഓടകളും, കൺവർട്ടറുകളും ചുരുക്കം ചില റോഡുകൾക്കേ ഉള്ളൂ. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ടു് റോഡിൻെറ അറ്റകുറ്റപണി നടത്തുക എന്നത് പഞ്ചായത്തിന് വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ടു്. വയലിനോട് ചേർന്ന് വരുന്ന റോഡുകൾ മിക്കവാറും മഴക്കാലത്ത് ഗതാഗത യോഗ്യമല്ല. കൺവർട്ടറുകളുടെ അപര്യാപ്തതയും, ഓടകളടയുന്നതും, ഓലുചാലുകളില്ലാത്തതുമാണ് ഇതിനു കാരണം. ശരിയായ രീതിയിൽ ഓടകൾ മെച്ചപ്പെടുത്തിക്കൊണ്ടു് റോഡുകളുടെ നില മെച്ചപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ ഒട്ടനവധിയാണ്. പഞ്ചായത്തിലെ 8 മീ.വീതിയുള്ള റോഡായ വെള്ളച്ചാൽ പുത്തൻതെരു റോഡാണ് ഇന്ന് ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതലായി ഗതാഗതയോഗ്യമല്ലാതായി കിടക്കുന്നത്. ഈ റോഡിലൂടെ കാൽനട യാത്രപോലും ദുസ്സഹമാണ്. അത് പോലെ തന്നെ, പെരിഞ്ചേരി, നാലുംകൂടിയ വഴി തെയ്യാല റോഡ്, തെയ്യാല, പുത്തൻപള്ളി റോഡ്, പാറുപ്പാറപ്പുറം-കാവപ്പുര റോഡ്, ഒഴൂർ-താനൂർ റോഡ്, വെട്ട് കുളം-ഓണക്കാട് റോഡ്,

അടിക്കുളം-പാണ്ടിമുറ്റം റോഡ്, ഒഴുകുളം-താനാളൂർ ബോർഡർ റോഡ്, ഞാറ്റുതൊട്ടിപ്പാറ-നാലുംകൂടിയ വഴി റോഡ്, ചുരങ്ങര-വരിക്കോട്ടിൻതറ റോഡ്, കരിങ്കപ്പാറ-നാലുംകൂടിയ വഴി പള്ളിപ്പീടിക റോഡ്, പുലിപ്പറമ്പ്-മുടങ്ങൽ റോഡ്, ഒഴൂർ-ചുടലപ്പറമ്പ് ഹരിജൻ കോളനി റോഡ്, ഒഴൂർ-തറയിൽപീടിക റോഡ്, ഇല്ലത്തപ്പടി-ചുരങ്ങരറോഡ്, കരിങ്കപ്പാറ-പറപ്പാറപ്പുറം റോഡ്, ഇല്ലത്തപ്പടി-താനാളൂർ റോഡ്, അയ്യായിക്കുന്ന് ജാറം-തറമ്മൽപടി റോഡ്, അയ്യായ-അയ്യപ്പനിടവഴി റോഡ്, ചുരങ്ങര-അമ്പലപ്പറമ്പ് റോഡ്, ഒഴൂർ-താനാളൂർ റോഡ് ഏകതപ്പുറം അടിക്കുളം റെയിൽവേ ഗെയ്റ്റ് റോഡ്, അടിക്കുളം ഓണക്കാട് റോഡ്, തയ്യിൽ ഇടവഴി റോഡ് എന്നിവ ഗതാഗത യോഗ്യമല്ലാത്ത കിടക്കുകയാണ്.

ഒന്നാം വാർഡിൽ 8 കിലോമീറ്ററോളം റോഡുണ്ട്. ഇതിൽ ടാർ ചെയ്തത് 3 കി.മീ യും, PWD ഏറ്റെടുത്തത് 3 കി.മീയും, വാഹന ഗതാഗതമില്ലാത്തത് 2 കി.മീ.യും ഉണ്ട്. ഇവയുടെ വികസന കാര്യത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായിട്ട് പഞ്ചായത്തോ അതുമായി ബന്ധപ്പെട്ട വകുപ്പുകളോ ഒന്നും തന്നെ ചെയ്തിട്ടില്ല. ഈ വാർഡിലെ ഓണക്കാടു് റോഡിനും, പുത്തൻതെരു-വെളളച്ചാൽ റോഡിനും ഓടകളില്ലാത്തതിനാലാണ് അവ രണ്ടു് വർഷം പോലും ഉപയോഗിക്കാൻ കഴിയാതിരുന്നത്. പഞ്ചായത്തിലെ പ്രഥമവും, ഏറ്റവും പുരാതനവുമായ 8 മീറ്റർ വീതിയോടുകൂടിയതുമായ നാലര കി.മീററർ നീളവുമുളള പുത്തൻതെരു-വെളളച്ചാൽ റോഡ്, 1950-ന് മുമ്പ് ഒഴൂർ ഫ്രൻസ് ക്ളബ്ബും, നാട്ടുകാരും ചേർന്ന് ശ്രമദാനമായി നിർമ്മിച്ചു. 1950-ൽ L.D. സ്കീമിൽ ഉൾപ്പെടുത്തി പഞ്ചായത്ത് 1964-ൽ ഏറ്റെടുത്തു. 1987-ൽ JRY പദ്ധതി പ്രകാരം ടാറിംഗ് നടത്തുകയും, അത്യാവശ്യത്തിന് പോലുമുളള വാട്ടർ ഡ്രൈനേജ് സ്ഥാപിക്കാത്തതുകാരണം ഒരു വർഷം തികയുംമുമ്പേ ഈ റോഡിൻെറ മരണമണി മുഴങ്ങി. 1991-ൽ പുത്തൻതെരുവിൽ നിന്നും ഒഴൂർ വരെ അറ്റകുറ്റപണികൾ നടത്തി എങ്കിലും താനാളൂർ, ഒഴൂർ, പൊൻമുണ്ടം എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും, ഒഴൂർ പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷി ഭവൻ, സഹകരണ ബാങ്ക്, പഞ്ചായത്തിലെ ഏക ഹൈസ്കൂൾ, യു.പി.സ്കൂൾ എന്നിവയുമായി ബന്ധപ്പെടുത്തുന്നതുമായ മേപ്പടി റോഡ് ഇപ്പോൾ കാൽനടയാത്രക്കാർക്കു പോലും യാത്ര ക്ളേശകരമായതിനാൽ വിദ്യാർത്ഥികളും, പൊതുജനങ്ങളും വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. മുകളിൽ പറഞ്ഞ വെളളച്ചാൽ-പൂത്തൻതെരു റോഡിന് പുറമെ ഈ വാർഡിൽ ഓണക്കാട് റോഡ്, ഒഴൂർ ജി.എൽ.പി. സ്കൂളിൻെറ അടുത്തുനിന്നും കിഴക്കോട്ട് ഹെൽത്ത് സെൻറർ റോഡ്, ഒഴൂർ ജംഗ്ഷനിൽ നിന്നും 100 മീററർ തെക്ക് ഭാഗത്തേക്ക് മാറി ഇടത്തോട്ട് തിരിഞ്ഞ് കോട്ടവാല പീടികയിൽ അവസാനിക്കന്നതുമായ കൊടക്കാടു് റോഡ്, ഒഴുക്കുളം ഭാഗത്തുനിന്നും തെക്കോട്ടുളള റോഡ്, എന്നീ റോഡുകളും ഇന്ന് വളരെ ശോചനീയാവസ്ഥയിലാണ്. ടാറിടാത്ത റോഡുകളിൽ ഏറ്റവും കൂടുതൽ ഗതാഗതമുളളത് ഓണക്കാട് റോഡാണ്. പഞ്ചായത്തിൽ രണ്ടാം വാർഡിൽ ടാറിട്ട പഞ്ചായത്ത് റോഡുകൾ ഒന്നും തന്നെയില്ല. ഈ വാർഡിലെ പ്രധാനറോഡ് ഒഴൂർ-താനൂർ റോഡാണ്. ഈ വാർഡിലെ ആകെ റോഡിൻെറ നീളം 5 കി.മീ. ആണ്. ഇവിടെ എല്ലാ റോഡുകളും പഞ്ചായത്തിൻെറ കീഴിൽ നിർമ്മിക്കപ്പെട്ടവയാണ്. ഈ വാർഡിലെ ഏകദേശം മുഴുവൻ റോഡുകളും ശോചനീയാവസ്ഥയിലാണ്. 3-ാം വാർഡിൽ റോഡുകളുണ്ടെങ്കിലും ഒന്നും തന്നെ ഗതാഗതയോഗ്യമല്ല. ഗതാഗതസൗകര്യം തീരെ ഇല്ലാത്തതിനാൽ ഏറ്റവുമധികം പ്രയാസം അനുഭവിക്കുന്ന ഒരു വാർഡാണ് നാലാം വാർഡ്. വാർഡിൻെറ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്നതും വാർഡിനെ അയൽവാർഡുകളുമായി ബന്ധിപ്പിക്കുന്നതുമായ, ഉദ്ദേശം 15 വർഷം മുമ്പ് നിർമ്മിച്ച ചുരങ്ങര-ഒഴൂർ റോഡ്, ഹരിജൻ കോളനിയിലേക്കുളള, ഒഴൂർ-പാണ്ടിമുററം റോഡിൽ നിന്നും ആരംഭിക്കുന്നതുമായ ഹരിജൻ കോളനി റോഡ്, വാർഡിൻെറ തെക്കെ അറ്റത്തുളള തലക്കട്ടൂർ എൽ.പി.സ്കൂൾ-വലുത്തോടത്തി പറമ്പ് റോഡ്, എന്നീ റോഡുകൾ ഇന്നത്തെ അവസ്ഥയിൽ ഗതാഗതയോഗ്യമല്ലാതെ കിടക്കുകയാണ്.

പഞ്ചായത്തിലെ 5-ാം വാർഡിൽ ഗതാഗത പ്രശ്നം

ഇന്നും ഒരു കീറാമുട്ടിയായി നിലകൊള്ളുന്നു. ഈ വാർഡിൽ P W D ഏറ്റെടുത്ത റോഡുകൾ ഇല്ല. പഞ്ചായത്ത് റോഡുകളുടെ ആകെ നീളം 6 കി.മീ.ആണ്. ഈ വാർഡിലെ പ്രധാന റോഡുകൾ താഴെ പറയുന്നവയാണ്. ചുരങ്ങര-വരിക്കോട്ടുത്തറ റോഡ്, ചുരങ്ങര-പാലരക്കാട്ട് പടി റോഡ്, ഞാറ്റുതൊട്ടിപ്പാറ-മേൽമുറി റോഡ്, ഞാറ്റുതൊട്ടിപ്പാറ-നാലുംകൂടിയ വഴി റോഡ്, ചുരങ്ങര-അയ്യായ എൽ.പി.എസ് റോഡ് എന്നിവയാണ്. 5,6 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അയ്യപ്പനിടവഴി-വെള്ളച്ചാൽ റോഡ് ഒരു വർഷത്തോളമായി ഉപയോഗശൂന്യമായി കിടക്കുകയാണ്.

പഞ്ചായത്തിലെ 6-ാം വാർഡിലെ മൊത്തം റോഡുകളുടെ നീളം 10 കി.മീറ്ററാണ്. ഇതിൽ ടാർ ചെയ്തത് 2 കി.മീറ്ററാണ്. ഈ വാർഡിൽ P.W.D. റോഡുകളും, പഞ്ചായത്തുറോഡുകളുമുണ്ട്. പഞ്ചായത്ത് രോഡുകളുടെ സ്ഥിതി വളരെ മോശമാണ്. ഈ പഞ്ചായത്തിലെ പ്രധാന റോഡായ വെള്ളച്ചാൽ-പുത്തൻതെരു റോഡ് ഈ വാർഡിലൂടെയാണ് കടന്നുപോവുന്നത്. ഈ വാർഡിൻെറ തെക്കെ മേഖലയിൽ നിന്നും വടക്കെ ഭാഗത്ത് 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന എൽ.പി സ്കൂളിലേക്കും, മദ്രസ്സയിലേക്കും, അമ്പലം, പള്ളി തുടങ്ങിയ മത സ്ഥാപനങ്ങളിലേക്കുമുള്ള ഏക വഴി വർഷക്കാലത്ത് പുഴ രൂപത്തിലായതിനാൽ, പിഞ്ചുപൈതങ്ങൾക്കും, മുതിർന്നവർക്കും, ഈ മേഖലയിലേക്ക് എത്തിപ്പെടുന്നതിന് വളരെ ദുരിതം അനുഭവിക്കേണ്ടിവരുന്നു. സ്കൂളിലേക്കും, മദ്രസ്സയിലേക്കും തെക്കേ മേഖലയിൽ നിന്നും പോകുന്ന പിഞ്ചുകുട്ടികളുടെ കൂടെ രക്ഷിതാക്കളും വർഷക്കാലത്ത് പോകേണ്ട അവസ്ഥയാണ്. ഈ പഞ്ചായത്തിലെ 7-ാം വാർഡിൽ ടാറിട്ട റോഡുകൾ ദുർലഭമാണ്. ആകെയുള്ള റോഡുകളുടെ നീളം 5 കിമീറ്ററാണ്. ഇതിൽ പഞ്ചായത്ത് റോഡുകളുടെ സ്ഥിതി വളരെ മോശമാണ്.P.W.D. റോഡിൻെറ നീളം 3 കി.മീറ്ററാണ്. ആകെ ഒരു P.W.D. റോഡുള്ളത് ഇട്ടിലാക്കൽ തെയ്യാല റോഡിൻെറ ഭാഗമാണ്. ഭൂരിഭാഗം റോഡുകളും ടാർ ചെയ്യാത്തതാണ്. ചുരങ്ങര-വരിക്കോട്ടുത്തറ ഗതാഗതയോഗ്യമല്ല. ഈ പഞ്ചായത്തിലെ 8-ാം വാർഡിൽ ഗതാഗത പ്രശ്നം അതി രൂക്ഷമാണ്. ഈ വാർഡിലെ ആകെ റോഡുകളുടെ നീളം 5 കി.മീറ്ററാണ്. ഈ വാർഡിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് അത്താണിക്കൽ-തെയ്യാല റോഡിനെയാണ്. ഈ റോഡിൻെറ അവസ്ഥ വളരെ മോശമാണ്. ഈ റോഡ് ഇപ്പോൾ P.W.D. ഏറ്റെടുത്തിട്ടുണ്ട്. ഈ പഞ്ചായത്തിലെ 9-ാം വാർഡിൽ P.W.D. 3 കി.മീറ്ററാണ്. ഈ വാർഡിലെ പഞ്ചായത്തുറോഡുകളുടെ നീളം 4 കിമീറ്ററാണ്. ഈ വാർഡിലെയും പ്രാധനപ്പെട്ടറോഡ് അത്താണിക്കൽ-തെയ്യാല റോഡാണ്. ഈ വാർഡിൽ മറ്റുള്ള റോഡുകളെല്ലാം ഈ റോഡിൻെറ പോക്കറ്റുറോഡുകളാണ്. പഞ്ചായത്തിലെ 10-ാം വാർഡിലെ പ്രധാനറോഡ് വൈലത്തൂർ-കോഴിച്ചെന റോഡാണ്. ഇവിടുത്തെ പഞ്ചായത്തുറോഡുകളുടെ അവസ്ഥ പരിതാപകരമാണ്. 10-ാം വാർഡിലെ മറ്റുറോഡുകളെല്ലാം മേപ്പടി റോഡിൻെറ പോക്കറ്റുറോഡുകളാണ്. ഈ പഞ്ചായത്തിലെ 11-ാം വാർഡിലെ പഞ്ചായത്തുറോഡുകളുടെ നീളം 6 കിമീറ്ററാണ്. ഈ വാർഡിൽ കൂടി കടന്നുപോകുന്ന പ്രധാന റോഡായ അത്താണിക്കൽ-തെയ്യാല റോഡ് P.W.D. ഏറ്റെടുത്തിട്ടുണ്ടെങ്കിലും സർക്കാറിൻെറ ചുവപ്പുനാടയിൽ കുടുങ്ങിക്കിടക്കുകയാണ്. ഇപ്പോൾ നിലവിലുള്ള റോഡുകളൊന്നും തന്നെ ഗതാഗതയോഗ്യമല്ല. ആരോഗ്യരംഗത്ത് പഞ്ചായത്തിൽതന്നെ നിലനിൽക്കുന്ന I.P.P. സെൻറർ സ്ഥിതി ചെയ്യുന്നത് ഈ വാർഡിലാണ്. ഈ സെൻറർ കാര്യക്ഷമമാകാത്തതും ഗതാഗതതടസ്സം ഒന്നുകൊണ്ടു മാത്രമാണ്.

പഞ്ചായത്തിലെ ഗതാഗത പ്രതിസന്ധി പരിഹരിക്കുന്നതിന് താഴെ പറയുന്ന റോഡുകളുടെ പുനർനിർമ്മാണവും, നിർമ്മാണവും അത്യാവശ്യമാണ്.

ഒന്നാം വാർഡിൽ പുനർ നിർമ്മാണം - വെള്ളച്ചാൽ-പുത്തൻതെരു റോഡ്, ഓണക്കാട് റോഡ്, ഒഴൂർ ജി.എൽ.പി. സ്കൂൾ-കതിർകുളങ്ങര റോഡ് കൊടക്കാട് റോഡ്, ഒഴുക്കുളം റോഡ് എന്നീ റോഡുകളാണ്.

താനാളൂർ പഞ്ചായത്തിൻെറയും ഒഴൂർ

പഞ്ചായത്തിൻെറയും അതിൽത്തിയിലൂടെ കേലപ്പുറത്ത് നിന്നും കിഴക്കോട്ട് പോകുന്ന വഴി ശ്രമദാനം വഴി നന്നാക്കാവുന്നതാണ്. വെട്ടുകുളത്തിൻെറ വടക്കുഭാഗത്ത് കുറെ വീടുകൾക്കുള്ള വഴി ശ്രമദാനം വഴി റോഡാക്കാം. കൊടക്കാട് റോഡിൽ നിന്നും 100 മീറ്റർ കിഴക്ക് വടക്കോട്ടുള്ള നടവഴി ശ്രമദാനമായി റോഡാക്കി മാറ്റാം. പുക്ലാശ്ശേരി - ചാലിൽ പീടിക നടപ്പാത നിർമ്മിക്കണം.

ഈ പഞ്ചായത്തിലെ 2-ാം വാർഡിൽ 30 വർഷത്തോളം പഴക്കമുള്ള ഒഴൂർ - താനൂർ റോഡ്, കാട്ടിലങ്ങാടിയിലേക്ക് ചേരുന്ന ഭാഗത്ത് ഒരു ചെറിയ പാലം നിർമ്മിക്കുകയും ഏകദേശം 500 മീറ്റർ നീളം മണ്ണിട്ടു ഉയർത്തുകയും വേണം. ഒഴൂർ - അടിക്കുളം റോഡ് മണ്ണിട്ടുയർത്തി ഗതാഗത യോഗ്യമാക്കി മാറ്റണം. ഓണക്കാട് - ദേവദാർ ഹൈസ്കൂൾ റോഡ് ഓണക്കാടിനോട് ചെർന്ന ഭാഗം മണ്ണിട്ടുയർത്തി ഗതാഗതയോഗ്യമാക്കണം. പണിക്കോട്ടിൽ ഇടവഴി വീതികൂട്ടി നടപ്പാതയാക്കി സഞ്ചാരയോഗ്യമാക്കി മാറ്റണം. ഒഴൂർ ജി.എൽ.പി. സ്കൂളിൻെറ വടക്കു വശത്ത് നിന്ന് പടിഞ്ഞാറ് പട്ടികജാതി കോളനിയിലേക്കുള്ള ഇടവഴി വീതി കൂട്ടണം. ഓണക്കാട് നിവാസികൾക്ക് ഏറ്റവും കൂടുതൽ പ്രയോജനമുള്ള ഓണക്കാട് - പുത്തൻതെരു റോഡ് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കി മാറ്റുക.

ഈ പഞ്ചായത്തിലെ 3-ാം വാർഡിൽ കൈതപ്പുറം റെയിൽവെ ഗേറ്റ് റോഡ് ടാർ ചെയ്യുക. പറമ്പത്താഴം - മുടങ്ങല്ല് റോഡ്, കൈതപ്പുറം - അംഗൺവാടി എരനല്ലൂർ റോഡ്, എരണിക്കാട് പറമ്പ് - വെള്ളാളിപാടം റോഡ്, അടിക്കുളം കണ്ണന്തളി റോഡ്, അടിക്കുളം ഓണക്കാട് റോഡ്, തയ്യിൽ ഇടവഴി ഈ റോഡുകളും ഗതാഗത യോഗ്യമാക്കേണ്ടതാണ്. പുൽപറമ്പ് തലക്കട്ടൂർ പ്രദേശങ്ങളെ കൂട്ടിയിണക്കുന്ന ദുർഘടം പിടിച്ച ഇടവഴി റോഡാക്കി മാറ്റാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. മുകളിൽ പറഞ്ഞ റോഡുകൾ എല്ലാം തന്നെ മുൻകാലങ്ങളിൽ ശ്രമദാനമായി നിർമ്മിക്കപ്പെട്ടവയാണ്.

പഞ്ചായത്തിലെ 4-ാം വാർഡിൽ ചുരങ്ങര - ഒഴൂർ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക. പട്ടിക ജാതി കോളനി സ്ഥിതി ചെയ്യുന്ന പ്രദേശത്തേക്കുള്ള, ഒഴൂർ - പാണ്ടിമുറ്റം റോഡിൽ നിന്നും ആരംഭിക്കുന്ന ചുടലപറമ്പ് പട്ടിക ജാതി കോളനി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കി മാറ്റേണ്ടതാണ്. അയ്യായ തലക്കട്ടൂർ സ്കൂൾ റോഡും ഗതാഗതയോഗ്യമാക്കി മാറ്റണം. കോറാട് കുറുവട്ടിശ്ശേരി - പുലിപറമ്പ് റോഡ് ചിറ്റും ചിലാർ തറയിൽ നിന്നും തലക്കട്ടൂർ സ്കൂളിലേക്കുള്ള പൊതുവഴി, കോറാട് - ചുടലപറമ്പ് റോഡ് എന്നീ റോഡുകളും ഗതാഗതയോഗ്യമാക്കി മാറ്റേണ്ടതാണ്. കറുത്താട്ടിൽ പടി മുതൽ പട്ടിക ജാതി കോളനി വരെയുള്ള പൊതു ഇടവഴി, തറയിൽ പീടിക - അയിനിക്കാട് - കനിയാട് ഇടവഴി തലക്കട്ടൂർ ചുരങ്ങര റോഡിൽ നിന്നും പാറപ്പുറത്തേക്ക് പോകുന്ന ഇടവഴി, തോട്ടിൽ പടി-മേലേ ക്ളാരിയിൽ ഇടവഴി, തറയിൽ പീടിക-തച്ചലോടം പുൽപ്പറമ്പ് ഇടവഴി, മേലെ തയ്യിൽ-തറയിൽ പീടിക റോഡിലേക്ക് ചേരുന്ന ഇടവഴി എന്നിവ സഞ്ചാരയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5-ാം വാർഡിലെ ചുരങ്ങര-വരിക്കോട്ട് തറ റോഡ്, ചുരങ്ങര പാലക്കാട്ട് പടി റോഡ്, ഞാറ്റൊട്ടിപ്പാറ-മേൽമുറി റോഡ്, ഞാറ്റൊട്ടിപ്പാറ നാലും കൂടിയ വഴി റോഡ്, ചുരങ്ങര അയ്യായ എൽ.പി.എസ്. റോഡ്, വെള്ളച്ചാൽ അയ്യപ്പനിടവഴി റോഡ് എന്നിവ ടാറിംഗ് മുതലായ ജോലികൾ ചെയ്ത് ഗതാഗതയോഗ്യമാക്കി മാറ്റേണ്ടതാണ്. അയ്യായ-അമ്പലപ്പടി റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുക, 5-ാംവാർഡിലെ ഓമച്ചപ്പുഴ ഭാഗത്തുള്ള പൂക്കയിൽ ഇടവഴി സഞ്ചാരയോഗ്യമാക്കുക, അയ്യപ്പമുക്ക്-പറപ്പാത്തിപ്പടി നടപ്പാത റോഡാക്കി മാറ്റുക, വെള്ളച്ചാൽ-അയ്യപ്പനിടവഴി റോഡ് പള്ളിയുടെ പടിഞ്ഞാറു് ഭാഗത്തെ റോഡിലേക്ക് മുട്ടിക്കുക. ഈ വാർഡിൽ ഓമച്ചപ്പുഴ വടക്കുഭാഗത്ത് 5 ഇടവഴികൾ സ്ഥിതിചെയ്യുന്നുണ്ട്. ഇവ സഞ്ചാരയോഗ്യമാക്കി മാറ്റേണ്ടതാണ്. പുന്നക്കൽ ഇടവഴി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത് റോഡാക്കുകയോ, നടപ്പാതയാക്കുകയോ ചെയ്യേണ്ടതാണ്.

ഈ പഞ്ചായത്തിലെ 6-ാംവാർഡിലെ വെള്ളച്ചാൽ പുത്തൻതെരു റോഡ് യുദ്ധകാലാടിസ്ഥാനത്തിൽ പുനർ നിർമ്മിക്കുക, പണിക്കരുപടി മുതൽ വല്ലത്ത് അയ്യപ്പനിടവഴിയുമായി ബന്ധിപ്പിക്കുന്ന ഇടവഴിയോ, അല്ലെങ്കിൽ വെള്ളച്ചാലിൽ നിന്നും, പുത്തൻ തെരു റോഡിൽ 200 മീറ്റർ പടിഞ്ഞാറ് മാറി വടക്കോട്ടുള്ള പുരാതന ഇടവഴി, അയ്യപ്പനിടവഴിയുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കി മാറ്റുക. ഇത് ശ്രമദാനമായി ചെയ്യാവുന്നതുമാണ്. ഇല്ലത്തപ്പടി മുതൽ തെക്കോട്ട് കിഴക്കുമ്പാട്ടെ പള്ളി വരെ --ഏകദേശം 500 മീറ്റർ നീളവും, 6 മീറ്റർ വീതിയും-- ഉള്ള റോഡ് സൈഡ് കെട്ടി ടാറിംഗ് മുതലായ പ്രവൃത്തിചെയ്യുക. ഈ റോഡ് ശരിയായാൽ തിരൂരിലേക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ എത്താൻ സാധിക്കും. അയ്യപ്പനിടവഴി ഫുട്പ്പാത്ത് ടാറിംഗ് മുതലായ പ്രവർത്തനം നടത്തുക, കോരം പാറ മുതൽ കീഴ്പോട്ട് അയ്യപ്പമുക്കിൽ ഇടവഴി വരെ ഫുട്പാത്താക്കി മാറ്റുക, പേവുംകാട്ടിൽ ഇടവഴി ഫുട്പാത്താക്കുക. ബ്രാഞ്ച് മദ്രസ്സ് തെക്ക് ഭാഗത്തുകൂടി പോകുന്ന ഇടവഴി നെച്ചിയേങ്ങൽ പടി വരെ ഫുട്പാത്താക്കുക. കക്കോടിപ്പാറ മുതൽ താനാളൂർ അതിർത്തിയിലേക്കുള്ള ഇടവഴി ഫുട് പാത്താക്കി മാറ്റുക. ഈ വാർഡിന്റെ ഏറ്റവും വടക്കെ അതിർത്തിയായ വളവിൽ നിന്നും താഴോട്ട് കൂരിയംപാറ വരെയുള്ള ഇടവഴി ഫുട്പാത്താക്കി മാറ്റുക. വെള്ളച്ചാൽ-പുത്തൻതെരു റോഡിൽ, കക്കോടിപ്പാറയിൽ നിന്നും 100 മീറ്റർ പടിഞ്ഞാറ് മാറി കക്കോടിപാറ-കൊട്ടോംപടി ഇടവഴി റോഡാക്കി മാറ്റുക. ഈ പഞ്ചായത്ത് പൊതുവെ യാത്രാസൗകര്യത്തിന്റെ കാര്യത്തിൽ ആശ്രയിക്കുന്ന പാരലൽ സർവ്വീസുകളെയാണ്. ഈ പ്രശ്നത്തിൽ ഒരു പരിഹാരം കാണുന്നതിന് വേണ്ടി തിരൂർ-കോഴിക്കോട് റൂട്ടിൽ വൈലത്തൂർ അയ്യായ റോഡ്, വെള്ളച്ചാൽ പൂൽപ്പറമ്പ്, തെയ്യായ-വെന്നിയൂർ പറമ്പ്, കക്കാട്-കോഴിക്കോട് വഴിയും, കോഴിക്കോട് നിന്ന് തിരിച്ച് ചെമ്മാട്-കൊടിഞ്ഞി, പാണ്ടിമുറ്റം-തെയ്യാല പൂൽപ്പറമ്പ്-വെള്ളച്ചാൽ അയ്യായ റോഡ് വട്ടത്താണി വഴി തിരൂരിലേക്കും, കെ.എസ്.ആർ.ടി.സി.അടിയന്തിരമായും ചുരുങ്ങിയത് 3 സർവ്വീസെങ്കിലും നടത്തേണ്ടതാണ്. കൂടാതെ ഇപ്പോൾ മഞ്ചേരിയിൽ നിന്നും തിരൂരിലേക്ക് ഏകദേശം പത്തോളം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ നടന്ന് കൊണ്ടിരിക്കുന്നുണ്ട്. ഈ സർവ്വീസുകളിൽ നിന്ന് വൈലത്തൂർ-അയ്യായ റോഡ്, പുലിപ്പറമ്പ്-തയ്യാല-പാണ്ടിമുറ്റം-താനൂർ വഴി തിരൂരിലേക്ക് ചുരുങ്ങിയത് 4 സർവ്വീസെങ്കിലും ദീർഘിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. വാർഡിൽ നിർമ്മിക്കാൻ പോകുന്ന റോഡുകളുടേയും, ഇപ്പോൾ നിലവിലുള്ള റോഡുകളുടേയും, സംരക്ഷണത്തിനും, ദീർഘകാല സുരക്ഷിതത്വത്തിനും വേണ്ടി മേൽപ്പറഞ്ഞ എല്ലാ റോഡുകൾക്കുംഒരു ഭാഗത്തെങ്കിലും ഓട വേണ്ട രീതിയിൽ നിർമ്മിക്കേണ്ടതാണ്. 7-ാം വാർഡിൽ ചുരങ്ങര-വരിക്കോട്ടിൽ തറ റോഡ്, പുലിപ്പറപ് നാലി വഴി റോഡ്, തെയ്യാല-പറപ്പാത്തിപ്പടി റോഡ് എന്നിവ ഗതാഗതയോഗ്യമാക്കി മാറ്റുക. കരിയാട -ചാത്തൻചിറക്കൽ റോഡ്, തിരുത്തിടിൽ-തറമ്മൽ റോഡ് എന്നിവ ടാറിംഗ് മുതലായ ജോലികൾ ചെയ്ത് ഗതാഗതയോഗ്യമാക്കണം. പുലിപ്പറമ്പ്-തൊടിയാൽ ഇടവഴി, കോറാട്-നന്നാട് നാലിടവഴി പൂൽപ്പറമ്പ്-പന്തക്കൽ ഇടവഴി എന്നീ പ്രധാനപ്പെട്ട ഇടവഴികൾ ശ്രമദാനം വഴി സഞ്ചാരയോഗ്യമാക്കാൻ തീരുമാനിച്ചു. 8-ാം വാർഡിൽ കക്കിടിപ്പാറ-ഹരിജൻ കോളനി റോഡ്, മുട്ടിക്കൽ-മണലിപ്പുഴ മദ്രസ്സ റോഡ് എന്നീ റോഡുകൾ ടാറിംഗ് മുതലായ പ്രവർത്തികൾ ചെയ്ത് ഗതാഗതയോഗ്യമാക്കുക. 9-ാം വാർഡിൽ അത്താണിക്കൽ-തെയ്യാല റോഡുമായി ഈ വാർഡിൽ ബന്ധിക്കുന്ന എല്ലാ പോക്കറ്റ് റോഡുകളും ടാറിംഗ് മുതലായ ജോലികൾ ചെയ്ത് ഗതാഗതയോഗ്യ.മാക്കിമാറ്റണം. 10-ാം വാർഡിൽ കരിങ്കപ്പാറ-കോഴിച്ചെന റോഡുമായി ബന്ധിപ്പിക്കുന്ന എല്ലാ പോക്കറ്റു റോഡുകളും ഗതാഗത യോഗ്യമാക്കണം. ഈ വാർഡിലെ ഇടവഴികൾ ശ്രമദാനം വഴി നന്നാക്കി ഗതാഗതയോഗ്യമാക്കണം. 11-ാം വാർഡിൽ പുതിയ റോഡുകൾ ഒന്നും തന്നെ ആവശ്യമില്ല എങ്കിലും, ഉള്ള റോഡുകളുടെ പുനർനിർമ്മാണവും മറ്റും യുദ്ധകാലാ ടിസ്ഥാനത്തിൽ നടത്തണം. ഇവിടെ റോഡുകളിൽ ഓടകളുടെ അഭാവം കാരണം വെള്ളം കെട്ടിനിന്ന് കുണ്ടും കുഴിയും ഉണ്ടാകുന്നു. ഇതിന് വേണ്ട സത്വര നടപടിഇ ഉടനെ സ്വീകരിക്കണം. പ്രധാനറോഡുകളായ ഐ.പി.പി. സെൻറർ -പാറയിൽകുളം റോഡ്, അത്താണിക്കൽ തെയ്യാല റോഡ്, പുതിക്കുന്ന്-പെരിഞ്ചേരിപ്പള്ളി റോഡ്, തറമ്പത്തായ എസ്റ്റേറ്റ് പടി റോഡ് എന്നിവ ടാറിംഗ് പ്രവർത്തികൾ നടത്തി ഗതാഗതയോഗ്യമാക്കണം.

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| നമ്പർ | റോഡ് വാർഡ് | ഉടമസ്ഥത | ദൂരം കി.മീ. | വീതി മീ. | ബസ് മറ്റു യാത്ര സൗകര്യം കി.മീ. |
|---|---|---|---|---|---|
| 1 | വെള്ളച്ചാൽ പുത്തൻതെരു 1-6 | PWD | 4.5 | 8 മീ. | ഇല്ല |
| 2 | പുൽപറമ്പ് മുടങ്ങല്ല് റോഡ് 3 | പഞ്ചായത്ത് | 1 | 6 മീ. | ഇല്ല |
| 3 | പാണ്ടിമുറ്റം താനാളൂർ റോഡ് *ഒഴൂർ* 4,3-2-1 | PWD | 2.5 | 8 മീ. | ഉണ്ട് |
| 4 | പുലിപ്പറമ്പ് എടവണ്ണ റോഡ് 4 | പഞ്ചായത്ത് | 0.5 | 6 മീ. | ഇല്ല |
| 5 | തെയ്യാല ഇട്ടിലാക്കൽ റോഡ് 6,5,7,4,3 | PWD | 8 | 8 മീ. | ഉണ്ട് |
| 6 | ചുരങ്ങല - അമ്പലപ്പറമ്പ് 5 | പഞ്ചായത്ത് | 150 | 4 മീ. | ഇല്ല |
| 7 | ഇല്ലപ്പടി അയ്യായപ്പള്ളി റോഡ് പാലരക്കാട്ട് പടി 6 | പഞ്ചായത്ത് | 500 | 5 മീ. | ഇല്ല |
| 8 | ചുരങ്ങര വരിക്കോട്ട് തറ 5-7 | പഞ്ചായത്ത് | 150 | 4 മീ. | ഇല്ല |
| 9 | പുത്തമ്പള്ളി തെയ്യാല 8,7 | JRY | 1.5 | 6 മീ. | ഇല്ല |
| 10 | പുൽപറമ്പ് നാലിടവഴി റോഡ് 7 | പഞ്ചായത്ത് | 250 | 4 മീ. | ഇല്ല |
| 11 | കരിങ്കപ്പാറ -കോഴിച്ചെന 10 | PWD | | 8 മീ. | ഉണ്ട് |
| 12 | നാലിടവഴി ഞാറ്റൊട്ടിപ്പാറ 11 | പഞ്ചായത്ത് | 200 | 4 മീ. | ഇല്ല |
| 13 | നാലുംകൂടിയ വഴി - മൂച്ചിത്തറ | JRY | 600 | 6 മീ. | ഇല്ല |

## ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്യേണ്ട ദൂരം | വീതി | വാർഡ് നമ്പർ |
|---|---|---|---|---|
| 1 | അത്താണിക്കൽ - തെയ്യാല | 5 കി.മീ. | 86 മീ. | 11,9,8 |
| 2 | ഐ.പി.പി. സെൻറർ കാവപ്പുറ | 1 കി.മീ. | 6 മീ. | 11 |
| 3 | ചുരങ്ങര-തറയിൽ പീടിക ഒഴൂർ റോഡ് | 3 കി.മീ. | 4 മീ. | 4,2,5 |
| 4 | പറപ്പാത്തപ്പടി - തെയ്യാല | 1.5 കി.മീ. | 6. മീ. - 4 മീ. | 5,7 |
| 5 | ചുരങ്ങര - പാലരക്കാട്ട് പടി | 1 കി.മീ. | 4 മീ. | 5 |
| 6 | ചുരങ്ങര - വരിക്കോട്ടുതറ | 1.5 കി.മീ. | 4 മീ. | 5,7 |
| 7 | പുൽപറമ്പ് - നാലിടവഴി | 600 മീ. | 4 മീ. | 7 |
| | | | | |

| | | | | |
|---|---|---|---|---|
| 8 | കരിയാട് - ചാത്തംചിറക്കാൽ | 1 കി.മീ. | 4 മീ. | 7 |
| 9 | തിരുത്തിതറമ്മൽ റോഡ് *കോറാഡ്* | 450 കി.മീ. | 4 മീ. | 7 |
| 10 | വരിക്കോട്ടുതറ - വടുതല | 200 മീ. | 4 മീ. 7 | |
| 11 | തൻവീറുസ്ഡിബിയാൻ മദ്രസ - ഹരിജൻ കോളനി | 1.5 കി.മീ. | 4 മീ. | 8 |
| 12 | അയ്യായ അയ്യപ്പൻ ഇടവഴി | 850 മീ. | 3 മീ. 6-5 | |
| 13 | ഇല്ലത്തപ്പടി - കിഴക്ക്മ്പാട്ടേ പള്ളി | 500 മീ. | 3 മീ. | 6 |
| 14 | ചുരങ്ങര - അമ്പലപ്പറമ്പ് | 500 മീ. | 4 മീ. 5 | |
| 15 | മാട്ടുമ്മൽ - പറപ്പാത്തിപ്പടി | 800 മീ. | 4 മീ. 5 | |
| 16 | പറപ്പാത്തിപ്പടി - നാലുംകൂടിയ വഴി | 450 മീ. | 4 മീ. | 5 |
| 17 | അഹമ്മദാജിപ്പടി - അയ്യായപ്പള്ളി | 650 മീ | 3മീ. | 6 |
| 18 | വെളുത്തേടത്തിപ്പറമ്പ് - തലക്കട്ടൂർ എൽ.പി. സ്കൂൾ | 500 മീ. | 6 മീ. | 5-4 |
| 19 | കുറുവട്ടിശ്ശേരി-പട്ടികജാതി കോളനി-തറയിൽ പീടിക | 650 മീ. | 4 മീ. | 4 |
| 20 | പട്ടികജാതി കോളനി - തച്ചാട്ടുതായം | 2 കി.മീ. | 3 മീ. | 4 |
| 21 | കക്കിടിപ്പാറ - പട്ടികജാതി കോളനി | 500 മീ. | 3 മീ. | 8 |
| 22 | എസ്റ്റേറ്റ്പടി - ഓവുകുളം | 3 മീ. | 9 | |
| 23 | തൊട്ടിയിൽപടി - പറപ്പാറപ്പുറം റോഡ് | 3 മീ. | 9 | |
| 24 | നാലും കൂടിയ ഇടവഴി - പള്ളിപ്പീടിക | 1 കി.മീ. | 4 മീ. | 10 |
| 25 | പുതിക്കുന്ന് - പെരിഞ്ചേരിപ്പള്ളി | 300 മീ. | 3 മീ. | 11 |
| 26 | തറമ്മത്താഴം - എസ്റ്റേറ്റ് പടി | 900 മീ. | 4 മീ. | 11 |
| 27 | പുത്തൻപള്ളി - പറപ്പാറപ്പുറം | 300 മീ. | 4 മീ. | 11 |
| 28 | ചെരിഞ്ചേരിപ്പള്ളി - നന്നാട്ടിപ്പടി റോഡ് | 300 മീ. | 3 മീ. | 11 |
| 29 | ഓണക്കാട് - ഒ.എൽ.എച്ച്.എസ്. | 1.5 കി.മീ. | 5 മീ. | 1 |
| 30 | ഒഴൂർ ജി.എൽ.പി. - കതിർകുളങ്ങര | 1 കി.മീ. | 3 മീ. | 1 |
| 31 | കെടക്കാട് റോഡ് - കോട്ടുവാലപ്പീടിക | 1.5 കി.മീ. | 3 മീ. | 1 |
| 32 | ഒഴുകുളം - താനാളൂർ ബോർഡർ | 1.5 കി.മീ. | 3 മീ. | 1 |
| 33 | ഒഴൂർ - താനൂർ | 1.200 കി.മീ. | 6 മീ. | 2 |
| 34 | അടികുളം - ഓണക്കാട് | 800 മീ. | 4 മീ. | 2 |
| 35 | ഓണക്കാട് - ദേവദാർ ജി.ഡി.എച്ച്.എസ്. | 1.5 കി.മീ. | 3മീ. | 2 |
| 36 | പറമ്പത്തായം - മുടങ്ങല്ല് | 750 മീ. | 3 മീ. | 3 |
| 37 | കൈതപ്പുറം - അംഗൺവാടി എരനല്ലൂർ | 750 മീ. | 4 മീ. | 3 |
| 38 | അടിക്കുളം - കണ്ണന്തളി | 1 കി.മീ. | 4 മീ. | 3 |
| 39 | കുറുവട്ടിശ്ശേരി - പുൽപറമ്പ് റോഡ് | 1 കി.മീ. | 3 മീ. | 4 |
| | | | | |

## പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകൾ

| നമ്പർ | വാർഡ് | പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകൾ | ദൂരം |
|---|---|---|---|
| 1 | 1 | പുല്ലാശ്ശേരിപ്പടി - തലക്കട്ടൂർ പാടം റോഡാക്കി മാറ്റുക ഫൂട്ട്പാത്ത് | 1 കി.മീ. |
| 2 | 1 | വളപ്പിൽനിലം - മങ്ങാട്ടുപടി റോഡാക്കി മാറ്റുക ഫൂട്ട്പാത്ത് | 500 മീ. |
| 3 | 1 | പറമ്മൽ പറമ്പിൽ - മൂത്തേടത്ത് പറമ്പ് ഫൂട്ട്പാത്ത് | 250 മീ. |
| 4 | 1 | ചിറക്കൽ പടി - കണ്ണലത്ത് ഫൂട്ട്പാത്ത് | 400 മീ. |
| 5 | 1 | ഒഴൂർ - മാറാഞ്ചേരി - ഫൂട്ട്പാത്ത് | 250 മീ. |
| 6 | 1 | കേലപ്പുറം - താനാളൂർ ബോർഡർ ഫൂട്ട്പാത്ത് | 300 മീ. |
| 7 | 7 | പുൽപറമ്പ് തൊട്ടിയിൽ ഫൂട്ട്പാത്ത് | 400 മീ. |
| 8 | 7 | കോറാട് കുന്നത്തിൽ ഇടവഴി | 750 മീ. |
| 9 | 7 | പുൽപറമ്പ് - പൊന്തക്കൽ ഇടവഴി | 500 മീ. |
| 10 | 4 | ചിറ്റുംചിലാർത്ത - തലക്കട്ടൂർ സ്കൂൾ ഫൂട്ട്പാത്ത് | 400 മീ. |
| 11 | 4 | കറുത്താട്ടിൻപടി - ഹരിജൻ കോളനി | 300 മീ. |
| 12 | 4 | കരിയാട് - തറയിൽ പീടിക - അയനിക്കാട് പുലിപ്പറമ്പ് ഫൂട്ട്പാത്ത് | 1 കെ.മീ. |
| 13 | 4 | പാറപ്പുറത്ത് ഫൂട്ട്പാത്ത് | 300 മീ. |
| 14 | 4 | തറയിൽ പീടിക - മേലെ തയ്യിൽ ഇടവഴി | 400 മീ. |
| 15 | 5 | പൂക്കയിൽ ഇടവഴി | 400 മീ. |
| 16 | 5 | അയ്യമ്മുക്ക് - പറപ്പാത്തിപ്പടി - ഫൂട്ട്പാത്ത് | 450 മീ. |
| 17 | 5 | ഇട്ടിയാട്ടിൽ - മേൽമുറി | 750 മീ. |
| 18 | 5 | മേൽമുറി - പുതിക്കുന്ന് താഴെ ഫൂട്ട്പാത്ത് | 400 മീ. |
| 19 | 3 | പുൽപറമ്പ് - തലക്കട്ടൂർ ഇടവഴി | 500 മീ. |
| 20 | 2 | പണിക്കോട്ടിൽ ഇടവഴി | 500 മീ. |
| 21 | 6 | വെള്ളച്ചാൽ - പുത്തൻ റോഡിൽ നിന്ന് 200 മീ. വടക്കോട്ട് മാറി പുരാതന ഇടവഴി | 750 മീ. |
| 22 | 6 | വലിയാട്ടിൽ - കൊട്ടോംപടി ഫൂട്ട്പാത്ത് | 650 മീ. |
| 23 | 6 | പേവുംകാട്ടിൽ ഇടവഴി | 500 മീ. |
| 24 | 7 | മച്ചിങ്ങൽ ഇടവഴി | 800 മീ. |
| 25 | 7 | ചേരിങ്ങൽ ഇടവഴി | 500 മീ. |
| 26 | 11 | ചെരിഞ്ചേരിപ്പള്ളി - കക്കാടുംകുന്ന് ക്ഷേത്രം | 1 കി.മീ. |
| 27 | 11 | തയ്യിലിടവഴി റോഡ് | 300 മീ. |
| 28 | 9 | കുന്നക്കാട് - പുളിക്കൽ റോഡ് | 500 മീ. |
| 29 | 9 | നെച്ചിനക്കാട് - കരിങ്കപ്പാറ പള്ളി നടപ്പാത | 1 കി.മീ. |

# നിലവിലുള്ള റോഡുകൾ

ഗ്രാമസഭാ റിപ്പോർട്ടുകൾ, വാർഡിലെ മെമ്പർമാർ, ഡി.ആർ.പി.മാർ എന്നവരിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

കോഡിൻെറ ആദ്യത്തെ രണ്ടക്കം വാർഡിനേയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിലെ മുൻഗണനയെയും സൂചിപ്പിക്കുന്നു.

| വാർഡ് | കോഡ് | റോഡിൻെറ പേര് | ദൂരം | വീതി | മെറ്റൽ | | ഓട | | കലുങ്ക് | | | ഒരുവർഷത്തിൽ ശ്രമദാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | K.M | M. | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അത്യാവശ്യമുണ്ട് | സംഭാവന രൂ | ശ്രമദാനം ദിനം | ആകെ രൂ |
| 1 | 0101 | വെള്ളച്ചാൽ - പുത്തൻതെരു | 3 | 8 | ✓ | | | ✓ | | | ✓ | | ✓ | |
| 1 | 0102 | ഓണക്കാട് - ഒ.എൽ.എച്ച്.എസ്. | 1.5 | 5 | | ✓ | | ✓ | | ✓ | ✓ | | | |
| 1 | 0103 | ജീഎൽ.പി.എസ്. കതിർക്കുളങ്ങര റോഡ് | 1 | 5 | | ✓ | | ✓ | | ✓ | ✓ | | | |
| 1 | 0104 | കൊടക്കാട് റോഡ് - കോട്ടാലപീടിക | 1.5 | 3 | | ✓ | | ✓ | | | ✓ | | | |
| 1 | 0104 | ഒഴുകുളം റോഡ് - താനാളൂർ ബോർഡർ | 1.5 | 3 | | ✓ | | ✓ | | ✓ | ✓ | | | |
| 2 | 0201 | ഒഴൂർ - താനൂർ | 1.2 | 6 | | ✓ | | ✓ | | | ✓ | | | |
| 2 | 0202 | ഓണക്കാട് - അടിക്കുളം | .800 | 4 | | ✓ | | ✓ | | ✓ | ✓ | | | |
| 2 | 0203 | ഓണക്കാട് - ദേവദാർ | 1.5 | 3 | | ✓ | | ✓ | | ✓ | ✓ | | | |
| 3 | 0301 | പറമ്പത്താഴം - മുടങ്ങല്ല് റോഡ് | .750 | 3 | | ✓ | | ✓ | | ✓ | ✓ | | | |
| 3 | 0302 | കൈതപ്പുറം - അങ്കൺ വാടി എരനെല്ലൂർ | .750 | 4 | | ✓ | | ✓ | | ✓ | ✓ | | | |
| | | | | | | | | | | | | | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | 0303 | അടിക്കുളം-കണ്ണന്തള്ളി റോഡ് | 800 | 3 | | ✓ | | ✓ | | ✓ | ✓ | | | |
| 4 | 0401 | ചുരങ്ങര - ഒഴൂർ റോഡ് - തറയിൽ പിടിക | 3 | 4 | | ✓ | | ✓ | ✓ | | ✓ | | | |
| 4 | 0402 | ചുടലപ്പറമ്പ് - കോളനി റോഡ് | | 4 | | ✓ | | ✓ | | ✓ | ✓ | | | |
| 4 | 0403 | അയ്യായ- തലക്കട്ടൂർ റോഡ് | .600 | 3 | | ✓ | | ✓ | | ✓ | ✓ | | | |
| 4 | 0404 | കോറാട് - കറുവട്ടശ്ശേരി പുലിപ്പറമ്പ് റോഡ് | 1 | 3.2 | | ✓ | | ✓ | | ✓ | ✓ | | | |
| 5 | 0501 | ഞാറ്റൊട്ടിപ്പാറ - മേൽമുറി റോഡ് | | 4 | | ✓ | | ✓ | | ✓ | ✓ | | | |
| 5 | 0502 | ഞാറ്റൊട്ടിപ്പാറ - നാലും കൂടിയ വഴി റോഡ് | | 4 | | ✓ | | ✓ | | ✓ | ✓ | | | |
| 5 | 0503 | പാലക്കാട്ട് പടി - ചുറങ്ങം റോഡ് | 1.5 | 4 | | ✓ | | ✓ | | ✓ | ✓ | | ✓ | |
| 5 | 0504 | വെള്ളച്ചാൽ - അയ്യപ്പനിടവഴി റോഡ് | | 3 | | ✓ | | ✓ | | ✓ | ✓ | | ✓ | |
| 5 | 0505 | ചുരങ്ങര - അമ്പലപ്പറമ്പ് റോഡ് | | 3 | | ✓ | | ✓ | | ✓ | ✓ | | ✓ | |
| 6 | 0601 | വെള്ളച്ചാൽ - പുത്തൻതെരു റോഡ് | 2 | 8 | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 6 | 0602 | ഇല്ലത്തെപ്പടി - കിഴക്കുമ്പാട്ടെപ്പള്ളി | .45 | 6 | | ✓ | | ✓ | | ✓ | ✓ | | ✓ | |
| 6 | 0603 | ഇല്ലത്തപ്പടി - പാലക്കാട്ട് പടി | .5 | 5 | ✓ | | | ✓ | | ✓ | ✓ | | | |
| 7 | 0701 | തെയ്യാല - പറപ്പാത്തിപ്പടി റോഡ് - പുത്തൻപള്ളി | .300 | 6 | ✓ | ✓ | | ✓ | ✓ | ✓ | ✓ | | | |
| 7 | 0702 | ചുരങ്ങര - വരിക്കോട്ട് തറ | 1 | 6 | ✓ | ✓ | | ✓ | | | ✓ | | | |
| 7 | 0703 | പുലിപ്പറമ്പ് നാലിടവഴി | 8 | 4 | ✓ | ✓ | | ✓ | | | ✓ | | | |
| | | | | | | | | | | | | | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 7 | 0704 | കരിയാട് - ചാത്തംചിറക്കാൽ | 1 | 4 | | ✓ | | ✓ | | | ✓✓ | | | |
| 7 | 0705 | തിരുത്തിയിൽ - തറമ്മൽ റോഡ് | .600 | 3 | | | | | | | | | | |
| 7 | 0706 | വരിക്കോട്ട് തറ - വടുതല | .200 | 3 | | | | | | | | | | |
| 8 | 0801 | അത്താണിക്കൽ - തെയ്യാല | 1.5 | 6 | | | | | | | | | | |
| 8 | 0802 | കക്കിടിപ്പാറ ഹരിജൻ കോളനി റോഡ് | 1 | 6 | | | | | | | | | | |
| 8 | 0803 | വരിക്കോട്ട്തറ - കക്കിടിപ്പാറ | .500 | 6 | | | | | | | | | | |
| 8 | 0804 | മണലിപ്പുഴ മദ്രസ - നിരപ്പയിൽ റോഡ് | 1.5 | 4 | | | | | | | | | | |
| 9 | 0901 | അത്താണിക്കൽ - തെയ്യാല | 1.5 | 6 | | | | | | | | | | |
| 9 | 0902 | എസ്റ്റേറ്റ് പടി - ഓവുകുളം റോഡ് | | 4 | | | | | | | | | | |
| 9 | 0903 | തൊട്ടിയിൽപടി - പറപ്പാറ പുറംതോട് | | 4 | | | | | | | | | | |
| 10 | 010,01 | പള്ളിപ്പീടിക റോഡ് | .400 | 4 | | | | | | | | | | |
| 10 | 010,02 | കരിങ്കപ്പാറ - പാറമ്മൽ പറപ്പാപുറം റോഡ് | 2 | 6 | | | | | | | | | | |
| 11 | 011,01 | അത്താണിക്കൽ - തെയ്യാല | 1.5 | 6 | | | | | | | | | | |
| 11 | 011,02 | പറപ്പാപുറം - പാറയിൽക്കുളം | 1 | 6 | | | | | | | | | | |
| 11 | 011,03 | പൂതിക്കുന്ന് - ജുമാമസ്ജിദ് | .500 | 4 | | | | | | | | | | |
| 11 | 011,04 | പറപ്പാപുറം - പുത്തൻപള്ളി | .250 | 4 | | | | | | | | | | |
| 11 | 011,05 | നാലിടവഴി - ഞാറ്റൊട്ടിപ്പാറ | .200 | 6 | | | | | | | | | | |
| 11 | 011,06 | തറമ്മത്താഴം - എസ്റ്റേറ്റ് പടി | .5 | 4 | | | | | | | | | | |
| 11 | 011,07 | പെരിഞ്ചേരിപ്പള്ളി - നന്നാട്ട് പടി റോഡ് | .250 | 4 | | | | | | | | | | |

# ഊർജ്ജം

ഒഴൂർ പഞ്ചായത്തിൽ കൽക്കരി, എണ്ണ, പ്രകൃതിവാതകം, വൈദ്യുതി എന്നീ വാണിജ്യ ഇന്ധനങ്ങളെ അപേക്ഷിച്ച് വിറകും, തെങ്ങുൽപ്പന്നങ്ങളും, ചപ്പുചവറുകളുമാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. കാർഷിക മേഖലയിൽ മനുഷ്യാധ്വാനവും, പരിമിതമായ കന്നുകാലി ഉപയോഗവും വ്യാപകമായി യന്ത്രങ്ങളും, (ട്രാക്ടർ,പവർടില്ലർ) ഉപയോഗപ്പെടുത്തുന്നു. ഗാർഹിക മേഖലയിൽ ഇവിടെ പ്രധാനമായും ഉപയോഗിക്കുന്നത് വിറകും, തെങ്ങുല്പന്നങ്ങളും, ചപ്പുചവറുകളുമാണ്. മിക്ക വീടുകളും വൈദ്യുതീകരിക്കപ്പെട്ടതിനാൽ വെളിച്ചത്തിനുള്ള ഊർജ്ജസ്രോതസ്സ് വൈദ്യുതി തന്നെ. ചുരുക്കം ചില വീടുകളിൽ ഇപ്പോഴും മണ്ണെണ്ണ തന്നെ ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ പാചകവാതകം ലഭ്യമാവാൻ തുടങ്ങിയിട്ട് ഏകദേശം 2 വർഷത്തോളമെ ആയിട്ടുള്ളു. വിരലിലെണ്ണാവുന്ന സമ്പന്ന കുടുംബങ്ങളിൽ മാത്രമാണ് പാടക പാചക ഉപയോഗിക്കുന്നത്. ഇങ്ങനെ പാചക വാതകം ഉപയോഗിക്കുന്ന കുടുംബങ്ങളും ഈ അവശ്യത്തിനായി വിറകടുപ്പ് കരുതാറുണ്ട്. വെള്ളം തിളപ്പിക്കാനും നെല്ല് പുഴുങ്ങാനും വീടിന് പുറത്തുള്ള അടുപ്പിൽ തെങ്ങുൽപ്പന്നങ്ങളൊ കാർഷികാവശിഷ്ടങ്ങളോ ആണ് പലപ്പോഴും ഉപയോഗിക്കാറ്.

കാർഷിക മേഘലയിലെ ഊർജ്ജ സ്രോതസ്സുകളെക്കുറിച്ച് വിലയിരുത്തുമ്പോൾ, മുഖ്യമായും ജനസേജനത്തിന്, 50% ത്തോളം കർഷകർ മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകളാണ് ഉപയൊഗിക്കുന്നത്. ഏകദേശം 40% ത്തോളം കർഷകർ വൈദ്യൂതിയെ ആശ്രയിക്കുകയും ബാക്കിവരുന്ന 10% ജനങ്ങൾ മനുഷ്യാധ്വാനത്തിലൂടെ അതായത് ബക്കറ്റുകളും കുടങ്ങളും ഉപയോഗിച്ച് വെള്ളം എത്തിച്ച് ജലസേചനം നടത്തുകയും ചെയ്യുന്നു.

പഞ്ചായത്തിലെ വാണിജ്യമേഘലയിൽ - ഹോട്ടൽ, ചെറിയ ബേക്കറി, കൊപ്ര തയ്യാറാക്കുന്ന ചൂളകൾ എന്നിവിടങ്ങളിൽ ഊർജ്ജ സ്രോതസ്സായി ജനങ്ങൾ ഉപയോഗപ്പെടുത്തുന്നത് വിറക്, തെങ്ങുൽപ്പന്നങ്ങൾ, ചപ്പ്ചവറുകൾ എന്നിവയാണ്.

ഇവിടുത്തെ വ്യാവസായിക മേഘല പരിശോധിക്കുമ്പോൾ കാര്യമത്ര പ്രസക്തമായ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിലെ 6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കൊശവ കോളനികളിൽ പ്രവർത്തിക്കുന്ന പരമ്പരാഗത കുടിൽ വ്യവസായമായ മൺ പാത്ര നിർമ്മാണം ഇന്നും ചെറിയ തോതിൽ നടന്നുപോരുന്നു. ഇവർ ഇന്ധനമായി ചൂളകളിൽ ഉപയോഗിക്കുന്നത് തടിമില്ലിലെ ഈർച്ചപ്പൊടികളും തെങ്ങുൽപ്പന്നങ്ങളും, വൈക്കോലുമാണ്. പഞ്ചായത്തിൽ നിലവിലുള്ള ഫ്ലോർമില്ലുകളും ഫർണ്ണിച്ചർ സ്ഥാപനങ്ങളിലും, മെറ്റൽ ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളും ഊർജ്ജത്തിന് വേണ്ടി ഉപയോഗിക്കുന്നത് വൈദ്യുതിയാണ്.

വോൾട്ടേജ ക്ഷാമംമൂലം പഞ്ചായത്തലെ എല്ലാവീടുകളിലും വെളിച്ചത്തിന്റെ ആവശ്യത്തിനായി മണ്ണെണ്ണ വിളക്കാണ് ഉപയോഗിക്കുന്നത്.

ഒഴൂർ പഞ്ചായത്തിലെക്കാവശ്യമായ വൈദ്യുതി പൂർണ്ണയായും ലഭിക്കുന്നത് , 1. താലൂക്ക് ആസ്ഥാമായ തിരൂരിലെ പൂക്കയിൽ സ്ഥിതിചെയ്യുന്ന 66 കെ.വി. സബ് സേറ്റേഷനിൽ നിന്നും. 2. എടരിക്കോട് സ്ഥിതിചെയ്യുന്ന 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നുമാണ്. ഈ സബ്സ്റ്റേഷനിലേക്കുള്ള വൈദ്യൂതി മലപ്പുറം, എടപ്പാൾ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന നിലയങ്ങളിൽ നിന്നുമാണ്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽനിന്ന് എല്ലാ ട്രാൻസ്ഫോമറുകളും അധികഭാരം വഹിക്കുന്നതാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഉപഭോക്താക്കളുടെ എണ്ണത്തിലും, കണക്റ്റഡ്

ലോഡിലും വർദ്ധനയുണ്ടായിക്കൊണ്ടിരുന്നു. പഞ്ചായത്തിൽ വൗദ്യുദി 75% ഗാർഹിക മേഖലയിലും 20% കാർഷിക മേഘലയിലും 5% മറ്റുമേഖലയിലുമാണ് ഉപയോഗിക്കുന്നത്. കാർഷിക മേഖലയിൽ വൈദ്യുതിയുടെ ഉപയോഗം പല സാങ്കേതിക തടസ്സങ്ങൾ കാരണം വേണ്ടത്ര പുരോഗമിച്ചിട്ടില്ല. വ്യാവസായിക മേഖലയിൽ വൈദ്യുതിയുടെ ഉപയോഗം പ്രധാനമായും, റൈസ് മിൽ, ഇൻഡസ്ട്രീസ്, ഫർണ്ണിച്ചർ തുടങ്ങിയ ചെറുകിട വ്യവസായ മേഖലകളിൽ ഒതുങ്ങിനിൽക്കുന്നു. 40% വീടുകളും വൈദ്യുതീകരിച്ചതാണ്. 15% വീടുകളിലെ ട്യൂബ് ലൈറ്റുള്ളു.

ഒഴൂർ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം വോൾട്ടേജ് കമ്മിയാണ്. പൂക്കയിലും, എടരിക്കോടിലേയും സബ് സ്റ്റേഷനുകളിലെ 66 കെ.വി. ലൈനിൽ ലഭിക്കുന്ന വോൾട്ടോജ് ലഭിക്കേണ്ടതിൻെറ 55% മാത്രമാണെന്ന് ചില കണക്കുകൾ സൂചിപ്പിക്കുന്നു. പിക്ലോട് സമയത്ത് 120വി ആണ് കണക്കുകൾ സൂചിപ്പിക്കുന്നത് എങ്കിലും യഥാർത്ഥത്തിൽ ഉപഭോക്താവിന് ലഭിക്കുന്നത് കേവലം 12 വോൾട്ടണ മാത്രമാണ് പീക്ലോഡ് സമയത്ത് അരമണിക്കൂർ മുതൽ ഒരു മണിക്കൂർ വരെ നീണ്ടുനിൽക്കുന്ന ലോഡ്ഷെഡ്ഡിംഗും ദിനം പ്രതി അനുഭവിച്ച് കൊണ്ടിരിക്കുന്നു. കുറ്റ്യാടിയിൽ നിന്നും ഇടുക്കിയിൽനിന്നുമാണ് പ്രധാനായും മലപ്പുറം ജില്ലയിൽ വൈദ്യുതി എത്തുന്നത്. ഈ ലൈൻ വളരെയധികം ഭാരം വഹിക്കുന്നതിനാൽ ലഭിക്കുന്ന വോൾട്ടോജ് വളരെയധികം കുറഞ്ഞുപോകുന്നു. ഈ വോൾട്ടത ഉപഭോക്താക്കൾക്കെത്തുമ്പോൾ വീണ്ടും കുറഞ്ഞ് പോകുന്നു. ഈ കാരണത്തിൽ സ്റ്റപ്അപ് ട്രാൻസ്ഫോർമറുകൾ വ്യാപകമായി ഉപയോഗിക്കുന്നു. ഉപഭോക്താക്കൾ പിക്ലോഡ് സമയങ്ങളിൽ 110 വോൾട്ട് ബൾബ് മുതൽ 12വി ബൾബ് വരെ പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലേയും ജനങ്ങൾ ഉപയോഗിക്കാൻ നിർബന്ധിതരായിത്തീരുന്നു.

ഒഴൂർ പഞ്ചായത്തിലെ പഠന പര്യടന കണക്കുകൾ പ്രകാരം വീടുകളിലെ കണക്റ്റഡ് ലോഡ് വൈദ്യുതി ബോർഡിൻെറ രജിസ്റ്ററുകളിൽ യഥാർത്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വളരെ കൂടുതലാണ്. അതേപോലെ ഈ പഠന പര്യടനത്തിൽ തെളിയുന്നത് പഞ്ചായത്തിലെ 15% ത്തോളം മീറ്ററുകൾ നിശ്ചലമാണ് എന്നതാണ്. മൂന്നാമതായി ലൈനിൽ നിന്നും അനധികൃതമായി വൈദ്യുതി ചോർത്തൽ, വൃക്ഷച്ചില്ലകൾ ലൈനിൽ തട്ടുന്നതിനാലുണ്ടാകുന്ന ലീക്കേയും ഷോർട്ട് സർക്യൂട്ടും കൂടാതെ ഏതെങ്കിലും ലൈനിൻെറ ഫ്യൂസെരിഞ്ഞാൽ ഫ്യൂസ് കെട്ടുന്നതിന് പകരം ലൈൻമാറ്റൽ നടത്തലും ഇവിടെ ഒരു നിത്യസംഭവമാണ്. പഠന പര്യടനക്കാരുടെ ശ്രദ്ധയിൽ പെട്ടിടത്തോളം ഡിപ്പാർട്ട് മെൻറിൻെറ ലൈൻ നിർമ്മാണ പ്രക്യയയിലെ അശാസ്ത്രിയതയും വോൾട്ടേജ് ലീക്കേജിൻെറ ഒരു മുഖ്യ ഹേതുവാണ്. പീക്ക്ലോഡിൻെറ സമയത്ത് വൈദ്യുതോർജ്ജം ഉണ്ടോ എന്നറിയാൻ പോലും മറ്റുവെല്ല ഊർജത്തേയും ആശ്രയിക്കേണ്ടിവരുന്ന ഇവിടത്തുകാർക്ക് വൈദ്യുതി കണക്ഷൻ ഉണ്ട് എന്ന ഒറ്റക്കാരണത്താൽ അർഹതപ്പെട്ട മറ്റോരു ഊർജ്ജമായ പൊതു വിതരണ മേഖലയിലൂടെ വിതരണം ചെയ്യുന്ന മണ്ണെണ്ണ പോലും വെട്ടിക്കുറച്ചിരിക്കുന്നു. ഈ പഞ്ചായത്തിലുള്ള മിക്യകുടുംബങ്ങളും പാചക ആവശ്യത്തിന് ഉപയോഗിക്കുന്നത് തെങ്ങ് ഉൽപ്പന്നങ്ങളും വിറകുമാണ്. മണ്ണെണ്ണയും വൈദ്യുതിയു മുപയോഗിച്ച് പാചകം നടത്തുന്നവർ വിരലിലെണ്ണാവുന്നവരെയുള്ളു. വിറകിൻെറയും തെങ്ങുൽപ്പന്നങ്ങളുടെയും ലഭ്യത വളരെ പരിമിതവും ഉപഭോഗം വളരെ കൂടുതലും തന്നെയുമല്ല ലഭിക്കുന്ന വിറകുൽപ്പന്നങ്ങളുടേയും മറ്റും വില വളരെ കൂടുതലുമാണ്. അത്പോലെതന്നെ മറ്റോരു ഊർജ്ജമായി കുക്കിങ് ഗ്യാസ് ഉപയോഗിച്ച് പാചകം ചെയ്യുന്നവർ വളരെ വിരളമാണ്. കാരണം വിതരണരംഗത്തെ പോരായ്മയും ജനങ്ങളിൽ ക്കിടയിലെ ഇക്കാര്യത്തിനുള്ള അജ്ഞതയുമാണ്. ഇതുപോലെതന്നെ ഇന്ധനം ലാഭിക്കാൻ കഴിയുന്ന അടുപ്പുകൾ ഈ പഞ്ചായത്തിൽ തീരെ പ്രചാരത്തിലില. ഈ പ്രദേശത്തെ പാചക ഇന്ധനം ലാഭിക്കുന്നതിന് വേണ്ടി ഇന്ധനച്ചിലവ് കുറവുള്ള

പുകയില്ലാത്ത അടുപ്പുകൾ വരുത്തുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും അതിനെക്കുറിച്ചുള്ള ചർച്ചാ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുക. വൃക്ഷങ്ങൾ വെച്ച്പിടിപ്പിച്ച് വിറകുൽപ്പാദനം പ്രോത്സാഹിപ്പിക്കുക. പാചകാവശ്യത്തിനും ഇപ്പോഴുള്ള വൈദ്യുതി പ്രധിസന്ധി തരണം ചെയ്യുന്നതുവരെയും പൊതുവിതരണ ശ്രൃഖലയിലൂടെയും മണ്ണെണ്ണ ലഭ്യത വർദ്ധിപ്പിക്കുക. ഈ പ്രദേശം കാർഷിക മേഖലയായതിനാൽ പ്രത്യേകിച്ച് കന്നുകാലികളെ വളർത്തപ്പെടുന്നു. ഇവയിൽനിന്ന് ലഭിക്കുന്ന ചാണകം ഉപയോഗപ്പെടുത്തി ക്ഷീര വികസന വകുപ്പിൻെറയും ബ്ലോക്ക് പഞ്ചായത്തിൻെറയും ആഭിമുഖ്യത്തിൽ പൊതുജന പങ്കാളിത്തത്തോടെ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ബയോഗ്യാസ് പ്ലാൻറ് നിർമ്മിച്ച് ഊർജ്ജ പ്രതിസന്ധിക്ക് വലിയൊരളവുവരെ പരിഹാരം കാണാവുന്നതാണ്. കൂടാതെ കുക്കിങ്ങ് ഗ്യാസിൻെറ *സിലിണ്ടർ* വിതരണ മേഖല പഞ്ചായത്തിലേക്ക് വ്യാപിപ്പിച്ചും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഊർജ്ജ സംരക്ഷണത്തിന് പൊതുജനങ്ങൾക്കുണ്ടാവുന്ന *കച്ചിപ്പെട്ടിപ്പോലുള്ള* ചെലവുകുറഞ്ഞ നൂതന ലളിത മാർഗ്ഗങ്ങൾ അവലംഭിക്കാവുന്നതാണ്. വൈദ്യുത ലൈനിൽ തട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ വെട്ടിമാറ്റുന്നതിന് പൊതുജന പങ്കാളിക്കത്തോട് കൂടി പരപാടികൾ രൂപീകരിക്കുക. കുറഞ്ഞ വോൾട്ടതയിലും പ്രവർത്തിക്കുന്ന വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കുക. ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളും സമുദ്ര നിരപ്പിൽ നിന്നും ഗണ്യമായ തോതിൽ ഉയർന്നുനിൽക്കുന്നതിനാൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താവുന്നതാണ്. മേൽപ്പറഞ്ഞ ഭൂ സവിശേഷത ഈ പഞ്ചായത്തിനിള്ളതുകൊണ്ട് പകൽ മുഴുവൻ സമയവും സൂര്യപ്രകാശം ഇവിടെ ലഭിക്കുന്നു. ഈ സൂര്യപ്രകാശം ഉപയോഗപ്പെടുത്തി തെരിവ് വിളക്കുകൾ പ്രകാശിപ്പിക്കാനുള്ള സോളാർപ്പാനലുകളും സ്ഥാപിക്കാവുന്നതാണ്. കൂടാതെ ചെരിഞ്ഞ ഭൂപ്രദേശവും ഇവിടുത്തെ ഒരു സവിശോഷതയാണ്. വർഷക്കാലങ്ങളിൽ ഈ പ്രദേശത്ത് സാമാന്യം ശാക്തമായ നീരുറവൾ *വെള്ളപ്പച്ചിൽ* ലഭിക്കാറുണ്ട്. ഇതപപയോഗ പ്പെടുത്തി ചെറുകിട ജല വൈദ്യുത പദ്ധതികളും ആവിഷ്ക്കരിക്കാവുന്നതാണ്. വർഷങ്ങൾ പിന്നിട്ടുണ്ടാകുന്ന മീറ്റർ റീഡിങ്ങ് സമ്പ്രദായം ഒഴിവാക്കി സെൽഫ് റീഡിങ്ങ് സിസ്റ്റം ഏർപ്പടുത്തുകയൊ മാസാമാസം ഡിപ്പാർട്ട്മെർറ് നേരിട്ട് റീഡിംഗ് നടത്തുകയോ ചെയ്യേണ്ടതാണ്. കണക്ഷൻ ലഭിക്കുന്നതിന് വേണ്ടയുള്ള ദീർഘകാല കാത്തിരിപ്പ് ഒഴിവാക്കി പെട്ടന്ന് ലഭിക്കുന്നതനുള്ള നടപടി സ്വീകരിക്കുക. ഇപ്പോൾ ഒാവർ ലോഡിങ്ങിൽ കിടക്കുന്ന ട്രാൻസ് ഫോർമറുകൾ ശക്തി വർദ്ധിപ്പിക്കുക. ലൈനിലെ അപകടങ്ങളും മറ്റു എർത്തിങ്ങ് മുഖേനയുള്ള നഷ്ടം പരിഹരിക്കുന്നതിന് വൃക്ഷങ്ങൾക്കിടയിലൂടെ പോകുന്ന ലൈനുകൾ പൂർണ്ണമായും ഇൻസുലേറ്റ് ചെയ്യുക. ഈ അടുത്തകാലത്ത് അപ്രായോഗികമായി നിലവിൽവന്ന സിംങ്കിൾ ഫെയ്സ് ലൈനിൽ നിന്നും 6 കണക്ക്ഷനിൽ കൂടുതലുള്ള അതായത് 7-ാംമത്തെ ഉപഭോക്താവിന് ആ ലൈനിൽ നിന്നും കണക്ക്ഷൻ ലഭിക്കണമെങ്കിൽ ആവ്യക്തി അത്രയും ദൂരം ത്രിഫെയ്സ് ആക്കിമാറ്റാനുള്ള തുക മുഴുവനും വഹിക്കണമെന്ന നിയമം മാറ്റേണ്ടതാണ്.

## ആവശ്യങ്ങൾ

ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഒഴൂർ ജംഗ്ഷനിൽ നിന്ന് നാല് ഭാഗത്തേക്കും ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. രണ്ടാം വാർഡിൽ പടിഞ്ഞാറുഭാഗം പണിക്കോട്ടിൽ ഇടവഴി പരിസരം 25 വീടുകൾ ലൈൻ വലിക്കാത്തതിനാൽ ഇവിടങ്ങളിൽ വൈദ്യുതി ലഭിചച്ചിട്ടില്ല. ഇതിന് വേണ്ട നടപടികൾ സ്വീകരിക്കുക. ഇവുടുത്തെ ലക്ഷം വീട് കോളനിയിൽ *കുടിൽ ജോതി*__ വൈദ്യുതി ലഭ്യമാക്കണം. ഓണക്കാട് പള്ളിയുടെ സമീപം ദേവതാർ റോഡ് കാട്ടിലങ്ങാടി റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റിനുള്ള ഫിറ്റിങ്ങുകൾ നടത്തിയിട്ടുണ്ടെങ്കിലും കണക്ക്ഷൻ ലഭിച്ചിട്ടില്ല. പട്ടികജാതി കോളനിയിൽ *(ഓണക്കാട്)* ഫിറ്റിംഗ്സുകൾ നടത്തിയിട്ട് 5 വർഷമായി. ഇവിടെ

ബൾബുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ടതാണ്. ഈ വാർഡിൻെറ കിഴക്കേ അതിർത്തിയായ കുറിവട്ടുശ്ശേരി ഭാഗത്തും കോറാട് പള്ളിയുടെ ഭാഗത്തും സോഡിയം വെപ്പർ ലാമ്പ് സ്ഥാപിക്കുക. 3-ാം വാർഡിലെ പടിഞ്ഞാറ് ഭാഗത്തെ സിങ്കിൾ ഫെയ്സ് ലൈനുകൾ ത്രൂഫൈയ്സ് ലൈനുകളാക്കി മാറ്റുക. ഈ വാർഡിലെ മുടങ്ങൽ, എരനല്ലൂർ, പറമ്പത്താഴം എന്നിവിടങ്ങളിലും കാട്ടിലങ്ങാടിയിൽ നിന്ന് വാർഡിലേക്ക് കടക്കുന്നിടത്തും മറ്റ് റോഡ് സൈഡുകളിലും ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. 4-ാം വാർഡിലെ *ചുറ്റും ചിലാർ* തറയിൽ ട്രാൻസ് ഫോർമർസ്ഥാപിക്കുക. വാർഡിലെ അങ്കനവാടി സ്ഥിതിചെയ്യുന്ന ഭാഗത്തേക്ക് വൈദ്യുതു എത്തിക്കുക. വാർഡിലെ മുഴുവൻ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുക. വ്യവസായ സംരംഭകർക്ക് വൈദ്യുതി ലഭ്യമാക്കുക. തലക്കട്ടൂർ ജുമാമസ്ജിദിന് സമീപവും, ചുറ്റുംചിലാർതറ, തിയിൽ പീടിക, താഴെപീടിക. പട്ടികജാതി കോളനി, തലക്കട്ടൂർ എ.എം.എൽ.പി.സ്ക്കൂൾ ചുരങ്ങര താഴെ, മുണ്ടാലത്തിൽ ഇടവഴി, ചാലിൽപ്പീടിക, തച്ചാട്ടുംപടി, കുറുവട്ടിശ്ശേരി, പറക്കുഴി എന്നിവിടങ്ങളിൽ ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. 5-ാം വാർഡിൽ പള്ളിയുടെ കിഴക്കുഭാഗത്ത് എൽ.പി.സ്ക്കൂളിന് സമീപം അയ്യപ്പൻഇടവഴി, ഞാറ്റ് തൊട്ടിപ്പാറ മുതൽ ചുരങ്ങര ടൗൺവരെ, അയ്യായ യാഗം മുതൽ കിഴക്ക് പൊൻമുണ്ടം പഞ്ചായത്ത് അതിർത്തിവരെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക. മാട്ടുമ്മൽപ്പടി മുതൽ വടക്കോട്ട് തറമ്മൽപ്പടിവരെയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക. എൽ.പി.സ്ക്കൂൾ ചുരങ്ങര റോട്ടിലും പാലക്കട്ട് പടിമുതൽ ചുരങ്ങര റോഡിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുക. ശേഷം ആവശ്യമായ സ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ച് കിട്ടേണ്ടതാണ്. പഞ്ചായത്തിലെ ആറാം വാർഡിൽ പഞ്ചായത്തിൻെറ സിരാകേന്ദ്രമായ വെള്ളച്ചാൽ മുതൽ പടിഞ്ഞാറോട്ട് പുത്തൻതെരു റോഡിൽ പാലക്കത്തോട് വരേയും, വെള്ളച്ചാൽ മുതൽ വടക്കോട്ട് വാർഡ് അതിർത്തിവരേയും, ഇല്ലത്തപ്പടി മുതൽ അയ്യായ ജുമാമസ്ജിദ് റോഡിൽ ഈ വാർഡിൻെറ അതിർത്തിവരേയും ജാറത്തിൻെറ വടക്ക് വശത്തുനിന്നും പടിഞ്ഞാറോട്ടുള്ള ഫൂട്പാത്തിൽ അയ്യപ്പൻ ഇടവഴി വരേയും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുകയും ഇവക്കാവശ്യമാസ വൈദ്യുതി വാർഡ് അടിസ്ഥാനത്തിൽ മീറ്ററുകൾ സ്ഥാപിച്ചം തിട്ടപ്പെടുത്തി ഉപയോഗിച്ച വൈദ്യുതിക്കുള്ള പണം അടക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. വെട്ടിക്കുറച്ച മണ്ണെണ്ണ വോൾട്ടേജ് പ്രതിസന്ധി പരിഹരിക്കപ്പെടുന്നതുവരെ അനുവദിക്കപ്പെടേണ്ടതാണ്. 6-ാം വാർഡിലെ കോരംപാറ എന്നസ്ഥലത്ത് ഒര് ട്രാൻസ് ഫോർമർ സ്ഥാപിച്ച് വെള്ളച്ചാലിൽ സ്ഥിതിചെയ്യുന്ന ട്രാൻസ് ഫോർമറിൻെറ ലോഡ് കുറക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ 7,8,9,10 വാർഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. അതുപോലെതന്നെ ഈ വാർഡുകളിൽ പുതിയ ട്രാൻസ് ഫോമറുകൾ സ്ഥാപിച്ച് ഇപ്പോഴുള്ള ട്രാൻസ്ഫോമറിൻെറ ലോഡ് കുറക്കുക. പഞ്ചായത്തിലെ 11-ാം വാർഡിൽ ഇപ്പോഴുള്ള ട്രാൻസ്ഫോമറിൻെറ ലോഡ് കുറക്കുന്നതിലേക്കായി പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം. പറപ്പാറപ്പുറം, പെരിഞ്ചേരി, നാലുംകൂടിവഴു, പൂതിക്കുന്ന്, എന്നീസ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. കാർഷിക മേഖലയിൽ ജലസേചനത്തിന് വേണ്ടി ലഭിക്കുന്ന മണ്ണെണ്ണയുടെ പെർമിറ്റ് അനുവദിക്കുന്നതിന് വേണ്ടിയുള്ള കർഷകരുടെ ഓഫീസ് കയറിയിറങ്ങൽ ലഘൂകരിക്കുക.

ഒഴൂർ പഞ്ചായത്തിലെ വിവിധ വിർഡുകളിൽ ഊർജ്ജ മേഖലകളിൽ നിലവിലുള്ള പ്രതിസന്ധികളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും, ഇവിടെത്തന്നെ ഊര്ജ്ജോത്പാദനം നടത്തുന്നതുകൊണ്ടുണ്ടാകുന്ന നാളത്തെ സാധ്യതകളും ഈ മേഖലയിലെ അത്യാവശ്യ അവശ്യങ്ങളുമാണ് വളരെ ലളിതമായി മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്.

# സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത്, ദാരിദ്ര രേഖക്ക് താഴെയുള്ളവരെ ഉയർത്തിക്കൊണ്ടു വരുന്നതിനും സംഘടിത അസംഘടിക തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പദ്ധതികളുമാണ് ഉള്ളത്. സർക്കാർ, ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി, ഇതിനെ രണ്ടു തരമാക്കാം.

ഇതിനു പുറമേ, പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസനസന കോർപ്പറേഷനും അതു പോലെ വനിതാ വികസന കോർപ്പനേഷനും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ കയർ തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ നെയ്ത്തു തൊഴിലാളികൾ എന്നിവർ മുഴുവൻ പേരും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

## അംഗൻ വാടി

എല്ലാ വാർഡുകളിലും കുട്ടികൾക്ക് എത്തിപ്പെടാൻ സൗകര്യ പ്രദമായ സ്ഥലങ്ങളിൽ അംഗൻ വാടികൾ നർമ്മിക്കുക. തീരേ അംഗൻ വാടിയില്ലാത്ത ഒരു വാർഡാണ് 10ാം വാർഡ്. ഇപ്പേൾ നിലവിലുള്ള അംഗൻവാടികളിൽ തന്നെ 12 എണ്ണത്തിൽ നാലെണ്ണം സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവയാണ്. കെട്ടിടം ഉള്ളവയിലും ഇല്ലാത്തവയിലും, കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ, മറ്റു ഫർണ്ണീച്ചറുകൾ ഒന്നും തന്നെ വേണ്ടത്രയില്ല. കൂടാതെ ചില സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമ പ്രശ്നം അതിരൂക്ഷമാണ്.

മഹിളാ സമാജങ്ങൾ എല്ലാ വാർഡുകളിലും ഇല്ല അതിനാൽ ഈ പഞ്ചായത്തിലെ സ്ത്രീകൾക്ക് ഒരു സ്വയം തൊഴിലിൽ ഏർപ്പെടുന്നതിന് സാധിക്കുന്നില്ല സാമൂഹ്യ ക്ഷേമ രംഗത്തെ ദാരിദ്ര രേഖക്ക് താഴെയുള്ളവരെ ഉദ്ധരിച്ചു കൊണ്ട്. കേന്ദ്രസംസ്ഥാന ഗവൺമെൻറ് വഹിക്കുന്ന ദാരദ്രനിർമ്മാർജ്ജന പദ്ധതിയും, തൊഴിലുടമ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയും, ഇതിനു പുറമെ പട്ടികജാതി വികസനത്തിനും പട്ടികജാതി വികസന കോർപ്പറേഷനും, വനിതാ പുരോഗതിക്ക്, വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ടെങ്കിലും, നിലവിലുള്ള പദ്ധതികൾ അപര്യാപ്തതമാണ്. കാരണം പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ഉദ്യോഗതലത്തിൽ ബോധവൽക്കരണം, ആവശ്യത്തിനും സമയത്തിനും കിട്ടായ്മ, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക ബുദ്ധിമുട്ട് ഇവ എടുത്തു പറയേണ്ട കാര്യങ്ങളാണ്.

## ഐ.ആർ.ഡി.പി. വായ്പ്പാ കണക്ക്

ഐ.ആർ.ഡി.പി. മുഖേന വായ്പ്പ ലഭ്യമാക്കാൻ ദരിദ്രരേഖയുടെ പരിധി 25000 രൂപയെങ്കിലും ആക്കി ഉയർത്തേണ്ടതാണ്. സ്ത്രീകളുടെയും

കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അധിലധികമോ സ്ത്രീകൾ കൂട്ടായി പ്രവിർത്തിക്കുന്ന സംരംഭമായ ഡി.ഡബ്ല്യിയു. സി.ആർ.എ. തുടങ്ങയവയിലൂടെ സ്ത്രീകൾക്ക് തൊഴിൽ യൂണിറ്റുകൾ എല്ലാ വാർഡുകളിലും തുടങ്ങേണ്ടത് അത്യാവശ്യമാണ്.

ദാരിദ്ര രേഖക്ക് താഴെയുള്ളവർക്ക് വേണ്ടത്ര കക്കൂസുകൾ ഇല്ല. മാത്രവുമല്ല, കക്കൂസ് നിർമ്മിക്കുന്നതിനു വേണ്ടി അനുവദിക്കുന്ന സംഖ്യ പരിമിതവുമാണ്. അതിനാൽ കക്കൂസുകൾ കൂടുതൽ നിർമ്മിക്കുന്നതിനും, അതിനു വേണ്ടി നൽകുന്ന സംഖ്യ വർദ്ധിപ്പിക്കേണ്ടതുമാണ്.

| വാർഡ് | സർവ്വേപ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ എസ്.സി. എസ്.ടി. | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ എസ്.സി. എസ്.ടി. | സഹായം ലഭിച്ചതു വഴി ദാരിദ്ര രേഖക്കു മുകളിൽ എത്തിയവർ | ദാരിദ്ര രേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 182 | 13 | 16 | 5 | 12 | 170 |
| 2 | 199 | 1 | 16 | 1 | 15 | 184 |
| 3 | 135 | 1 | 17 | – | 14 | 121 |
| 4 | 264 | 2 | 14 | 1 | 8 | 256 |
| 5 | 263 | 1 | 13 | 1 | 10 | 253 |
| 6 | 154 | – | 20 | – | 11 | 143 |
| 7 | 140 | 7 | 20 | 6 | 14 | 126 |
| 8 | 113 | – | 14 | 4 | 13 | 67 |
| 9 | 80 | 4 | 14 | 4 | 13 | 67 |
| 10 | 197 | 2 | 14 | 1 | 12 | 185 |

## പെൻഷനുകൾ

അർഹതപ്പെട്ടെല്ലാവർക്കും പെൻഷൻ കിട്ടുന്നില്ല. മാത്രവുമല്ല, ലഭിക്കുന്നവർക്കു തന്നെ അത് സമയാ സമയങ്ങളിൽ ലഭിക്കുന്നുമില്ല. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, തുടങ്ങിയ പെൻഷനുകൾ അർഹതപ്പെട്ടവരെ കണ്ടെത്തി അവർക്ക് അത് കാലതാമസം കൂടാതെ എത്തിച്ചു കൊടുക്കേണ്ടതാണ്. അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കുന്ന സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

| വില്ലേജ് | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗ പെൻഷൻ | കുഷ്ഠരോഗ പെൻഷൻ | ക്യാൻസർ രോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|
| | 230 | 33 | 80 | 32 | – | 7 | 425 | 71 |
| 91-92 | 6 | 8 | 2 | 5 | 1 | – | – | – |
| 92-93 | 4 | 1 | – | 4 | 3 | – | – | – |
| 93-94 | 7 | 1 | – | 4 | 2 | – | – | – |
| 94-95 | 2 | 2 | 3 | 4 | 3 | – | – | – |
| 95-96 | 2 | 7 | 6 | 4 | 3 | – | – | – |

അംഗൻവാടി പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള വാർഡുകൾ 1,32,4,5,6,7,8,9,11

## അംഗൻവാടി വിവരങ്ങൾ

| നമ്പർ | വാർഡ് | എണ്ണം | അംഗൻവാടികൾ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളവ | കെട്ടിടം ഇല്ലാത്തവ | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തവ |
|---|---|---|---|---|---|---|---|---|
| 1 | 1 | 1 | 73 | 264 | ഉണ്ട് | - | 1 | - |
| 2 | 2 | 1 | 74 | 278 | ഉണ്ട് | - | 1 | - |
| 3 | 3 | 2 | 76-114 | 162 | ഉണ്ട്-1 | ഇല്ല-1 | 1 | 1 |
| 4 | 4 | 1 | 75 | 372 | ഉണ്ട് | | 1 | 1 |
| 5 | 5 | 2 | 77-78 | | ഉണ്ട്-1 | ഇല്ല-1 | 1 | - |
| 6 | 6 | 1 | 83 | 266 | ഉണ്ട് | - | 1 | - |
| 7 | 7 | 1 | 279 | - | – | ഇല്ല | - | - |
| 8 | 8 | 1 | 82 | 768 | ഉണ്ട് | - | 1 | 1 |
| 9 | 9 | 1 | 81 | 341 | – | ഇല്ല | - | - |
| 10 | 10 | - | - | - | - | - | - | - |
| 11 | 11 | 1 | 80 | 315 | - | ഇല്ല | - | 1 |

## നിർദ്ദേശങ്ങൾ

1 പഞ്ചായത്ത് ലീസ് ഭൂമിയോ, മിച്ചഭൂമിയോ അംഗൻവാടി കെട്ടിടം പണിയാൻ നൽകുക

2 ഡി.ഡബ്ല്യിയു.ആർ.സി.എ. യൂണിറ്റുകൾക്ക് നൽകുന്ന തുകയുടെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ ഉപയോഗിക്കുക

3 അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക

4 പൊതുപ്രവർത്തനത്തിൽ വർക്കർമാരെയും, ഹെൽപ്പർമാരെയും ബോധവൽക്കരിപ്പിക്കുക

## ഭവന നിർമ്മാണം

വിദ്യാഭ്യാസപരമായും വികസനപരമായും വളരെ പിന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ് ഒഴൂർ ഗ്രാമ പഞ്ചായത്ത്. ഗൾഫ് പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിൻെറ സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമാണ്. ഈ പ്രദേശത്ത് ഈ പണത്തെ ഉപയോഗ പ്രദമായ രീതിയിൽ ഒട്ടും തന്നെ ചിലവഴിക്കുന്നില്ല. ഇത് കേവലം പാർപ്പിട നിർമ്മാണ രംഗത്ത് ഇത് കോൺക്രീറ്റ് ഭവനങ്ങൾ ആയി മാത്രം ഒതുങ്ങി നിൽക്കുന്നു. സ്ഥിരമായ വരുമാനം ഉള്ളവർ വളരെ കുറച്ചു പേരേയുള്ളൂ. മുക്കാൽ ഭാഗവും കൂലിപ്പണിക്കാരാണ്. സർക്കാർ ഉദ്യോഗസ്ഥൻമാർ വിരളമാണ്.

| വാർഡ് നമ്പർ | മൊത്തം കെട്ടിടങ്ങൾ | ഓട് | ടെറസ് | ഓല | ഒന്നിൽ കൂടുതൽ നിലയുള്ളത് | കുടിൽ | ഭവനനിർമ്മാണ പദ്ധതി പ്രകാരം നിർമ്മിച്ചത് |
|---|---|---|---|---|---|---|---|
| 1 | 650 | 310 | 121 | 105 | 112 | 12 | 9 |
| 2 | 625 | 301 | 97 | 318 | 108 | 15 | 5 |
| 3 | 471 | 388 | 101 | 309 | 83 | 10 | 2 |
| 4 | 450 | 212 | 88 | 107 | 71 | 12 | 2 |
| 5 | 615 | 290 | 142 | 43 | 140 | 10 | |
| 6 | 507 | 196 | 116 | 85 | 110 | 15 | 3 |
| 7 | 496 | 247 | 94 | 52 | 103 | 10 | |
| 8 | 446 | 250 | 60 | 46 | 88 | 15 | 1 |
| 9 | 548 | 298 | 73 | 70 | 107 | 13 | |
| 10 | 361 | 206 | 54 | 33 | 68 | 15 | |
| ആകെ | 5199 | 2498 | 946 | 758 | 990 | 127 | 22 |

ഈ പഞ്ചായത്തിലെ 5199 വീടുകളിൽ 946 ടെറസുകളാണ് ഇവയിൽ മുക്കാൽ ഭാഗവും. കടപ്പ മൊസൈക്ക് തറകളാണ്. ബാക്കിയുള്ള ടെറസ് വീടുകളും ഓടിട്ട വീടുകളും സിമെൻറ് തറകളാണ്. കുടിൽ ചാണകം മെഴുകിയ തറകളുമാണ്.

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന്നാവശ്യമായ സാധനങ്ങൾ എവിടെയും നിർമ്മിക്കുന്നില്ല. കട്ട, കല്ല്, സിമെൻറ് എന്നിവ ഇറക്കുമതി ചെയ്യാനുള്ള ബുദ്ധിമുട്ടുകൾ വളരെയാണ്. ഈ പഞ്ചായത്തിലെ കൂടുതൽ

പ്രദേശങ്ങളും കുന്നിൻ പ്രദേശങ്ങളും ചെരിവുള്ള പ്രദേശങ്ങളുമായതിനാൽ പുതുതായി നിർമ്മിക്കുന്ന വീടുകൾ മിക്കതും വയൽ നികത്തിയും മറ്റുമാണ്. വയൽ നികത്തി വീടു വെക്കുന്നതിന് വേറെയും പ്രവണതകൾ കാണുന്നു. ഒന്ന് കുടിവെള്ളം, രണ്ടാമത് ഗതാഗതപ്രശ്നം. ഇത് കാർഷിക മേഖലയെ ബാധിക്കുന്നു. ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങളില്ല. ഭവന നിർമ്മാണ വായ്പ്പകൾ സാധാരണക്കാരന് ചിന്തിക്കാനേ പറ്റാത്ത രീതിയിലാണ്. അമിതമായ പലിശയും ജാമ്യ വ്യവസ്ഥയും. ഈ വായ്പ്പകൾ സാധാരണക്കാരന് സ്വീകാര്യമാക്കാൻ തക്ക വിധത്തിൽ ഉദാരവൽക്കരിക്കണം. കൂടാതെ വായ്പ്പ നൽകാനുള്ള കാലതാമസം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദാരിദ്ര വിഭാഗക്കാർക്ക് വീടും, കക്കൂസ് വെക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനോ പുതുക്കിപ്പണിയുന്നതിനോ ഉള്ള സഹായങ്ങളും വായ്പ്പകളും ലഭ്യമാകാത്തതിനാൽ പൊതുജനങ്ങളുടെ പൊതുപ്രവർത്തനത്തിലെ സഹകരണം കുറയുന്നു. വരുമാനം കുറഞ്ഞവന് സ്വന്തമായ വീട് എന്ന ആഗ്രഹം വെറും മരീചികയായിരിക്കായാണ്. ഓരോ വീടിനും ഓരോ കക്കൂസും അത്യന്താപേക്ഷിതമാണ്. കക്കൂസ് നിർമ്മിക്കാനുള്ള ഭാരിച്ച ചെലവ് കാരണം സാധാരണ ജനങ്ങൾ കൂടുതലും പുറംപറമ്പുകളിലോ ചുറ്റുപാടിലോ മലമൂത്രവിസർജ്ജനം ചെയ്യുന്നു. ഇത് പൊതുജനാരോഗ്യത്തെ വലിയ തോതിൽ ബാധിക്കുന്നു. ഒഴൂർ പഞ്ചായത്തിൽ 2 ലക്ഷം വീട് കോളനികളുണ്ട്. അവരിൽ വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചു കൊടുക്കണം. സ്വന്തമായ സ്ഥലമോ വീടോ ഇല്ലാത്തവർക്ക് ലക്ഷം വീട് നിർമ്മിച്ചു കൊടുക്കുക. ത്യാഗങ്ങൾ സഹിച്ച് വീട് നിർമ്മിച്ചാൽ അതിലേക്കുള്ള പ്രാഥമികാവശ്യമായ വൈദ്യുതി, കുടിവെള്ളം എന്നവ ലഭിക്കാൻ കാലങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു. നിർധനരായ വിധവകൾക്കും അടച്ചു കിടക്കാൻ ഒരു വീട് നിർമ്മിച്ചു കൊടുക്കാനുള്ള ഏതെങ്കിലും ഒരു പദ്ധതി നടപ്പിലാക്കണം. കൂലി നിരക്കും സാധനങ്ങളുടെ അമിതമായ വിലക്കയറ്റവും സാധാരണക്കാരന് വീടുപണി പൂർത്തിയാക്കാൻ സാധിക്കുന്നില്ല. പുരുഷൻമാർക്ക് 125 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ് ഇന്ന് നിലവിലുള്ള കൂലി. 5,6,8 എന്നീ വാർഡുകളിൽ മിച്ചഭൂമി ഉണ്ടായിട്ടു പോലും അത് പാവപ്പെട്ടവർക്ക് പതിച്ചു കൊടുക്കുന്നില്ല.

പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ചു കൊടുക്കാനുള്ള നിർദ്ദേശങ്ങൾ

1 പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

2 ഭവന നിർമ്മാണ വായ്പ്പാ നിരക്ക്, കാർഷിക വായ്പ്പാ നിരക്കിനോട് നിജപ്പെടുത്തുക.

3 പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടു കൂടി വീട് നിർമ്മിച്ചു നൽകുക.

4 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം സപ്ലൈസ് വഴി നടപ്പിലാക്കുക.

5 സർക്കാർ ലഭ്യമാക്കുന്ന വായ്പ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകളില്ലാതാക്കുക.

6 രജിസ്ട്രാപ്പീസിലുള്ള അമിതമായ ഫീസ് ഇല്ലാതാക്കുക.

7 വായ്പ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

8 വായ്പ്പാ സംഖ്യ വർദ്ധിപ്പിക്കുകയും സബ്സിഡി ഏർപ്പാടാക്കുകയും ചെയ്യുക

9 ഭൂമിരഹിതർക്ക് പഞ്ചായത്ത് ലീസ് ഭൂമിയോ പുറമ്പോക്കോ ഏർപ്പെടുത്തുക.

10 പാർപ്പിട യോഗ്യനല്ലാത്ത വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുക.

11 പട്ടിക ജാതി കോളനികളിലും ലക്ഷംവീട് കോളനികളിലും കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുക.

12 ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

ആകെ നാല് പട്ടിക ജാതി കോളനികളാണ് ഈ പഞ്ചായത്തിലുള്ളത്.

1 എരനെല്ലൂർ

2 തലക്കട്ടൂർ

3 മണലിപ്പുഴ

4 കരിങ്കപ്പാറ

ഇതിൽ മണലിപ്പുഴ ഐ.എച്ച്.ഡി.പി.ഐ. അംഗീകരിച്ചതാണ്. ആകെ 37 ഹരിജൻ കുടുംബങ്ങളാണ് കുടിലുകളിൽ താമസിക്കുന്നത്. ഇവരിൽ ലക്ഷംവീട് പട്ടയം കിട്ടാത്തവരും ഭൂമിയിൽ അവകാശത്തർക്കമുള്ളവരും സ്വന്തമായി ഭൂമി ഇല്ലാത്തവരും സർക്കാർ സഹായം കൊണ്ട് വീടു പണിതു വിറ്റവരും എല്ലാവരും പെടുന്നു. അതേ സമയം രണ്ടും മൂന്നും വീതം വിവാഹിതരായ ആൺമക്കളുള്ള കുടുംബങ്ങൾക്ക് മാറി താമസിക്കാനും സ്ഥലമില്ലാത്തതിനാൽ വലയുന്നു. ഇങ്ങിനെയെല്ലാമുള്ള കുടുംബങ്ങൾക്ക് 4 സെൻറ് സ്ഥലം വീതമെങ്കിലും സ്വന്തമായി പതിച്ചു കൊടുക്കേണ്ടത് ആവശ്യമാണ്. വൈദ്യുതീക്കരിക്കാത്ത ഹരിജൻ കോളനിയാണ് കരിങ്കപ്പാറ. എരനെല്ലൂർ, തലക്കട്ടൂർ, മണലിപ്പുഴ വൈദ്യുതീകരിച്ചതാണ്. കരിങ്കപ്പാറ കോളനി വൈദ്യുതീകരിച്ച് 8 വർഷമായി ലൈൻ വലിച്ചിട്ടെങ്കിലും. ഇന്നേ വരെ കണക്ഷൻ കിട്ടിയിട്ടില്ല. അയ്യായ ഭാഗത്തുള്ള 4 വീടുകൾക്ക് കുടിൽ ജോലി പദ്ധതിയിൽ കണക്ഷൻ നൽകാൻ ലൈൻ വലിച്ചിട്ട് ഇതു വരെ ചാർജ്ജ് ചെയ്തിട്ടില്ല. കലക്കട്ടൂർ കോളനിയിൽ കെ.ഡബ്ലിയു.എ. യുടെ കുടിവെള്ളത്തിനുള്ള വാട്ടർ ടാങ്കും പൊതു ടാപ്പുകളുമുണ്ട്. ഒരു പഞ്ചായത്ത് കിണറുമുണ്ട് കോളനിയിൽ. മണലിപ്പുഴ, കരിങ്കപ്പാറ കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

# സംസ്ക്കാരം

ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ച്ചയുടേയും സവർണ്ണ സമ്പന്ന നാടുവാഴിത്വത്തിൻെറയും രുജി കാലാന്തരങ്ങളിലൂടെ അനുഭവിച്ചറിഞ്ഞവരാണ് ഈ ഗ്രാമത്തിലെ അടിസ്ഥാനവർഗ്ഗം. ദേശീയ പ്രസ്ഥാനത്തിൻെറയും, നവോത്ഥാന പ്രസ്ഥാനത്തിൻെറയും, കർഷക സമരങ്ങളുടേയും അലയടികൾ ഈ ഗ്രാമത്തിനെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. അയിത്തോച്ചാടനത്തിന്നെതിരായി കറുത്താട്ടിൽ ബാലചന്ദ്രമേനോൻെറയും പൈക്കാട്ടിൽ വേലായുധൻ മാസ്റ്ററുടേയും നേതൃത്വത്തിൽ ധീരമായ പ്രക്ഷോഭ നടപടികൾ ഇവിടെ നടന്നിട്ടുണ്ട്. ഹരിജൻ സമുദായങ്ങളെ ക്ഷേത്രക്കുളങ്ങളിൽ കുളിപ്പിക്കുക. ഹരിജൻ സ്ത്രീകളെ വസ്ത്രം ധരിപ്പിക്കുക എന്നിവ ഇവയിൽ ഉൾപ്പെട്ടിരുന്നു.

സാമ്രാജ്യത്വത്തിനെതിരെ നടന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനം, സ്വാതന്ത്രബോധത്തോടെ സംഘടിത ശക്തിയായി മാറി പ്രക്ഷോഭം നടത്തുകയും നാലുകാലൻ ബാപ്പുട്ടി വെടിയേറ്റ് മരിക്കുകയും ഒട്ടനേകം പേർ ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഒളിവിൽ കഴിയുന്ന പോരാളികളെ പുറത്ത് ചാടിക്കുന്നതിന് വേണ്ടി ബ്രിട്ടീഷ് സൈന്യം വെടിവെച്ച പാടുകൾ അയ്യായ ഭാഗത്തുള്ള "നരിമട" എന്ന ഗുഹയിൽ ഇന്നും കാണാം. പഴയ ചരിത്ര സത്യങ്ങളുടെ മൂകസാക്ഷിയായ ഇന ഗുഹ മരച്ചുകൊണ്ടിരിക്കുന്നു. ദേശീയ സമരത്തിന് ഈ ഗ്രാമം വഹിച്ച പങ്ക് വിളിച്ചോതുന്ന മകുടോദാഹരമാണ് ഈ സംഭവങ്ങൾ.

ഈ ഗ്രാമാന്തരീക്ഷം എന്നും സഹിഷ്ണുതയുടേയും സൗഹാർദ്ദത്തിൻേറയുമായവിരുന്നു. മുസ്ലീം ഭൂരിപക്ഷമാണ് കൂടുതലെങ്കിലും ഹിന്ദുമതത്തിലെ നാനാജാതിക്കാരും ഇവിടെ വസിക്കുന്നുണ്ട്. മതപരമായ സ്പർദയോ സംഘട്ടനമോ ഈ ഗ്രാമത്തിലുണ്ടായിട്ടില്ല.

പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയും ഉത്സാവാ ഘോഷങ്ങളും മതപരമായ ഒരു സമന്വയത്തിന് വേദിയായിട്ടുണ്ട്.

മത സൗഹാർദ്ദത്തിൻെറയും സാഹോദര്യത്തിൻെറയും പ്രതീകങ്ങളായ ധാരാളം ഉത്സവങ്ങൾ ഇവിടത്തുകാർ ആഘോഷിക്കാറുണ്ട്. ദേശീയ ഉത്സമായ ഓണം ഒരു കൊയ്ത്തുൽസവം കൂടിയായി വിവിധ വിഭാഗം ജനങ്ങൾ ആഘോഷിക്കുന്നു. മുസ്ലിം പ്രവാചകനായ മുഹമ്മദ് നബിയുടെ ജൻമദിനം ഇവിടത്തെ മുസ്ലിങ്ങൾ അതി വിപുലമായി തന്നെ ആഘോഷിക്കുന്നു. ബക്രീദ്, മുഹറം, റംസാൻ തുടങ്ങിയവയും ഇവിടത്തെ മുസ്ലിങ്ങളുടെ പ്രധാന ഉത്സവമാണ്. വിഷു തിരുവാതിര എന്നീ ആഘോഷങ്ങളും ഇവിടെ കൊണ്ടാടാറുണ്ട്. പ്രാദേശിക ഉത്സവങ്ങളിൽ ഇവിടെ പ്രധാനമായും ആഘോഷിക്കുന്നവ, കക്കാട്ട്കുന്ന് ഉത്സവം കുണ്ടിലകത്ത് ഉത്സവം അയ്യായകുന്ന് നേർച്ച മുതലായവയാണ്. കൂടാതെ ഓരോപ്രദേശത്തും കലങ്കരി, ആട്ട് മുതലായ സ്വകാര്യഉത്സവങ്ങളും നടത്താറുണ്ട്.

ഒരുകാലത്ത് സമൂഹത്തിലും വ്യക്തികളിലും വാമൊഴിയായും, കെട്ടുപാട്ടായും, നാടൻ ശീലുകളായും നിലനിന്നിരുന്നതും കർഷകരുടെ ഇടയിലുള്ള കൊയ്ത്ത് നടീൽപ്പാട്ടുകളും, പരിചമുട്ടുകളി, കോൽക്കളി ചവിട്ടുപാട്ട് തുടങ്ങിയ ഗ്രാമീണ കലകളും ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. ഈ സാംസ്ക്കാരിക പൈതൃകങ്ങളെല്ലാം സാമൂഹ്യ വേദിയിലേക്ക് കൊണ്ടുവരുന്നതിനും കലാസാംസ്ക്കാരിക ബോധം ജനഹൃദയങ്ങളിൽ നിലനിൽക്കുന്നതിനും ഹേതുവായത് വിവിധ മേഖലകളിൽ ഉയർന്നുവന്ന കലാ കായിക സാംസ്ക്കാരിക സംഘടനകളാണ്. ധാരാളം സാംസ്ക്കാരിക സംഘടനകൾ ഉണ്ടെങ്കിലും സാമ്പത്തിക പരാധീനത കാരണം നിർജീവ അവസ്ഥയിലാണ്. എങ്കിലും പ്രതിസന്ധികളെ തരണം ചെയ്ത് സി.എച്ച് മുഹമ്മദ് കോയ സ്മാരക സാംസ്ക്കാരിക നിലയം പഞ്ചായത്ത് ഗ്രന്ഥശാലയായി പഞ്ചായത്താഫീസിന് സമീപം സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൻെറ എല്ലാ മേഖലകളിലും ഇതിൻെറ ഫലം എത്തുന്നില്ല. സാമ്പത്തിക പരാധീനതയും മറ്റു പ്രശ്നങ്ങളും കാരണം തളർച്ചയെ നേരിടുന്ന ഒഴൂർ ഗ്രൻഥാലയം, 4-ാം വാർഡിലെ താളം കലാസമിതി 7-ാം വർഡിൽ ദരിദ്ര വിദ്യാർത്ഥികൾക്ക് സൗജന്യട്യൂഷൻ നൽകികൊണ്ട് സജീവമായി പ്രവർത്തിക്കുന്ന നവയുഗ കലാകായികവേദി, കൂടാതെ കരിങ്കപ്പാറയിൽ വിരവധി സന്നദ്ധപ്യറവർത്തനങ്ങൾ നടത്തിയ സ്വരരാഗ കലാസമിതി പൊതു സേവന രംഗത്തും കലാരംഗത്തും സജീവമായി പ്രവർത്തനം കാഴ്ച്ചവെച്ച നിസരിഗ കലാസമിതി ഇതിനെല്ലാം ഉപരി പഞ്ചായത്തിലെ സ്പോർട്സ് രംഗങ്ങളിൽ എന്നും ഇന്നും ഒരുപടി മുന്നിൽ നിൽക്കുന്ന വെള്ളച്ചൽ റണ്ണിംഗ് സ്റ്റാർ ക്ലബ് എന്നിവയും സ്മരണിയമാണ്.

വിദ്യാഭ്യാസപരമായി ഏറെ പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഈ ഗ്രാമത്തിൽ ഇന്ന് കേരളത്തിലിറങ്ങുന്ന എല്ലാ ദിനപത്രങ്ങളും മാസികകളും വളരെ കൂടുതൽ ഇല്ലങ്കിലും ഇവ എല്ലാ മേഖലകളിലുമുണ്ട്. പത്രങ്ങളെക്കാൾ അൽപ്പം മുന്നിൽ പൈങ്കിളി സാഹിത്യങ്ങളാണ്. ഗൾഫ് മേഘലയുടെ സ്വാധിനം മൂലം ടി.വി. മറ്റ് ഇലക്ട്രോണിക്സ് മാധ്യമങ്ങളും തലപൊക്കിത്തുടങ്ങിയിട്ടുണ്ട്. ഈ മാധ്യമങ്ങൾ ജന ജീവിതത്തിനും പ്രത്യേകിച്ച് വിദ്യാർത്ഥി സമുഹത്തിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കയാണ്. ജനങ്ങളുടെ വായനാശീലം, സൗഹൃദബന്ധങ്ങൾ, കലാസ്വാധനം ഇവയിൽ നിന്നെല്ലാം ജനങ്ങളെ അകറ്റി സമൂഹത്തിൽ നിന്ന് ഉൾ വലിയുകയും ആധുനിക പരസ്യ പ്രചാരണങ്ങൾക്ക് അടിമപ്പെട്ട് പാശ്ച്ചാത്യ സംസ്ക്കാരത്തിലുള്ള ഭ്രമം നമ്മുടെ തനതായ ശൈലിയും, സംസ്ക്കാരവും, ഗ്രാമീണതയും യുവ തലമുറയിൽ നിന്ന് അകലാൻ ഇത് വഴിവെക്കുന്നു.

| ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ | | | | | | |
|---|---|---|---|---|---|---|
| പേര് | സ്ഥാപന വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റു പ്രവർത്തനങ്ങൾ |
| സി.എച്ച്. മുഹമ്മദ് കോയ സ്മാരക സാംസ്ക്കാരിക നിലയം | 1992 | 25 | 750 - | - | 15 | - |

## പ്രശ്നങ്ങൾ - പരിഹാരങ്ങൾ

- ഒന്നാം വാർഡിൽ നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന ഒഴൂർ ഗ്രന്ഥാലയത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ സാമ്പത്തിക സഹായം അനുദിക്കുക.
- രണ്ടാം വാർഡിൽ പൊതു കളിസ്ഥലം ജിമ്നേഷ്യം എന്നിവ സ്ഥാപിക്കുക.
- വായനശാലകൾ നിലവിലില്ലാത്ത 5-6-9-10-11 എന്നീ വാർഡുകളിൽ പൊതു വായനശാലകൾ അനുവദിക്കുക.
- സ്പോർട്സ് പ്രതിഭകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും കായികമേളകൾ സംഘടിപ്പിക്കുക.
- അയ്യായ ഭാഗത്തുള്ള ഗുഹയുടെ ചരിത്ര പ്രാധാന്യം വെളിവാക്കുന്നതിനും സംരക്ഷിക്കുന്നതിനും പൊതുസ്ഥലമാക്കി മാറ്റുക. സംരക്ഷണം പുരാവസ്തുവകുപ്പിനെ ഏൽപ്പിക്കുക. ഇവിടെ വിനോദകരമായ എന്തെങ്കിലും സ്ഥാപിക്കുക.
- കരിങ്കപ്പാറ ഭാഗത്തുള്ള വെള്ളച്ചാട്ടം നശിപ്പിക്കാതിരിക്കാൻ വേണ്ട നടപടികൾ ചെയ്യുക. പഞ്ചായത്തിൽ നിലവിലുള്ള ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ഊർജിതപ്പെടുത്തുകയും ചെയ്യുക.
- വാടകക്കെട്ടിടങ്ങളിലും മറ്റും നിലകൊള്ളുന്നതും സാമ്പത്തിക പരാധീനത മൂലം പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ വിഷമിക്കുന്നതുമായ കലാകായിക സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക. ഇവയുടെ ചുറ്റുപാടുള്ള കലാസാംസ്ക്കാരിക പൈതൃകം സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഇവയുടെ കീഴിലാക്കുക.
- വായനശീലം വളർത്തുന്നതിനും ടി.വി. തുടങ്ങിയ ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ സ്വാധീനം ചെറുക്കുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
- പഞ്ചായത്ത് തല കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക. നാടൻപാട്ടുകൾ, നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നാടൻ കലകൾ, കളികൾ ഇവ സംരക്ഷിക്കുന്നതിനും ശേഖരിക്കുന്നതിനും ആവശ്യമായ സംവിധാനം പ്പെടുത്തുക *ാംസ്ക്കാരിക നിലയങ്ങൾ* സ്ഥാപിക്കുക. 10-ാം വാർഡിലെ പൊതു സ്ഥലം ഉപയോഗപ്പെടുത്തി സാംസ്ക്കിരിക നിലയം, വായനശാല, അംഗൻവാടി, ഇവ നിർമ്മിക്കൻ ആവശ്യമായ സംവിധാനം രൂപപ്പെടുത്തുക.

# വനിതാ ഗ്രൂപ്പ് ക്രോഡീകരണ റിപ്പോർട്ട്

## വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഒന്നുമറിയാതെ അടുക്കള ചുമരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടുന്ന പ്രവണത നമ്മുടെ ഒഴൂർ പഞ്ചായത്തിലും സജീവമായി നിലനിൽക്കുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസം അപ്രാപ്യമായിരുന്ന പഴയ കാലഘട്ടങ്ങളിൽ സാമൂഹ്യക്ഷേമ പ്രവർത്തങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം നന്നേ കുറവായിരുന്നു. പിന്നീട് പ്രാഥമിക വിദ്യഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരിന്നെങ്കിലും ഉന്നത വിദ്യഭ്യാസ രംഗത്തേക്കുള്ള അവസരം ലഭിച്ചിരുന്നില്ല. ഇന്ന് ജനസംഖ്യയിൽ പുരുഷൻമാരേക്കാൾ കൂടുതലാണ് സ്ത്രീകൾ. പഞ്ചായത്തിൽ കഴിഞ്ഞ കാനേഷുകുമാരി കണക്കനുസരിച്ച് 12728 സ്ത്രീകൾ ഉള്ളതായി കളക്കാക്കപ്പെട്ടിട്ടുണ്ട്.

സാമൂഹിക രംഗത്ത് വളരെ കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധവൽക്കരണ സംരംഭങ്ങളിലൂടെ പുതുജീവിതത്തിലേക്കും തൊഴിൽ രംഗത്തേക്കും കൊണ്ടുവരാനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. ഇന്ന് സമൂഹത്തിൽ പുരുഷൻമാർക്കുള്ള അധികാര അവകാശങ്ങൾ സ്ത്രീകൾക്കും നേടിയെടുക്കാനുള്ള സമര പരിപാടികൾ സംഘടിപ്പിക്കുകയും അതിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ട് മാത്രമേ എതുരംഗത്തും മുന്നേറാൻ കഴിയുകയുള്ളൂ എന്ന യാഥാർത്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങളിലും സ്ത്രീകളുടെ നിയന്ത്രണമാണുള്ളത്. എന്നാൽ തൊഴിൽ രംഗത്ത് വനിതകൾ വളരെ പിന്നിലാണ്. കാർഷികമേഖലയിലും കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ട് ജീവിക്കുന്ന സ്ത്രീകൾക്കും മാന്യമായ വേതനം ലഭിക്കുന്നില്ല. നൂറ് രൂപമുതൽ നൂറ്റിയിരുപത്തഞ്ച് രൂപവരെ പുരുഷൻമാർക്ക് വേതമായി ലഭിക്കുമ്പോൾ, സ്ത്രീകൾക്ക്

ലഭിക്കുന്നത് വെറും മുപ്പത് രൂപമുതൽ 60 രൂപ വരെ മാത്രമാണ്.

വൈദ്യുതി ഇല്ലാത്ത വീടുകൾ നിരവധിയാണ്. സ്വന്തമായി കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങളും നിരവധിയുണ്ട്. ഈ പ്രശ്നങ്ങളൊക്കെതന്നെയും സാരമായി ബാധിക്കുന്നത് സ്ത്രീകളെയാണ്. കുടിവെള്ള പ്രശ്നമാണ് സ്ത്രീകളെ അലട്ടുന്ന മറ്റൊരു കാതലായ പ്രശ്നം. വിദൂര സ്ഥലങ്ങളിൽ നിന്നും കുടിവെള്ളം വീട്ടിലെത്തിക്കുന്ന ഭാരിച്ച ജോലി സ്ത്രീകളുടേതാണ്. ഈ പ്രശ്നം പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ താമസംവിനാ കൈകൊള്ളണമെന്ന് സ്ത്രീകൾ ആവശ്യപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ കൂടുതലായും സ്ത്രീകളെ ബാധിക്കുന്ന പ്രശ്നം സ്ത്രീധനമാണ്. നിയമം മൂലം സർക്കാർ സ്ത്രീധനം നിരോധിച്ചെങ്കിലും ഇവിടെ അതൊന്നും തന്നെ തീരെ ഫലപ്രദമായിട്ടില്ല. വർദ്ധിച്ച സ്ത്രീധനം നൽകാനാവാതെ അവിവാഹിതകളായി കഴിയുന്നവരും, വിവാഹിതരായിട്ടും സ്ത്രീധനം മുഴുവൻ ലഭിക്കാത്തതിന്റെ പേരിൽ ഭർതൃ പീഢനത്തിനിരയായി കഴിയുന്ന സ്ത്രീകളും നിരവധിയുള്ള പഞ്ചായത്താണിത്. ഇത്തരം പെൺകുട്ടികൾക്കും സ്ത്രീകൾക്കും എന്തെങ്കിലും ജോലിചെയ്ത് സ്വന്തമായി വരുമാനമുണ്ടാക്കാനുള്ള യാതൊരു സൗകര്യങ്ങളും ഇവിടെയില്ല. വീട്ടുകാർക്കും സമൂഹത്തിനും ഒരു ഭാരമായിത്തീരുന്നു ഇവർ. അതിനാൽ കർശനമായ സ്ത്രീധന നിരോധനം നടപ്പിലാക്കേണ്ടതുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളിൽ ചാരായ നിരോധനം കൊണ്ട് ഒരു പരിധി വരെ ശാന്തിയും സമാധാനവും നിലനിൽക്കുന്നുണ്ട്. എങ്കിലും ഇപ്പോൾ വില കൂടിയ മദ്യമുള്ളത് കൊണ്ട് ചിലർ കുടുംബവരുമാനത്തിന്റെ സിംഹഭാഗവും അവിടേക്കൊഴുകുന്ന ദുസ്ഥിതിയാണുള്ളത്. ഇതിനൊരു പരിഹാരമെന്ന നിലയിൽ സമ്പൂർണ്ണ മദ്യ നിരോധനം അനിവാര്യമായിരിക്കിന്നു. നിലവിലുള്ള മദ്യ ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുകയും പുതുതായി ലൈസൻസ് കൊടുക്കാതിരിക്കുകയും ചെയ്യുക. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പടുത്തണമെന്ന് സ്ത്രീകൾ ആവശ്യപ്പടുന്നു.

ഒഴൂർ പഞ്ചായത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതതിന് മഹിളാ സംഘടനകൾ രൂപീകരിക്കുന്നതിനോടൊപ്പം തന്നെ എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങളും രൂപീകരിക്കേണ്ടിയിരിക്കുന്നു. ഗൃഹ ചുമതലകളും പുരുഷ മേധാവിത്വവും അപകർഷതാ ബോധവും സ്ത്രീകളെ പൊതുരംഗത്തേക്ക് കടന്ന് വരാൻ തടസ്സം സൃഷ്ടിക്കുന്നു. ഇതിനൊരു മാറ്റം അനിവാര്യമാണ്. സി. ബി. എൻ. പി. അംഗൻവാടികൾ, മഹിളാസമാജങ്ങൾ എന്നീ സംഘടനകൾ വഴി സ്ത്രീകൾക്ക് ബോധവൽക്കരണ ക്ലാസുകൾ, സാക്ഷരതാ ക്ലാസുകൾ എന്നിവ ഏർപ്പെടുത്തണം. സാമൂഹിക രംഗത്തും പൊതു രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഇത്തരം ബോധവൽക്കരണ പരിപാടികൾ പ്രയോജനം ചെയ്യുന്നതാണ്. പൊതുപ്രവർത്തന രംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവെക്കുക വഴി അവരിൽ ആത്മവിശ്വാസം വളർത്തിയെടുക്കാനും, വനിതകൾക്ക് മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കാനും അവർക്ക് സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള സഹായം ചെയ്യുവാനും കഴിയും. എങ്കിൽ മാത്രമേ ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടുകൂടിയും നിറവേറ്റുവാൻ കഴിയുകയുള്ളൂ. പൊതുവേ ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്വം ഏൽപ്പിക്കാനുള്ള താൽപ്പര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തും ഉണ്ട്. ഇത് പരിഹരിക്കേണ്ടതാണ്.

സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ഈ രംഗത്തുള്ള തൊഴിലില്ലായ്മ പരിഹരിക്കാനാവൂ. ഇതിനുള്ള സാദ്ധ്യത ഈ പഞ്ചായത്തിൽ ഉണ്ടാക്കണം. കയർ വ്യവസായം, തയ്യൽ യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം മുതലായ തൊഴിൽ അവസരങ്ങൾ, സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന് ഉതകുന്നതാണ്. കൂടാതെ പച്ചക്കറിതോട്ടം, മുതലായവ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ഡിയ ഡബ്ളിയു. സി. ആർ. എ. യൂണിറ്റ് പ്രവർത്തിക്കുന്നില്ല. കാരണം

സ്ഥാപനത്തിന് ഫലപ്രദമായ നേതൃത്വം ഇല്ലാത്തത് കൊണ്ടും, സ്ത്രീകൾക്ക് അതിന് വേണ്ടി, പരിശീലനമോ അവർ ഉൽപ്പാദിപ്പുക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിങ്ങ് സൗകര്യമോ ഇല്ല. ഇത് പരിഹരിക്കണം.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിൽ ഒഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.

2. സാമൂഹ്യ സേവന രംഗത്ത് പ്രവർത്തന സജ്ജരായി സ്ത്രീകൾ പുറത്ത് വരുന്നില്ല

3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ താൽപ്പര്യം കാണിക്കുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല

4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം ലഭിക്കുന്നില്ല

5. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല

6. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല

7. സാമ്പത്തിക ഞെരുക്കം, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ഥായിയായ തടസ്സമാണ്.

8. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.

9. അംഗൻവാടി വർക്കർമാർ മതിയായ പ്രതിഫലം കിട്ടാതെ വിഷമിക്കുന്നു. അംഗൻവാടികൾക്ക് പലതിനും വേണ്ടത്ര സൗകര്യമില്ല

10 സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്ത് ഇറങ്ങാനുള്ള മനോധാർഢ്യം സ്ത്രീകളിൽ കുറവാണ്. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം കുറവാണ്.

## പരിഹാരമാർഗ്ഗങ്ങൾ

1. ഉൽപ്പാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കാൻ മുൻകൈയെടുക്കുക.

2. വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. തുല്യ ജോലിക്ക് തുല്യവേതനം നടപ്പിലാക്കുക.

4. തൊഴിൽ അവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ നൽകുക.

5. എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആവശ്യമായ സഹായം നൽകുക.

6. ഉൽപ്പാദനപരമായ സ്വയം തൊഴിൽ സംരംഭങ്ങൾ സംഘടിപ്പിക്കുക.

7. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

8. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.

9. സ്ത്രീകൾ നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മുൻകൈയെടുക്കുക.

10. അശ്ലീല പ്രസിദ്ധീകരണങ്ങളും പോസ്റ്ററുകളും പല വാർഡുകളിലും വിതരണം നടത്തുന്നുണ്ട്. ഇത് തടയുന്നതിന് പ്രത്യേക സ്ക്വാഡ് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

11. വനിതാ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

# സഹകരണ മേഖല

നെൽ കൃഷിയും വെറ്റില കൃഷിയും പ്രധാന തൊഴിലുകളായ ഒഴൂർ പഞ്ചായത്തിൽ വളരെയേറെ വികസന സാധ്യതയുള്ള ഒരു മേഖലയാണ് സഹകരണം. പക്ഷെ നിർഭാഗ്യവശാൽ ഔദ്യോഗിക സഹകരണ മേഖല, കുറെ കൊല്ലങ്ങൾക്കു മുമ്പു വരെ വളരെ പിന്നിൽ നിന്നിരുന്ന ഒരു പ്രദേശവുമാണ് ഇത്. ഹുണ്ടിക പിരിവുകാരുടേയും, പലിശക്കു പണം കൊടുക്കുന്ന സ്വകാര്യ വ്യക്തികളുടേയും കൈകളിൽ നിന്നും അദ്ധ്വാനിക്കുന്ന കർഷകരെ രക്ഷിക്കാനുള്ള ആദ്യകാല പ്രവർത്തനങ്ങളെല്ലാം കാലാകാലങ്ങളായി നിലനിന്നു പോരുന്ന അജ്ഞതയുടേയും നിരക്ഷതയുടേയും വേലികെട്ടുകളിൽ തകർന്നടിയുകയാണ് ചെയ്തത്. എങ്കിലും ഈ മേഖലയിൽ ആശാവഹമായ പുരോഗതികൾ 4 പതിറ്റാണ്ടുകളായി നിലനിന്നു വരുന്നു.

## ഒഴൂർ സർവ്വീസ് സഹകരണ ബാങ്ക്

1953ൽ *നാലിടവഴി* എന്ന സ്ഥലത്ത് ആരംഭിച്ച വിവിധോദ്ദേശ ഐക്യനാണയ സംഘത്തിൽ നിന്നാണ് ഒഴൂർ സർവ്വീസ് സഹകരണ ബാങ്കിൻെറ തുടക്കം. പൂർണ്ണമായും ഒരു കാർഷിക പ്രദേശമായ ഒഴൂരിൽ ദാരിദ്ര ഇടത്തരം കർഷകർക്ക് സമയാസമയങ്ങളിൽ കൃഷിയിറക്കുന്നതിന്നും മറ്റും സഹായിക്കുന്നതിന്ന് വേണ്ടി ഉണ്ടാക്കിയ സംരംഭമാണ് ഇന്ന് കാണുന്ന സഹകരണ സംഘത്തിന് തുടക്കം കുറിച്ചത്. ഇതിൻെറ ആദ്യകാല ഓണറേറിയ സെക്രട്ടറി ശ്രീ ടി.കെ. ഉണ്ണാമൻ മാസ്റ്ററായിരുന്നു. ഈ ബാങ്ക് ഇപ്പോഴത്തെ ആസ്ഥാനമായ 5ാം വാർഡിലെ ചുരങ്ങയിൽ എത്തിയിട്ട് 10 വർഷങ്ങളേ ആയിട്ടുള്ളൂ. ക്രമാനുഗതമായ വളർച്ചയിൽ പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളും തന്നെ ഓഹരി മൂലധനമായുള്ള ഏകദേശം 48 ലക്ഷത്തോളം രൂപയുടെ ഇടപാടുകൾ നടത്തുന്ന സ്ഥാപനമായി ഇത് വളർന്നിരിക്കുന്നു.

## കയർ ഉൽപാദക സഹകരണ സംഘം

1989-90ൽ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുകയെന്ന പദ്ധതിയുടെ കീഴിൽ ഡി.ഡബ്ല്യിയു.സി.ആർ.എ.യുടെ ആഭിമുഖ്യത്തിൽ ഒഴൂർ കേന്ദ്രമായി ഒന്നാം വാർഡിൽ ഒരു വനിതാ കയർ ഉൽപാദക യൂണിറ്റ് ആരംഭിച്ചിരുന്നു. തുടക്കത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം പിന്നീട് മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മ കൊണ്ടും വിദഗ്ദ തൊഴിലാളികളുടെ അഭാവം കൊണ്ടും സ്ഥിരമായി പ്രവർത്തിപ്പിക്കാത്തതു കൊണ്ടും നഷ്ടത്തിലായി. ഈ സമയത്ത് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടം അഗ്നിക്കിരയാവുകയും നഗോസുഖമായി പ്രവർത്തിച്ചിരുന്ന ഈ പ്രസ്ഥാനം അതോടെ ഇല്ലാതാവുകയും ചെയ്തു.

## കൈത്തറി സഹകരണ സംഘം

1977ൽ സഹകരണ മേഖലയിൽ ആരംഭിച്ച മറ്റൊരു യൂണിറ്റാണ് കൈത്തറി സഹകരണ സംഘം. 107 പേർ അംഗങ്ങളായുള്ള ഈ സ്ഥാപനം താനൂരിനടുത്ത് കാട്ടിലങ്ങാടി ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഒഴൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമെങ്കിലും ഇതിൻെറ ഓഫീസും മറ്റു കാര്യങ്ങളുമെല്ലാം താനൂർ പഞ്ചായത്തിലാണ്. അതു പോലെ ഈ സ്ഥാപനത്തെപ്പറ്റി പഞ്ചായത്തിലെ മിക്കവരും അജ്ഞരുമാണ്. എങ്കിലും ചെറിയ തോതിലാണെങ്കിലും ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. കൂടുതൽ ആളുകളെ ഇനിയും മെമ്പർമാരായി ചേർത്ത് കൂടുതൽ മൂലധന നിക്ഷേപം സ്വരൂപിച്ച് ഇതിൻെറ പ്രവർത്തനവും പ്രവർത്തന മേഖലയും വിപുലീകരിക്കണമെന്ന് അഭിപ്രായങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്.

## സഹകരണ ബാങ്കിൻെറ ഇന്നത്തെ അവസ്ഥ

ഏകദേശം 4000ത്തോളം മെമ്പർമാരുണ്ടെങ്കിലും ഇത്രയൊക്കെ വളർച്ച പ്രാപിച്ചുവെങ്കിലും ഗ്രാമത്തിലെ എല്ലാ കർഷകർക്കും നിലവിലുള്ള മെമ്പർമാർക്കും കുറ്റമറ്റ രീതിയിൽ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഇതുവരെ സർവ്വീസ് സഹകരണ ബാങ്കിന് കഴിഞ്ഞിട്ടില്ല.

പ്രധാനമായും ജില്ലാ ബാങ്ക് നൽകുന്ന ഹൃസ്വകാല വായ്പകളാണ് ഈ ബാങ്കിലൂടെ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അത്തരം 15 ലക്ഷത്തോളം രൂപക്കുള്ള വായ്പകൾ ഇതിനകം വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. അതേ സമയം അതിൽ 8 ലക്ഷത്തോളം രൂപക്കുള്ള കുടിശ്ശിക പിരിഞ്ഞുകിട്ടുന്നതിന്നും പിരച്ചെടക്കുന്നതിനും വേണ്ടിയുള്ള കുറേയേറെ പ്രവർത്തനങ്ങൾ നടന്നെങ്കിലും വേണ്ട പ്രതിരണം ലഭിക്കുന്നില്ല. ഇത് ബാങ്കിനെ ഒരു പ്രതിസന്ധിയിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നു. ഈ കുടിശ്ശികയും പലിശയും മറ്റും സഹകരണ ബാങ്ക് സ്വന്തം ഫണ്ടിൽ നിന്നും ജില്ലാ സഹകരണ ബാങ്കിലേക്ക് അടക്കുന്നതിനാൽ ബാങ്കിൻെറ പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലാണ്.

### വായ്പ്പകൾ

**ഠ ഹൃസ്വകാല വായ്പ്പകൾ**

മുകളിൽ സൂചിപ്പിച്ചതു പോലെ ഏകദേശം 15 ലക്ഷത്തിൻെറ ഹൃസ്വകാല വായ്പ്പകളും രണ്ടേക്കാൽ ലക്ഷത്തോളം രൂപയുടെ കാർഷിക ഇതര കടവും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഹൃസ്വകാല വായ്പ്പകൾ മുഴുവനും ജില്ലാ ബാങ്ക് വായ്പ്പകളാണ്. ബാങ്കിൻെറ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിനാനുപാതികമായി ജില്ലാ ബാങ്ക് വായ്പ്പകൾ അനുവദിക്കുന്നതിനാൽ അംഗങ്ങൾക്ക് കൂടുതൽ ഗുണപ്രദമായ രീതിയിൽ വായ്പകൾ വിതരണം ചെയ്യണമെങ്കിൽ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കേണ്ടതുണ്ട്.

**ഠ ദീർഘകാല വായ്പകൾ**

ഏകദേശം 28 ആയിരത്തോളം രൂപയേ ദീർഘകാല വായ്പകളായി നൽകിയിട്ടുള്ളൂ. പ്രസ്തുത വായ്പകളിൽ നിന്നു ബാങ്കിനു കാര്യമായ വരുമാനം ഇല്ലാത്തതു കൊണ്ടും യഥാസമയം ഇതു മെമ്പർമാരിൽ നിന്നു പിരിഞ്ഞു കിട്ടാനുള്ള ബുദ്ധിമുട്ടു കൊണ്ടും ഇത്തരം ലോണുകൾ കൊടുക്കുന്നതിൽ ബാങ്ക് കാര്യമായ താൽപര്യം കാണുന്നില്ല.

ഇതിനു പുറമേ സ്വർണ്ണ പണയത്തിൽ വായ്പ കൊടുക്കുന്ന പരിപാടിയും നൽകുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ബാങ്ക് ഇപ്പോൾ പല പ്രശ്നങ്ങളേയും അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു. പ്രധാന പ്രശ്നങ്ങൾ താഴെ പറയും വിധം ക്രോഡീകരിക്കാം.

### പ്രശ്നങ്ങൾ

1 നിക്ഷേപങ്ങളുടെ അഭാവം- സാധാരണ ജനങ്ങളുടെ കൈവശം കാര്യമായി നിക്ഷേപിക്കുന്നതിനുള്ള പണമില്ലാത്തതും സമ്പന്നർ ഇവിടെ നിക്ഷേപിക്കാൻ താൽപര്യം കാണിക്കാത്തതും ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്.

2 അംഗങ്ങളും ഉപഭോക്താക്കളും തങ്ങൾ എടുത്തിട്ടുള്ള വായ്പകൾ യഥാസമയം തിരിച്ചടക്കാത്തത് ഒരു വലിയ പ്രധിസന്ധിയായി തീർന്നിട്ടുണ്ട്.

3 കൂടിവരുന്ന എസ്റ്റാബ്ലിഷ്മെൻറ് ചിലവുകൾ

4 വായ്പയെടുക്കുന്നതിനും മറ്റുമുള്ള അമിതമായ നിയമ നിബന്ധനകൾ ഒരു പിറകോട്ടടിക്കു കാരണമായിട്ടുണ്ട്.

5 ആകർഷകവും നൂതനപരവുമായ പദ്ധതികളുടെ അഭാവം പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

6 നിശ്ചിതമായ ഒരു കേന്ദ്രത്തിലില്ലാത്തതിനാൽ ബാങ്കിൽ എത്തിപ്പെടുന്നതിനുള്ള ബുദ്ധിമുട്ട് മറ്റ് ബാങ്കുകളെ തേടിപ്പോകാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.

7 ജനങ്ങളുടെ ആവശ്യത്തിന്നനുസരിച്ച് വായ്പാ പരിധി ഉയർത്താതത് ഒരു പ്രശ്നമായി വളർന്നു വരുന്നു.

### പരിഹാരങ്ങളും നിർദ്ദേശങ്ങളും

1 നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിലും, നില നിർത്തുന്നതിലും ഡയറക്ടർ ബോർഡും ജീവനക്കാരും ശ്രദ്ധക്കേണ്ടിയിരിക്കുന്നു.

2 കാലാകാലങ്ങളിൽ അംഗങ്ങൾ എടുക്കുന്ന വായ്പകൾ യഥാകാലം തിരിച്ചടക്കുന്നതിലും അതിൽ വരുത്തുന്ന വീഴ്ചകൾ ചൂണ്ടിക്കാട്ടി അത് പരിഹരിക്കുന്നതിലും ബാങ്ക് പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണം നടത്തി അവരെക്കൊണ്ട് എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടപ്പിക്കുന്നതിലും ഭരണ സമിതിയും ജീവനക്കാരും സത്വര ശ്രദ്ധപതിപ്പിക്കണം.

3 എസ്റ്റാബ്ലിസ്മെൻറ് ചിലവുകൾ വർദ്ധിക്കാതിരിക്കാനും ശ്രദ്ധിക്കണം. മൂലധന നിക്ഷേപം സ്വരൂപിച്ച് സാമ്പത്തിക നില ഭദ്രമാക്കേണ്ടതാണ്.

4 വായ്പകൾ കൊടുക്കുന്നതിനുള്ള അമിതമായ നിയമ നിബന്ധനകൾ ലഘൂകരിച്ച് ബാങ്ക് പ്രവർത്തനം ജനകീയമാക്കാൻ അധികാരികൾ ശ്രമിച്ചാൽ അത് കൂടുതൽ ഇടപാടുകൾ നടത്താൻ പ്രേരണയാകും.

5 ജനങ്ങൾക്ക് ബാങ്കഗൽ എത്തിപ്പെടുന്നതിനുള്ള വൈഷമ്യം പരിഗണിച്ച് അതു പരിഹരിക്കുന്നതിനും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വേണ്ടി ബാങ്കിൻെറ പ്രവർത്തനം മാറ്റുക. കാർഷിക മേഖലയിൽ *വെറ്റില, നെല്ല്, തെങ്ങ്, കമുങ്ങ്, വാഴ, മരച്ചീനി,* ഉണ്ടാകണമെന്ന പച്ചക്കറി എന്നീ മേഖലകളിലുള്ള ഓരോ വിഭാഗം കർഷകരേയും സംഘടിപ്പിച്ചു കൊണ്ട് സഹസംഘം പ്രവർത്തിക്കുക.

കൂടാതെ പട്ടികജാതിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാവിധി ലഭിക്കുന്നതിന് ഒരു പട്ടികജാതി സഹകരണ സംഘത്തിൻെറ പ്രവർത്തനത്തിന് ഇവിടെ വളരെ പ്രധാനമുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ഒഴൂർ പഞ്ചായത്തിലെ കാർഷിക മേഖലയിലെ ഉയർച്ചക്കനുസൃതമായ സഹകരണ പദ്ധതികൾ ആസൂത്രണം ചെയ്യണം.

6 വർദ്ധിച്ചു വരുന്ന നൂതന തൊഴിൽ സംരംഭകർക്ക് അനുസൃതമായി പ്രർത്തിക്കുന്നതിന് നൂതന വായ്പ സംരംഭങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ കാലാനുസൃതമായി രൂപം കൊടുക്കണം.

7 കാലങ്ങൾക്കു മുമ്പ് നിശ്ചയിച്ച വായ്പാ പരിധി ഇന്നത്തെ പണപ്പെരുപ്പത്തിനും വിലക്കറ്റത്തിനും അനുസൃതമായി ഉയർത്തിയാൽ കൂടുതൽ ഇടപാടുകാരെ ആകർഷിക്കാൻ കഴിയും.

8 അതു പോലെ തന്നെ കൃഷിയിറക്കുന്ന സമയത്ത് ആവശ്യമായ വായ്പ നൽകാനും വളമിടുന്ന സമയത്തു അതിനുള്ള വളമോ, കീടനാശിനിയോ, അല്ലെങ്കിൽ അതിനാവശ്യമായ പണമോ സബ്സിഡിയോ അതെല്ലാതെയോ വിതരണം ചെയ്യുന്നതിൽ മുൻകൂട്ടി ആസൂത്രണം ചെയ്തു ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാനും ബാങ്കിന് കഴിയണം.

9 കക്ഷിരാഷ്ട്രീയത്തിന്നതീതമായി ബാങ്കിൻെറ നിലനിൽപ്പിനു മുൻഗണന കൊടുത്ത് പ്രവർത്തിച്ചാൽ ഒരു വൻ പുരോഗതി, നിക്ഷേപത്തിലും മറ്റു കാര്യങ്ങളിലും ഈ ബാങ്കിനു ഉണ്ടാവുന്നതും അത് ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാവുകയും ചെയ്യും.

## പഞ്ചായത്തിൽ ധാരാളം സാധ്യതയുള്ള ഇതര സഹകരണ പ്രസ്ഥാനങ്ങൾ

1 അയ്യായ പ്രദേശത്തുള്ള കുംഭാര കോളനിയോടനുബന്ധിച്ച് ഒരു മൺപാത്ര വിപണന യൂണിറ്റ് സഹകരണ മേഖലയിൽ ഉണ്ടായാൽ അത് അവിടെ താമസിക്കുന്ന അനേകം കുടുംബങ്ങൾക്കും സഹകരണ മേഖലക്കും ഒരു മുതൽകൂട്ടാവും.

2 കൂടാതെ മിക്കവാറും എല്ലാ വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ളതും ജനങ്ങളുടെ ചിരകാല അഭിലാഷവുമായ ഒരു പാൽ ഉൽപാദക വിതരണ സംഘം എന്ന ആവശ്യം സഹകരണ മേഖല പരിഗണിച്ചാൽ അത് വളരെയേറെ പേർക്ക് ഗുണകരമാകും.

3 ശക്തമായ മാനേജ്മെൻറിൻെറയും വൈദഗ്ധ്യമുള്ള തൊഴിലാളികളേയും ഉൾപ്പെടുത്തി ഒരു കയർ ഉൽപാദക സഹകരണ സംഘം ഈ ഗ്രാമീണ മേഖലയിൽ വളരെയേറെ തൊഴിൽ സാധ്യതകളും വരുമാനവും ഉണ്ടാക്കാവുന്ന ഒന്നാണ്. ഇതിനുള്ള അസംസ്കൃത ചകിരിനാര് ഇവിടെ സുലഭമാണ്.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഒഴൂർ പഞ്ചായത്തിൽ പട്ടിക ജാതി വിഭാഗത്തിൽപെടുന്ന ആളുകൾ വളരെ കുറവാണ്. മൊത്തം ജനസംഖ്യയിൽ 3.54 ശതമാനം മാത്രമാണ് പട്ടികജാതിക്കാരായിട്ടുള്ളത്. പട്ടികവർഗ്ഗത്തിൽപെട്ടവരാരും തന്നെ പഞ്ചായത്തിൽ ഇല്ല. പട്ടികജാതി വിഭാഗത്തിൽപെടുന്നവരുടേതായി 188 വീടുകളാണ് ആകെ ഉള്ളത്. പഞ്ചായത്തിൽ 4 അംഗീകൃത കോളനികളാണുള്ളത്

| നമ്പർ | കോളനിയുടെ പേര് | വാർഡ് | വീടുകൾ |
|---|---|---|---|
| 1 | എരനെല്ലൂർ കോളനി | 2 | 40 |
| 2 | തലക്കട്ടൂർ കോളനി | 4 | 24 |
| 3 | മണലിപ്പുഴ കോളനി | 8 | 25 |
| 4 | കരിങ്കപ്പാറ കോളനി | 10 | 33 |

ഇവയിൽ മണലിപ്പുഴ കോളനി തീവ്രസങ്കേത വികസന പദ്ധതിയിൽ ഐ. എച്ച്. ഡി. പി. യിൽ തിരഞ്ഞെടുക്കപ്പെട്ടതാണ്. കോളനിയിൽ ഉൾപ്പടെ എല്ലായിടത്തും മറ്റു വിഭാഗം ജനങ്ങളുമായി ഇടകലർന്നാണ് ഇവർ ജീവിക്കുന്നത്. ഇവർക്കിടയിലെ സ്ത്രീ പുരുഷാനുപാതം ഏറെക്കുറെ തുല്യമാണ്.

| വാർഡ് | വീടുകൾ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | 27 | 79 | 74 | 153 |
| 2 | 40 | 97 | 96 | 193 |
| 3 | 2 | 05 | 07 | 12 |
| 4 | 24 | 57 | 54 | 111 |
| 5 | 8 | 18 | 28 | 46 |
| 6 | 9 | 28 | 29 | 57 |
| 7 | 6 | 15 | 12 | 27 |
| 8 | 25 | 74 | 69 | 143 |
| 9 | 5 | 15 | 14 | 29 |
| 10 | 33 | 98 | 95 | 193 |
| 11 | 9 | 20 | 15 | 35 |
| | 188 | 506 | 493 | 999 |

ഇവരുടെ ആകെ ജനസംഖ്യ 999 ആണ്. തലക്കെട്ടൂർ കോളനിയിൽ പുരാതനകാലം മുതൽ പട്ടിക ജാതിക്കാർ ശ്മശാനമായി ഉപയോഗിക്കുന്ന കുറച്ച് സ്ഥലമുണ്ട്. ഇത് പ്രത്യേകമായി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നില്ല. മണലിപ്പുഴ ഐ. എച്ച്.

ഡി. പി. കോളനിയോടനുബന്ധിച്ച് ചുറ്റുമതിൽ കെട്ടി സംരംക്ഷിക്കപ്പെടുന്ന ഒരു ശ്മശാനമുണ്ട് - ചുരങ്ങര, കക്കോടിപ്പാറ എന്നീ സ്ഥലങ്ങളിൽ പട്ടികജാതിക്കാർ പരമ്പരാഗതമായ ശ്മശാനമായി ഉപയോഗിക്കുന്ന സ്ഥലമുണ്ട്

## വിദ്യാഭ്യാസം

പഴയ തലമുറയിൽപെട്ടവരിൽ നിരക്ഷരരുടെ എണ്ണം വളരെക്കൂടതലാണ്. എന്നാൽ യുവതലമുറയിൽ എല്ലാവരും തന്നെ പ്രാഥമിക വിദ്യാഭ്യാസം നേടിയവരാണ്. ബിരാദാനന്തര ബിരുദം നേടിയവർ ചുരുക്കം ചിലരുണ്ട്. എസ്. എസ്. എൽ. സി. ക്കു മേൽ പഠിക്കുന്നവരുടെ എണ്ണം പരിമിതമാണ്. 15 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികളും സ്ക്കൂളിൽ പഠിക്കുന്നുണ്ട്. മൊത്തമായ സാമൂഹിക പിന്നോക്കാവസ്ഥയും, കുടുംബത്തിൻെറ സാമ്പത്തിക പ്രശ്നങ്ങളും കാരണം വിദ്യാഭ്യാസ നിലവാരം വളരെ മോശമാണ്. തലക്കെട്ടൂർ, കരിങ്കപ്പാറ കോളനികളിലെ 5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യമില്ല. ദുർഘടമായ വഴികളിലൂടെ ഒന്നര കി. മീ. അധികം നടന്നാലേ നിലവിലുള്ള അംഗൻവാടികളിൽ എത്തുകയുള്ളു. ഇത് തന്നെ വർഷക്കാലമായാൽ കുട്ടികൾക്ക് പോവാൻ കഴിയുകയില്ല. ഇവിടങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കേണ്ടതാണ്.

## തൊഴിൽ സൗകര്യം

കാർഷിക ജോലികൾ ചെയ്യുന്നവരാണ് അധികമാളുകളും. കൃഷിപ്പണികളില്ലാത്ത സമയങ്ങളിൽ ഇവർ തൊഴിലില്ലാതെ വിഷമിക്കുകയാണ്. ഇപ്പോഴുള്ള കൃഷിയിടങ്ങൾ തന്നെ പുരയിടങ്ങളായി മാറുന്ന പ്രവണത കൂടുന്നതിനാൽ ഉള്ള തൊഴിൽ അവസരങ്ങൾ തന്നെ നഷ്ടപ്പെടുമെന്ന ഭീതിയിലാണ്. നെൽകൃഷി കുറഞ്ഞതോടെ സ്ത്രീ തൊഴിലാളികളാണ് ഏറെയും തൊഴിൽ രഹിതരാകുന്നത്. പാരമ്പര്യ തൊഴിലായ പായ നെയ്ത്ത്, കൊട്ട നെയ്ത്ത് എന്നിവയും തകർച്ചയിലാണ്. അസംസ്കൃത ലഭ്യതക്കുറവ്, തൊഴിലിൽ നിന്നുള്ള വരുമാനക്കുറവ് എന്നിവയാണ് ഈ തൊഴിലുകളും ഇല്ലാതാക്കുന്നത്. ഇതും സ്ത്രീ തൊഴിലാളികളെയാണ് ദോഷകരമായി ബാധിക്കുന്നത്. യുവാക്കളിൽ കുറച്ച് പേർ കരിങ്കൽ പണി, കോൺക്രീറ്റ് പണി, കൽപ്പണി, മരപ്പണി തുടങ്ങിയ നിർമ്മാണ തൊഴിൽ മേഖലയിൽ ജോലിചെയ്യുന്നുണ്ട്. കൈവശഭൂമിയുടെ അളവ് വളരെ കുറവായതിനാൽ കറവമാട് വളർത്തൽ പോലുള്ള തൊഴിലിൽ ഏർപ്പെടുന്നവരും കുറവാണ്. അതിന് സൗകര്യമുള്ളവർ മിക്കവാറും എല്ലാവരും തന്നെ ഐ. ആർ. ഡി. പി. പോലുള്ള സഹായം ഉപയോഗപ്പെടുത്തി അത് ചെയ്യുന്നുണ്ട്. സർക്കാർ ജോലിയുള്ളവർ വളരെ കുറവാണ്. ഇവരുടെ ഇടയിൽ ഒരു ആയുർവ്വേദ ഡോക്ടറും മൂന്ന് ഹൈസ്ക്കൂൾ അദ്ധ്യാപകരും, ഒരു വില്ലേജ് ഓഫീസറും ഉണ്ട്. ഒരാൾ സഹകരണ ബാങ്ക് സിക്രട്ടറിയായും ജോലി നോക്കുന്നുണ്ട്.

## പാർപ്പിടം

പഞ്ചായത്തിൽ ആകെയുള്ള 188 കുടുംബങ്ങളിൽ 141 പേർക്കും ഇപ്പോൾ സ്വന്തമായി വീടുകൾ ഉള്ളവരാണ്. 10 കുടുംബങ്ങൾ വിവധ സർക്കാർ പദ്ധതികളിൽ വീടുകൾ പണിത് കൊണ്ടിരിക്കുകയാണ്. പട്ടിക 3 നോക്കുക.

| വാർഡ് | വീടുകൾ | കോൺക്രീറ്റ് | ഓട് | ഓല | വീടുപണി നടക്കുന്നത് |
|---|---|---|---|---|---|
| 1 | 27 | 1 | 22 | 4 | - |
| 2 | 40 | 1 | 19 | 14 | 6 |
| 3 | 2 | - | 2 | - | - |
| 4 | 24 | 1 | 17 | 5 | 1 |
| 5 | 8 | - | 7 | - | 1 |
| 6 | 9 | - | 4 | 5 | - |
| 7 | 6 | - | 5 | 1 | - |
| 8 | 25 | - | 21 | 3 | 1 |
| 9 | 5 | - | 4 | - | 1 |
| 10 | 33 | 2 | 26 | 5 | - |
| 11 | 9 | 1 | 8 | - | - |
| | 188 | 6 | 135 | 37 | 10 |

ബാക്കി 37 വീടുകാരിൽ സ്വന്തമായി സ്ഥലമില്ലാത്തവർ, കുടികിടപ്പുകാർ, ലക്ഷം വീട് കോളനിയിൽ രേഖയില്ലാതെ താമസിക്കുന്നവർ എന്നങ്ങനെയുള്ളവരാണ്. ഇവരിൽ ലക്ഷം വീട് കോളനിയിൽ താമസിക്കുന്ന മൂന്ന് പേർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ആയിട്ടുണ്ട്. തലക്കെട്ടൂർ കോളനിയിലെ 2 കുടുംബത്തിനും, മണലിപ്പുഴ കോളനിയിലെ ഒരു കുടുംബത്തിനും ഇത് വരെ കുടി കിടപ്പ് അവകാശം നൽകിയിട്ടില്ല. ഇവർക്ക് കുടികിടപ്പ് അവകാശം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. സ്വന്തമായി ഒരു വീടിനുള്ള സ്ഥലമില്ലാത്തതിനാൽ കൂട്ടു കുടുംബമായി കഴിയുന്നവർ ധാരാളമുണ്ട്. ഇത്തരക്കാർക്കായി സ്വന്തമായി വീട് വെക്കുന്നതിന് സ്ഥലം നൽകുന്ന സംവിധാനം ഉണ്ടാകേണ്ടതാണ്. പട്ടിക ജാതി വികസന വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്ന സമാന പദ്ധതിയിൽ കൂടുതൽ തുക അനുവദിച്ച്തന്നാലും ഈ പ്രശ്നം കുറെയൊക്കെ പരിഹരിക്കാൻ സാധിക്കും.

## കുടിവെള്ളം.

നാല് അംഗീകൃത കോളനികളിൽ മൂന്ന് എണ്ണത്തിലും കുടി വെള്ള ക്ഷാമമുണ്ടാവുന്ന സ്ഥലങ്ങളാണ്. തലക്കെട്ടൂർ കോളനിയിൽ കെ. ഡബ്ളി. എ. യുടെ മിനി വാട്ടർ സപ്ല സ്കീമുണ്ട്. ഇത് വഴി കോളനിയിൽ പൊതു ടാപ്പുണ്ട്. മണലിപ്പുഴ ഐ. എച്ച്. ഡി. പി. കോളനിയിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. മണലിപ്പുഴ കുന്നിൻെറ നിരപ്പിലും, കുന്നിൻ ചെരിവുകളിലുമായി താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളും മറ്റുള്ളവരും വേനൽക്കാലത്ത് താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ വീടുകളിൽ നിന്നാണ് വെള്ളം കൊണ്ട് വരുന്നത്. മണലിപ്പുഴ പാടത്ത് കിണർ നിർമ്മിച്ച് കെ. ഡബ്ളി. എ. യുടെ മിനി വാട്ടർ സപ്ലെ സ്ക്കീം നടപ്പിലാക്കിയാലെ ഇവിടുത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളു. കരിങ്കപ്പാറ കോളനിയിലെ തച്ചില്ലത്ത് പറമ്പ്, ആലാശ്ശേരിപ്പടി എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കേണ്ടതാണ്. കോളനിയിൽ ഉൾപ്പെടാത്ത കുടുംബങ്ങളും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കിണർ കുഴിക്കുന്നതിന് സഹായം നൽകേണ്ടതാണ്.

## വൈദ്യുതി

എരനെല്ലൂർ, തലക്കെട്ടൂർ, മണലിപ്പുഴ കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. ഇവിടെയുള്ള 34 വീടുകളിൽ കുടിൽ ജ്യോതിയിലും, ബ്ലോക്കിൻെറയും, പഞ്ചായത്തിൻെറയും സഹായത്തിലും കണക്ഷൻ കിട്ടിയിട്ടുണ്ട്. ഫ്രീ കണക്ഷൻ കിട്ടാവുന്ന 18 വീടുകൾക്ക് വയറിംഗ് നടത്തുന്നതിന് ബ്ലോക്കിൽ നിന്നും നടപടികൾ ആയിട്ടുണ്ട്. കരിങ്കപ്പാറ കോളനിയിലെ തച്ചില്ലത്ത്പറമ്പിലേക്ക് 8 വർഷം മുമ്പ് ലൈൻ വലിച്ചെങ്കിലും അതൊരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് കൂടെ ആയതിനാൽ ഇത് വരെ ചാർജ്ജ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. കോളനിയിലേക്കുള്ള ഇടവഴിയിലൂടെ ലൈൻ വലിച്ചാൽ ഈ പ്രശ്നം പരിഹരിക്കാനുന്നതാണ്. കോളനിയിൽ പെടാത്ത അയ്യായ ഭാഗത്ത് നാല് വീടുകൾക്ക് കുടിൽ ജ്യോതി പദ്ധതിയിൽ കണക്ഷൻ നൽകാൻ ലൈൻ വലിച്ചിട്ട് വർഷങ്ങൾ പലതായെങ്കിലും ഇത്വരെ അത് ചെയ്തിട്ടില്ല. മറ്റ് ഭാഗങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന കുടുംബങ്ങൾക്കും കോളനിയിലെ ചില വീടുകൾക്കും പോസ്റ്റ് ഇടുന്നതിലുള്ള അസൗകര്യങ്ങൾ കൊണ്ട് വൈദ്യുതി ലഭിച്ചിട്ടില്ല. വൈദ്യുതി ലൈനുള്ള മൂന്ന് കോളനികളിലും തെരുവ് വിളക്കിനുള്ള ഫിറ്റിംഗ്സ് നടത്തിയിട്ടുണ്ടങ്കിലും ഇത് വരെ ലൈറ്റ് ഇട്ടിട്ടില്ല. ഇത് ഇടുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ആരോഗ്യം

മണലിപ്പുഴ ഐ. എച്ച്. ഡി. പി. കോളനിയുടെ പരിസരപ്രദേശങ്ങളിലും, കരിങ്കപ്പാറ കോളനിയുടെ പരിസര പ്രദേശങ്ങളിലും ആരോഗ്യ വകുപ്പ് സ്ഥാപനങ്ങൾ ഒന്നും തന്നെയില്ലാത്തിതിനാൽ

ഇവിടുത്തുകാർ വളരെയേറെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഈ രണ്ട് കോളനികളിൽ നിന്നും വളരെയയകലെ സ്ഥിതിചെയ്യുന്ന പി. എച്ച്. സി. യിലേക്ക് എത്തിപ്പെടാൻ നല്ല റോഡോ, വാഹന സൗകര്യമോ തീരെയില്ല.

## മറ്റു പ്രശ്നങ്ങൾ

പട്ടികജാതി കുടുംബങ്ങളിൽ വളരെക്കുറച്ച് കുടുംബങ്ങൾക്കേ സ്വന്തമായി കക്കൂസ് ഉള്ളൂ. ബ്ലോക്കിൽ നിന്നും പഞ്ചായത്തിൽ നിന്നും രണ്ടായിരം രൂപ സഹായം കിട്ടുമെങ്കിലും ബാക്കി സംഖ്യ മുടക്കാൻ കഴിവില്ലാത്തത് കൊണ്ടാണ് ഇവർക്ക് കക്കൂസ് നിർമ്മിക്കാൻ സാധിക്കാത്തത്. ഇത്തരം കുടുംബങ്ങൾക്ക് അതിനാവശ്യമായ സംഖ്യ ബാങ്ക് വായ്പയായോ, മറ്റ് വിധത്തിലോ ലഭ്യമാക്കാൻ നടപടികൾ എടുക്കേണ്ടതാണ്.

എരനെല്ലൂർ കോളനിയിലെ ചെറുകാവ് പറമ്പിലേക്കും, മണലിപ്പുഴ കോളനിയിലേക്കും ഗതാഗതയോഗ്യമായ റോഡുകൾ ഇല്ല. കരിങ്കപ്പാറ കോളനിയിലെ തച്ചില്ലത്ത് പറമ്പലേക്കുള്ള ഇടവഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. പാരമ്പര്യ തൊഴിലായ പായ നെയ്ത്തിന് ആവശ്യമായ കൈത ഓലയുടെ ലഭ്യത ഉറപ്പ് വരുത്തിയാൽ സ്ത്രീ തൊഴിലാളികൾക്ക് കൃഷിപ്പണിയില്ലാത്ത അവസരത്തിൽ തൊഴിൽ ഉറപ്പാക്കാം.

2. അയ്യായപ്പാടം, ഓമച്ചപ്പുഴപാടം, കരിങ്കപ്പാറപാടം എന്നിവിടങ്ങളിലൂള്ള തോടുവക്കിൽ പായനെയ്ത്തിനുപയോഗിക്കുന്ന കൈത വെച്ച് പിടിപ്പിച്ചാൽ അസംസ്കൃത വസ്തുവിൻെറ ലഭ്യത ഉറപ്പാക്കാൻ കഴിയും. കുട്ട നെയ്ത്ത് തൊഴിൽ ഏർപ്പെടുന്നവരെ സംഘടിപ്പിക്കുകയും, ആവശ്യമായ മുളകൾ മൊത്തമായി എത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്താൽ അവർക്ക് തൊഴിൽ ഉറപ്പാക്കാനും, ലാഭകരമാക്കാനും കഴിയും.

4. പാടങ്ങളുടെ അരികിലുള്ള പൊതുകുളങ്ങൾ ആഴം കൂട്ടി വെള്ളം ലഭ്യമാക്കിയാൽ നെൽകൃഷിയില്ലാത്ത അവസരങ്ങളിൽ വ്യാപകമായി പച്ചക്കറി കൃഷി നടത്താൻ സാധ്യതയുണ്ട്. ഇത് സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഉപകരിക്കും.

5. കുറഞ്ഞ സ്ഥലം മാത്രം സ്വന്തമായുള്ളവർക്ക് ഇപ്പോൾ കൊല്ലം തോറും കൃഷി ഭവൻ വഴി നൽകുന്ന സൗജന്യ തൈകൾ ഉപയോഗപ്പെടാറില്ല. ഇതിന് പകരമായി അവർക്ക് പച്ചറി വിത്തുകളും വളങ്ങളും സൗജന്യമായി നൽകുകയും, നല്ല രീതിയിൽ കൃഷി നടത്തുവാൻ സഹായിക്കുകയും ചെയ്യണം.

6. നിർമ്മാണ പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ളവരെ സംഘടിപ്പിച്ച് വായ്പയും സഹായ ധനവും നൽകി ഹോളോബ്രിക്സ്, ഗ്രിൽസിന് പകരമുള്ള സിമൻറ് ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് ആരംഭിക്കണം.

7. ഔഷധ സസ്യ കൃഷിയെക്കുറിച്ച് ശാസ്ത്രീയമായ പരിശീലനം നൽകിയാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. വനിതകളുടെ ഗ്രൂപ്പുകൾക്ക് ഇത് ഏറ്റെടുത്ത് നടത്താവുന്നതാണ്.

8. തലക്കെട്ടൂർ, കരിങ്കപ്പാറ കോളനികളിൽ, പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് അംഗൻവാടികൾ സ്ഥാപിക്കണം.

9. മണലിപ്പുഴ ഐ. എച്ച്. ഡി. പി. കോളനിയിലുള്ള ജി. എം. എൽ. പി. സ്ക്കൂൾ യു. പി. സ്ക്കൂളായി ഉയർത്തണം. ഇപ്പോൾ അഞ്ചാം ക്ലാസ് മുതലുള്ള വിദ്യാഭ്യാസത്തിന് മൂന്ന് കി. മീ. അധികം ദൂരത്താണ് സൗകര്യമുള്ളത്.

10 എസ്. എസ്. എൽ. സി. , പ്രി. ഡിഗ്രി പരീക്ഷകളിൽ തോറ്റ കുട്ടികൾ പഠിത്തം നിർത്തുന്ന പ്രവണതയാണ് കാണുന്നത്. ഇത്തരക്കാർക്ക് പട്ടികജാതി ക്ഷേമ വകുപ്പ് നൽകുന്ന സഹായത്തെക്കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്.

11 അംഗീകൃത കോളനികളിൽ ടി. വി. , റേഡിയോ പോലുള്ള വിജ്ഞാന വ്യാപന മാധ്യമങ്ങൾ സ്ഥാപിക്കണം.

12 പഞ്ചായത്ത് ലൈബ്രറിയിലെ പുസ്തകങ്ങൾ കോളനികളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട പ്രവർത്തകർ വഴി ആഴ്ച്ചതോറും വീടുകളിൽ എത്തിക്കുന്ന സമ്പ്രദായം നിലവിൽ വന്നാൽ ലൈബ്രറികൾ വിരളമായ ഇവിടെയുള്ള വായനക്കാർക്ക് അത് അനുഗ്രഹമാകും. ഇത് വഴി ഈ വിഭഗത്തിലെ ജനങ്ങളിൽ വായനാശീലം വളർത്താനും കഴിയും.

13 തലക്കെട്ടൂർ കോളനിയിലുള്ള കുടികിടപ്പുകാരായ രണ്ട് കുടുംബത്തിനും, മണലിപ്പുഴയിലെ ഒരു കുടുംബത്തിനും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത് ലഭിച്ചാൽ അവർക്ക് സ്വന്തമായി വീട് നിർമ്മിക്കാൻ സർക്കാർ സഹായം ലഭ്യമാകും.

14 മണലിപ്പുഴ ഐ. എച്ച്. ഡി. പി. കോളനിയിൽ മിനി വാട്ടർ സപ്ളെ സ്കീം നടപ്പിലാക്കണം. വളരെ ഉയർന്ന പ്രദേശമായതിനാൽ കിണർ കുഴിച്ചാൽ വെള്ളം ലഭിക്കാൻ ബുദ്ധിമുട്ടാണ്.

15 മണലിപ്പുഴ ഐ. എച്ച്. ഡി. പി. കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കണം. ഇപ്പോൾ രോഗികളായ ആളുകളെ ആശുപത്രികളിൽ എത്തിക്കാനുള്ള സൗകര്യം പോലുമില്ല.

16 കരിങ്കപ്പാറ തച്ചില്ലത്തപ്പറമ്പിലേക്ക് വലിച്ചിട്ടുള്ള ഇലക്ട്രിക് ലൈൻ സ്വകാര്യ ഭൂമിയിൽ നിന്നും ഒഴിവാക്കി കോളനിയിലേക്കുള്ള ഇടവഴിയിലൂടെ വലിച്ച് വീടുകളിൽ വൈദ്യുതി ലഭ്യമാക്കണം.

17 അയ്യായ ഭാഗത്ത് 4 വീടുകളിൽ വൈദ്യുതി ലഭിക്കുന്നതിന് ഏർപ്പാടു ചെയ്ത ലൈനിലൂടെ അവർക്ക് കണക്ഷൻ ലഭിക്കാൻ ഏർപ്പാടുണ്ടാക്കണം.

18 സ്വന്തമായി കക്കൂസില്ലാത്തവർക്ക് സൗജന്യമായി നിർമ്മിച്ച് കൊടുക്കുക.

19 വർഷങ്ങൾക്ക് മുമ്പ് സർക്കാർ ധന സഹായത്തിൽ പണിത വീടുകൾക്ക് റിപ്പയറിംഗ് സഹായം അനുവദിക്കണം.

20 സ്വന്തമായി വീടുവെക്കാൻ സ്ഥലമില്ലാത്തവർക്ക് അതിനാവശ്യമായ സഹായം ലഭ്യമാക്കണം. ഇത് വിശദവും യാഥാർത്യത്തിൽ അധിഷ്ഠിതവുമായ കണക്കെടുപ്പ് നടത്തിയിട്ട് വേണം.

21 2, 4, 6, വാർഡുകളിലായി പാട്ട്, നൃത്തം, കഥാപ്രസംഗം, മിമിക്രി, ചിത്ര രചന, തുടങ്ങിയ മേഖലകളിലും കായികരംഗത്തും പ്രാഗൽഭ്യം തെളിയിച്ച നിരവധി പ്രതിഭകൾ ഉണ്ടെങ്കിലും സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം അവർക്ക് ഈ മേഖലകളിൽ മുന്നേറാൻ കഴിയുന്നില്ല. ഇത്തരക്കാർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കണം.

# വിഭവ സമാഹരണവും സാമ്പത്തികവും

ഒഴൂർ ഗ്രാമത്തിൻെറ സാമ്പത്തിക പിന്നോക്കാവാസ്ഥയുടെ മുഖ്യകാരണം കാർഷിക മേഖലയുടെ നിശ്ചലാവസ്ഥയും വ്യാവസായികപരമായ പിന്നോക്കാവസ്ഥയുമാണ് ഈ രണ്ട് മേഖലകളിലേയും ഉന്നമനത്തിന് പുതിയ പാതകൾ വെട്ടിത്തുറന്നാൽ മാത്രമെ ഗ്രാമത്തിൻെറ വിഭവസമാഹരണം സ്വയം പര്യാപ്തമാവുകയുള്ളൂ.

കാർഷിക രംഗത്ത് ഉള്ള മുരടിപ്പ് മാറ്റുന്നതിന് ഇനിയും പല പദ്ധതികളും നമ്മൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. കൃഷിഭവൻ വഴി നടപ്പിൽ വരുത്തുന്ന വായ്പകളും മറ്റു ആനുകൂല്യങ്ങളും ജനങ്ങൾ അറിയുന്നതിന് കൃഷി ഓഫീസറുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന കാർഷിക സെമിനാറുകൾ ഫലപ്രദമാണെങ്കിലും ആരും തന്നെ സെമിനാറിനെക്കുറിച്ച് അറിയുന്നില്ല എന്നതാണ് ഇതിൻെറ യാഥാർത്ഥ്യം. ഓരോ വാർഡ് മെമ്പർമാരും കാർഷിക സെമിനാറിൽ വാർഡിൽ നിന്നുള്ള മുഴുവൻ കർഷകരേയും പങ്കെടുപ്പിച്ചാൽ വായ്പകളെക്കുറിച്ചും മറ്റു ആനികൂല്യ ങ്ങളെക്കുറിച്ചും അവർക്ക് ബോധവാൻമാരാകാൻ കഴിയും. ശാസ്ത്രീയവും സാങ്കേതികവും ആയ കാർഷിക രീതി നടപ്പാക്കാൻ ജനങ്ങളെ ബോധവൽക്കരിപ്പിച്ചാൽ കാർഷിക രംഗം വളരെ മെച്ചപ്പെടുത്താം. അത് വഴി പഞ്ചായത്തിൻെറ സാമ്പത്തിക നില മെച്ചപ്പെടുത്താനും കഴിയും.

ലൈസൻസ് ഫീസ്, തൊഴിൽ നികുതി, കെട്ടിട നികുതി എന്നിവ വഴി ഭീമമായ ഒരു സംഖ്യ സാമ്പത്തിക വരുമാനമായിക്കിട്ടുന്ന ഒരു മേഖലയാണ് വ്യവസായിക മേഖല

വിരലിൽ എണ്ണാൻമാത്രം തികയാത്ത വ്യവസായ യൂണിറ്റുകളാണ് നമുക്ക് ഉള്ളത്. പഞ്ചായത്തിൽ ഒരു വ്യവസായ വികസന സമിതി രൂപീകരിക്കുകയും ഒരു വ്യവസായ ബോധവൽക്കരണ സെമിനാർ നടത്തുകയും ചെയ്താൽ ഇതിനു കുറെകൂടി ഫലപ്രാപ്തി കൈവരിക്കാൻ സാധിക്കും. കരിങ്കപ്പാറയിലുള്ള പി.ഡബ്ലിയു.ഡി.യുടെ കൈവശമുള്ള 93 സെൻറ് സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കാനുള്ള ശ്രമം നടത്തുകയും അതു ഏറ്റെടുത്ത് വ്യവസായ പ്ലോട്ടുകൾ നിർമ്മിച്ച് വാടകക്ക് നൽകുകയും ചെയ്താൽ യൂണിറ്റുകൾ ആരംഭിക്കാനും അതു വഴി വ്യക്തിയുടെയും പഞ്ചായത്തിൻെറയും സാമ്പത്തിക നില മെച്ചപ്പെടുത്തുവുനും കഴിയും.

**ഗൾഫ് ജോലിക്കാർ വാർഡ് തിരിച്ച കണക്ക്.**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 70 | 25 | 60 | 65 | 153 | 46 | 138 | 135 | 128 | 134 | 108 |

നമ്മുടെ പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസായി 1995-96 വർഷം 3252 രൂപ വസൂലാക്കിയിട്ടുണ്ട്. എന്തെങ്കിലും ആവശ്യത്തിന് പഞ്ചായത്തിൽ വരുമ്പോൾ മാത്രം ഫീസ് അടക്കുക എന്ന സമ്പ്രദായം മാത്രമെ നിലവിൽ ഉള്ളൂ. അത് മാറി എല്ലാ കച്ചവടക്കാരിൽ നിന്നും ഫീസ് പിരിക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ ചെയ്യണം.

കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് പഞ്ചായത്തിലെ അധിക പേരും. താൻ കൊടുക്കുന്ന തൊഴിൽ നികുതി തനിക്കു തന്നെയാണ് എന്ന ബോധം ജനങ്ങളിൽ ഉളവാക്കിയാൽ ചെറിയ തോതിലുള്ള നികുതി ഇവരിൽ നിന്നു പിരിക്കാൻ കഴിയും. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ബന്ധപ്പെട്ട എല്ലാവരുടെ പക്കൽ നിന്നും പിരിക്കുന്ന സംവിധാനം ഉണ്ടായാൽ വളരെയധികം ഫലപ്രദമായിരിക്കും. കാർഷികവും, മറ്റു തരത്തിലുള്ള കൂലിപ്പണികളിലും ഏർപ്പെട്ടിരിക്കുന്നവരിൽ നിന്ന് വരുമാനത്തിൻെറ ചെറിയ ശതമാനം മാത്രം നികുതിയായി പിരിച്ചെടുത്താൽ അതു വലിയ ഭാരമാകുകയില്ല. നികുതി പിരിക്കാൻ വാർഡ് പ്രതിനിധി കൂടി നേതൃത്വം നൽകിയാൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും അത് ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാക്കുകയും ചെയ്താൽ നികുതിപിരിവ് വളരെ സുഗമമാക്കാൻ കഴിയും. കാർഷിക രംഗത്തും വ്യവസായിക രംഗത്തും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയാൽ പോരായ്മകൾ ഒരു വിധം പരിഹരിക്കാൻ കഴിയും.

സർക്കാർ ഗ്രാൻറുകൾ താമസം കൂടാതെ പഞ്ചായത്തിന് ലഭിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ചെയ്താൽ പദ്ധതികൾ ലാപ്സാകാതെ പെട്ടെന്ന് നടത്താൻ കഴിയും. സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് തുടങ്ങിയവ പിരിച്ചെടുക്കുന്ന മേഖലയിൽ വെച്ച് തന്നെ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്ന സംവിധാനം ഉണ്ടാക്കുന്നതിന് വേണ്ട നിയമ നടപടികൾ സ്വീകരിക്കണം. ഗ്രാൻറുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നത് ഫണ്ടിൻെറ ദുരുപയോഗത്തിന് കാരണമാവുന്നു. പഞ്ചായത്തിൻെറ ദാരിദ്ര്യാവസ്ഥ, ജനസംഖ്യ എന്നവയുടെ അനുപാതത്തിൽ നീതിപൂർവ്വമായി ഗ്രാൻറുകൾ പഞ്ചായത്തിന് ലഭിക്കുന്നതിന് സർക്കാർ തലത്തിൽ വേണ്ട ശ്രമങ്ങൾ ആരംഭിക്കേണ്ടതാണ്.

**വരുമാനം സംബന്ധിച്ച വിവരങ്ങൾ 1995-96**

| ഇനം | 1995-96 |
|---|---|
| കെട്ടിട നികുതി | 1,19,168 |
| തൊഴിൽ നികുതി | 59,600 |
| ലൈസൻസ് നികുതി | 3,252 |
| വസ്തു കൈമാറ്റ നികുതി | 3,35,605 |
| സർക്കാർ ഗ്രാൻറുകൾ ഒഴികെയുള്ള മറ്റു ഗ്രാൻറുകൾ | 4,1,6,18 |
| പി.എഫ്.എ. ലൈസൻസ് ഫീസ് | 2,052 |
| ബർത്ത് ആൻറ് ഡത്ത് | 179 |
| എസ്.എസ്.ഐ. യൂണിറ്റ് ഫീസ് | 400 |
| ലൈബ്രറി വക വരവ് | 723 |

| | |
|---|---|
| കെട്ടിട നികുതി | 1,33,400 |
| ലേലം വക | 75 |
| വോട്ടേഴ്സ് ലിസ്റ്റ് വിറ്റ വകയിൽ | 3086 |
| മെഷിനറി ഇൻസ്റ്റലേഷൻ | 90 |
| ടെണ്ടർ ഷെഡ്യൂൾ വിറ്റത് | 1545 |
| ടെലി ഫോൺ വകയിൽ വരവ് | 28 |
| പലിശ വകയിൽ ലഭിച്ചത് | 1,923.30 |

## കെട്ടിട നികുതി

കെട്ടിടങ്ങളുടെ നികുതി കണക്കാക്കുന്ന രീതിയിൽ ഇനിയും കുറേ മാറ്റങ്ങൾ വരേണ്ടതുണ്ട്. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രം കണക്കാക്കാതെ ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായി ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തണം. നികുതി കണക്കാക്കുന്നതിന് ഒരു പ്രത്യേക യൂണിറ്റ് കൊണ്ടുവരേണ്ടതുണ്ട്. അഥവാ പ്രത്യേക സ്കെയിൽ. ഒരു യൂണിറ്റിന് ഇത്ര നികുതി എന്ന തോതിൽ കൊണ്ടുവരിയാണെങ്കിൽ കെട്ടിട നികുതി നീതിയുക്തമാക്കാൻ കഴിയും. നികുതി അസെസ്മെൻറിൻെറ രീതി കെട്ടിട ഉടമസ്ഥരെ

ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥൻമാർ തയ്യാറായാൽ അഴിമതി കുറക്കാൻ കഴിയും. വീടുകളില്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ജനങ്ങളുടെ സഹകരണത്തോടെ കുറേക്കൂടി ശക്തമാക്കേണ്ടതാണ്.

## തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവർ മാത്രമെ ഇന്ന് തൊഴിൽ നികുതി കൊടുക്കുന്നുള്ളൂ. പഞ്ചായത്തിലെ എല്ലാ തൊഴിലാളികൾക്കും ഇത് ബാധകമാണ് എന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കിയാൽ എല്ലാ തൊഴിലാളികളുടെ അടുത്ത് നിന്നും നികുതി പിരിക്കാൻ കഴിയും.

## ഭൂനികുതി

ചില മാർഗ്ഗങ്ങൾ അടിസ്ഥാനമാക്കി ഭൂമിനികുതി നിർണ്ണയിക്കുന്നതിനസെൻറ് അത് പിരിച്ചെടിക്കുന്നതിനും പഞ്ചായത്തുകളെ ഏൽപ്പിക്കണം. തരിശായ ഭൂമിക്കും കൃഷിയോഗ്യമായ ഭൂമിക്കും ഒരേ നിരക്ക് കണക്കാക്കുന്നത് ഒഴിവാക്കാവുന്നതാണ്. വയൽ നികത്തി ഉണ്ടാക്കുന്ന പുരയിടത്തിന് പരമാവധി നിരക്കും വയലുകൾക്ക് ഏറ്റവും കുറഞ്ഞ നിരക്കും കണക്കാക്കണം. ഒരു വർഷത്തിൽ തന്നെ വ്യത്യസ്ത സമയങ്ങളിൽ ആവണം നികുതി പിരിക്കേണ്ടത്. ജനങ്ങളുടെ ബുദ്ധിമുട്ട് പരമാവധി കുറക്കാനിതു സഹായിക്കും.

## കച്ചവട ലൈസൻസ്

നമ്മുടെ പഞ്ചായത്തിൽ കച്ചവട ലൈസൻസ് ഫീസ് ശരിയായ വിധം പിരിച്ചെടുക്കുന്നില്ല. വാർഡ് തോറും കച്ചവടക്കാരുടെ കണക്ക് കൃത്യമായി ശേഖരിക്കുകയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം.

## ഖനനം

പാറ പൊട്ടിക്കുന്നതിനും കല്ല് പൊട്ടിക്കുന്നതിനും ചെറിയ തോതിൽ നികുതി ഈടാക്കാവുന്നതാണ്.

## ചെലവുകൾ

ദരിദ്രമായ നമ്മുടെ പഞ്ചായത്തിൽ വിഭവങ്ങൾ ചിലവഴിക്കുന്നത് പ്രത്യുൽപാദനപരമല്ലാത്ത രീതിയിലാണ്. പഞ്ചായത്തിലെ മൊത്തം ചിലവ് 7,00,650 രൂപയാണ്. ഇതിൽ ഭരണപരമായ ചിലവിന് 3,86,068ഉം പൊതുമരാമത്തിന് 2,71,161ഉം വിദ്യാഭ്യാസത്തിന് 18,265ഉം ജലവിതരണം പൊതുജനരോഗ്യം എന്നിവക്ക് 11712ഉം. മറ്റുള്ളവക്ക് 13444 എന്നിങ്ങനെയാണ്. ഇതിൽ മിക്കവയും ചിലവഴിക്കുന്നത് പൊതുമരാമത്തിന്നാണ്. ഉൽപാദനപരമായ കാര്യങ്ങൾക്ക് ഇതു ഉപയോഗിച്ചാൽ വളരെ ഫലപ്രദമായിരിക്കും.

## മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യ വിഭവം തന്നെയാണ്. എല്ലാ ഗ്രാമ സഭാ റിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി, മത, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം സംഭാവന നൽകുക എന്നത് വളരെ മഹത്തായ ഒരു ആശയമാണ്.

പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലം വരുന്നതിന് മുമ്പ് കാവച്ചാലുകൾ ഉണ്ടാക്കി മഴക്കാലത്ത് റോഡ് ചീത്താതയാവാതെ സൂക്ഷിക്കാൻ നാട്ടുകാർ സന്നദ്ധരായാൽ മതി. പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് പി.ടി.എ. സമിതികൾ ഊർജ്ജസ്വലമാക്കണം.

മുകളിൽ എഴുതിയത് മനുഷ്യാദ്ധ്വാനം പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാവുന്ന ചില മേഖലകൾ മാത്രമാണ്. ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ റോഡുണ്ടാക്കുന്നതിനും റോഡുകൾ സംരക്ഷിക്കുന്നതിനും തോടുകൾ വെട്ടുന്നതിനും പരിസരമലിനീകരണം ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ആരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമൊക്കെയുള്ള നിർദ്ദേശങ്ങൾ ഉണ്ട്.

ഒഴൂർ പഞ്ചായത്തിലെ ഗൾഫുകാരായവരുടെ പണം കൂടുതൽ ഉൽപാദന രംഗത്തേക്ക് തിരിക്കാവുന്നതാണ്. പഞ്ചായത്തിന്റെ വികസനത്തിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റു ഗവൺമെന്റു സ്ഥാപനങ്ങളിൽ നിന്നും ലോൺ ഉപയോഗപ്പെടുത്താൻ കഴിയണം.

# ഉപസംഹാരം

നിലവിലുള്ള വികസനത്തിൻെറ പെരായ്മകൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ വികസന നയം ആവിഷ്ക്കരിക്കാൻ ഈ ഗ്രാമം തയ്യാറെടുക്കുന്നു. റോഡും പാലവും കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം ജനങ്ങളിൽ നിലനിൽക്കുന്നു. ഉൽപ്പാദന പ്രകൃയ വികസന വീക്ഷണത്തിൽ നിന്ന് അന്യം നിൽക്കുന്നു. കാർഷിക വ്യാവസായിക മേഘലയുടെ വികസനത്തിലൂടെ സ്വയം പര്യാപ്തമാവുക എന്നതാണ് ഇന്നത്തെ ആവശ്യം.

വികസനരംഗം അഴിമതിരഹിതമാവുകയും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം. ഈ പഞ്ചായത്തിൽ ലഭ്യമാകുന്ന വരുമാനം വികസനപ്രവർത്തനത്തിന് അപര്യാപ്തമാണ്. ആയതിനാൽ സർക്കാൽ സഹായവും മറ്റ് ഏജൻസികളുടെ പങ്കാളിത്തവും പ്രാദേശികമായ സഹായങ്ങളും അത്യാവശ്യമാണ്.

ഒട്ടേറെ പ്രതീക്ഷകളോടെ 9-ാം പഞ്ചവത്സര പദ്ധതിയെ ഈ ഗ്രാമം സ്വാഗതം ചെയ്യുമ്പോൾ സർക്കാറിനെയും സർക്കാരെതര ഏജൻസി കളെയും ആശ്രയിക്കാനും വിദഗ്ദമായ പ്രോജക്റ്റുകൾ തയ്യാറാക്കാടനും സാങ്കേതിക പരിചയമുള്ളവരുടെ സഹായവും ലഭ്യമാക്കണം.

പ്രതിക്ഷയോടെ വികസി മന്ത്രവുമായി മറ്റു പഞ്ചായത്തുകളോടൊപ്പം എത്താനുള്ള പ്രയത്നത്തിൽ പങ്കാളിയായവർക്കും മാർഗ്ഗനിർദ്ദേശം നൽകിയവർക്കും കൃതജ്നത രേഖപ്പെടുത്തുന്നതോടൊപ്പം പരിമിതമായ സമയത്തിനുള്ളിൽ തയ്യാറാക്കിയ ഈ വികസന രേഖയുടെ പരിമിതി മനസ്സിലാക്കിക്കൊണ്ട് തന്നെ ഈ വികസന രേഖ എല്ലാവരുടേയും അംഗീകാരത്തിന് വേണ്ടി സമർപ്പിക്കുന്നു.

**ഒഴൂർ ഗ്രാമപഞ്ചായത്ത്**

**പ്രവർത്തന രേഖ**

1995 ഒക്ടോബർ 2 ന് ഒഴൂർ പഞ്ചായത്ത് ഓഫീസ്

പരിസരത്ത് വെച്ച് നടന്ന ചടങ്ങിൽ പ്രസിഡണ്ട് സി.പി. പോക്കരിൻെറ നേതൃത്ത്വത്തിൽ ഭരണ സമിതി അധികാരത്തിലേറ്റു. കക്ഷിരാഷ്ട്രീയത്തിന്നധീതമായ അഴിമതി രഹിത ഭരണം കാഴ്ച്ചവെക്കുമെന്നും വികസി രംഗത്തുള്ള ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുമെന്നും പഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടി പ്രസിഡണ്ട് പ്രഖ്യാപിച്ചു. പ്രഖ്യാപനം യഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനമാണ് ഗ്രാമത്തിൽ നടന്നുപരുന്നത്. കൃഷിഭവൻെറ കീഴിൽ കർഷകരെ ബോധവൽക്കരിക്കുന്നതിൻെറ ഭാഗമായി പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ നേതൃത്ത്വത്തിൽ ഏകദിന സെമിനാർ നടത്തുകയും സ്കീമുകളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു. സമ്പൂർണ്ണ മധ്യ നിരോധനം നടപ്പിലാക്കുന്നതിന് വേണ്ടി ബോദപൽക്കരണം നടത്തുകയും കാൽനട ജാഥകൾ നടത്തുകയും ചുരങ്ങരയിൽ വെച്ച് ജില്ലാ പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ പൊതുയോഗം നടത്തുകയും ചെയ്തു. ഓണത്തോടനുബന്ധിച്ച് കായിക മേള നടത്തുകയും ഇതിൽ വിജയിച്ച കായിക താരങ്ങളെ ജില്ലാതലം വരര പങ്കെടുപ്പുച്ച് സമ്മാനം നേടുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ഹൈസക്കൂളിലെ എസ്.എസ്.എൽ.സി. ക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും പഞ്ചായത്തിലെ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായ പ്രൈമറി വിദ്യാലയങ്ങൾക്ക് പഞ്ചായത്ത് വക പ്രൊത്സാഹന സമ്മാനവും നൽകി.

ജാപ്പനീസ് പനിയേയും, പോളിയോ നിർമാർജ്ജനത്തേയും കുഷ്ഠരോഗ നിർമ്മാർജനത്തേയും സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ സെമിനാറുകളും ബോധവൽക്കരണവും നടത്തുകയും പകർച്ചവ്യാധികൾക്ക് എതിരെ പ്രധിരോധ നടപടികൾ സ്വീകരിക്കുകയും ആരോഗ്യവകുപ്പിന് കീഴിൽ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പുൽപ്പറമ്പ് എടവണ റോഡ് പാറയിൽ കുളം ഐ.പി.പി. റോഡ്, ഒഴൂർ താനൂർ റോഡ്, പുലിപ്പറമ്പ് മുടങ്ങൽ റോഡ് എന്നിവയുടെ പണികൾ പൂർത്തിയായി കഴിഞ്ഞു.

പഞ്ചായത്തിലെ പട്ടികജാതി കോളനികളായ മണലിപ്പുഴ, കരിങ്കപ്പാറ എന്നിവയിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കരിങ്കപ്പാറ കോളനിയിലെ ഏതാനും വീടുകൾക്ക് കക്കൂസ് നിർമ്മാണവും നടന്നുവരുന്നു.

ഇപ്പോൾ നടക്കാനിരിക്കുന്ന ഒഴുകുളം തനാളൂർ റോഡ്, നാലുംകൂടിയവഴി, പള്ളിപ്പടി റോഡ്, ചുടലപ്പറമ്പ്, ഹരിജൻ കോളനി റോഡ്, തയ്യിൽ ഇടവഴി, ചുരങ്ങര, - വഴിക്കോട്ടിത്തര റോഡ് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.


പഞ്ചായത്തിലെ അതി രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചു വരുന്നു. വികസനപരമായി ഇനിയും ധാരാളം മുമ്പോട്ടുപോകേണ്ട ഗ്രാമത്തിൻെറ സർവ്വോത്മുഖമായ വികസനത്തിന് കക്ഷിരാഷ്ട്രിയ ഭേദമന്യ ജനത ഒറ്റ കെട്ടായി വികസന രാഷ്ട്രീയത്തിൽ പങ്കാളികളായാൽ ഗ്രാമ വികസനത്തിന് നല്ലരു ഭാവിയെ പ്രതീക്ഷിക്കാൻ നമുക്ക് കഴിയും എന്നുറപ്പുണ്ട്. മഹത്തായ ഈ പ്രതീക്ഷ സമീപ കാലത്തുതന്നെ പ്രായോഗ്യത്തിൽ ആകുമെന്ന പ്രത്യാശയോടെ ഈ വികസന രെഖ ഒഴൂർ ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ വിശദമായ ചർച്ചകൾക്കും പരിഷ്ക്കരണത്തിനും വേണ്ടി സമർപ്പിക്കുന്നു.

ഒഴൂർ പഞ്ചായത്തിലെ പരാധീനതകളുടെ നടുക്കളത്തിൽ നിന്നുകൊണ്ട് ഒരു നല്ല നാളെയുടെ വരവേൽപ്പിന് വേണ്ടി നിസ്വാർത്ഥസേവകരായി പണിപ്പുരയുടെ അകത്തും പുറത്തും സേവനമനുഷ്ടിച്ച് അഭ്യുദയകാംഷികൾക്ക് ഇവിടെ വികസനത്തിൻെറ പൊൻ പുലരി വിരിയുമെന്ന് പ്രത്യാശിക്കാം.

ഒഴൂർ പഞ്ചായത്തിൻെറ വികസന രേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാകമ്പോൾ കയ്യും മെയ്യും മറന്ന്കൊണ്ട് നമുക്ക് മുന്നേറാം.

Printed at:
C. H. PRINTING WORKS, VENNIYUR.

# അധികാരം ജനങ്ങൾക്ക്



- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം